2009 ഏപ്രിൽ
ഹി.ശ 1388 - ശഹാദത്ത്
1430 റ: ഉൽ ആവർ -
ജ: ഉൽ അവ്വൽ
പുസ്തകം 81 ലക്കം 4
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

ലേഖനം

6 ***ഇസ്‌ലാം സമാധാന മാർഗ്ഗം***
ഹദ്റത്ത് അഹ്മദ് (അ)

11 ***ദൈവപുത്രത്വത്തിലെ യുക്തിഭംഗങ്ങൾ***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

16 ***മതവൈവിധ്യങ്ങളും മതസൗഹാർദ്ദവും***
ഷിറാസ് അഹ്മദ്

19 ***പ്രപഞ്ച സംവിധാനവും സൃഷ്ടിപ്പിന്റെ യാഥാർത്ഥ്യവും***
മഹ്മൂദ് കൽക്കുളം

22 ***അബ്ബാസികളുടെ നേട്ടങ്ങൾ***
ഏ.എം. മുഹമ്മദ് സലീം

26 ***സുലൈമാൻ നബി(അ)യുടെ സൈന്യവും 'ഹുദ് ഹുദ്' എന്ന വ്യക്തിയും***
എം.എസ്.

28 ***വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)ന്റെ സ്ഥാനം***
അത്താഉല്ലാ കലിം

32 ***മനുഷ്യന്റെ ഗോത്രഭാഷാവൈവിധ്യങ്ങൾ***
ഏ.ക്യു. മഹ്ദി

34 ***ക്രിസ്ത്യൻ മിഷനറിമാരുടെ ആക്രമണവും വാഗ്ദത്ത മസീഹിന്റെ പ്രതിരോധവും***
വലീദ് അഹ്മദ്

ഖുത്ബ

7 ***പാകിസ്താൻ: അല്ലാഹുവിന്റെ വിധി ആസന്നം***
ഖലീഫത്തുൽ മസീഹ്

കവിത

14 ***നബികീർത്തനം***
ഡോ. മുബാറക്കാ മുഹമ്മദ്

കുറിപ്പുകൾ

40 ***പാകിസ്താൻ : നമുക്ക് കാത്തിരുന്ന് കാണാം***

41 ***വാർത്തകൾ, അനുസ്മരണം***

മുഖചിത്രം :
**കീർമാനിലെ (മദ്ധ്യേഷ്യ) ജുമുഅ മസ്ജിദിന്റെ കവാടം**

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ് Mob: 9895308227
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob: 9895263384
**മാനേജർ** : അഹമ്മദ് ഹസ്സൻ Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut - 1.

**2009 April** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 4**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്

പുനരുത്ഥാന നാളിനെക്കുറിച്ച് അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിപറയുന്നവരുടെ ഭാവനയെന്താണ്? തീർച്ചയായും അല്ലാഹു മനുഷ്യരോട് ഔദാര്യമുള്ളവനാണ്. എന്നാൽ അധികപേരും നന്ദി കാണിക്കുന്നില്ല.

*(10:61)*


## നബിവചനം

നിങ്ങളെല്ലാം പരസ്പരം സഹോദരന്മാരാകുന്നു. എല്ലാവരും തുല്യരും നിങ്ങളിൽ ആർക്കും ആരുടെ മേലും ഒരു മേന്മയും വിശേഷാധികാരവും അവകാശപ്പെട്ടുകൂടാ. ഒരറബിക്ക് അനറബിയുടെ മേൽ യാതൊരു മഹത്വവുമില്ല. അറബിയല്ലാത്ത ഒരാൾക്ക് അറബിയുടെ മേലുമില്ല. വെളുത്തവന് കറുത്തവന്റെ മേലോ കറുത്തവന് വെളുത്തവന്റെ മേലോ യാതൊരു ഔന്നത്യവുമില്ല. സാത്വികതയുടെ അടിസ്ഥാനത്തിലല്ലാതെ.

*(ബുഖാരി)*

# ഐക്യത്തിലേക്ക് വരുവിൻ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**



സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിന്നായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്തു പലതരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു: മനുഷ്യർ അവരുടെ ദുർവൃത്തികളിൽ നിന്നു വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചു ദൈവത്തോട് ക്ഷമ യാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിനു ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്തു ഒഴിഞ്ഞു പോകുന്നതിനു മുമ്പേ മറ്റൊരു ഭയങ്കരനാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യർ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി. 'അഹോ!' ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപ്പെട്ടവരെപ്പോലെയായി ഭവിക്കും.

*(മൈത്രി സന്ദേശം)*

മുഖക്കുറിപ്പ്

# രാഷ്ട്രീയം : ചില അടിസ്ഥാന പ്രശ്നങ്ങൾ

മനുഷ്യന്റെ ഭൗതികവും സാമൂഹികവുമായ ജീവിതം ക്ഷേമകരമാക്കി തീർക്കാൻ മനുഷ്യനുണ്ടാക്കിയ ഒരു കൃത്രിമ സ്ഥാപനമാണ് രാഷ്ട്രം. അത് സമ്മർദ്ദ സ്വഭാവമുള്ളതും അധികാരത്തിന്റെ പിൻബലത്തിൽ മാത്രം അർത്ഥപൂർണ്ണമാകുന്നതുമാണ്. എന്നാൽ സമൂഹം എന്നത് സ്വാഭാവികമായുണ്ടാവുന്നതും അയവുള്ളതും പ്രകൃതിയോട് കൂടുതൽ ഇണങ്ങിനില്ക്കുന്നതുമാണ്. കുടുംബം, ഗോത്രം, ഭാഷ, എന്നീ പ്രകൃതിശക്തികളും, ഭക്ഷണരീതി, വസ്ത്രധാരണം, ആചാരങ്ങൾ, മുതലായ സാംസ്കാരിക ഘടകങ്ങളുമാണ് സമൂഹത്തെ നിർമ്മിക്കുന്നത്. അതായത് വ്യക്തിത്വമുള്ള മനുഷ്യരുടെ കൂട്ടായ്മയാണ് സമൂഹം. എന്നാൽ നിയമപരമായി നിർവ്വചിക്കപ്പെടുന്ന പൗരന്മാരുടെ സമൂഹമാണ് രാഷ്ട്രമായി രൂപാന്തരപ്പെടുന്നത്. ഒരു ദേശവും പരമാധികാരവും രാഷ്ട്രത്തിന്റെ അവശ്യഘടകമാണ്. രാഷ്ട്രത്തേയും സമൂഹത്തേയും താരതമ്യം ചെയ്യുമ്പോൾ സമൂഹത്തിനാണ് സ്ഥിരതയും സ്ഥായി ഭാവവുമുള്ളത്. രാഷ്ട്രം സമൂഹത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥാപനം മാത്രമാണ്. രാഷ്ട്രത്തിന്റെ ചട്ടുകങ്ങൾ പൊളിച്ചു മാറ്റാവുന്നതും രൂപാന്തരപ്പെടുത്താവുന്നതുമാണ്. എന്നാൽ സമൂഹം കൂടുതൽ സ്ഥൈര്യമുള്ളതും വിശാലവും വളരെ സാവകാശത്തിൽ മാത്രം പരിണമിക്കുന്നതുമാണ്.

അധികാരത്തിന്റെ ബലത്തിൽ മാത്രം പ്രസക്തമാവുന്ന രാഷ്ട്രം സ്വാഭാവികമായും സമ്മർദ്ദ സ്വഭാവമുള്ള ഒരു നിയമ സ്ഥാപനമാണ്. രാഷ്ട്രത്തിന് ഏറ്റവും അനുയോജ്യമായതും ഉദാത്തവുമായ പ്രവർത്തനരീതിയാണ് ജനാധിപത്യം. രാഷ്ട്രത്തിന്റെ കഠിനസ്വഭാവം ജനാധിപത്യം മാർദ്ദവമുള്ളതാക്കി മാറ്റുന്നു. ജനകീയ ഭൂരിപക്ഷത്തിന്റെ മഹാസമുദ്രത്തിൽ ന്യൂനപക്ഷ സമൂഹങ്ങൾക്ക് സുരക്ഷാ ദ്വീപുകൾ തീർക്കുന്നതും വ്യക്തികളുടെയും സമൂഹങ്ങളുടേയും മതവും സംസ്കാരവും അവകാശങ്ങളും ജീവിതോപാധികളും സംരക്ഷിച്ചു നിർത്തുന്നതും ജനാധിപത്യത്തിന്റെ സുവിദിത മൂല്യങ്ങളാണെന്ന് നാമോർക്കണം. അതുകൊണ്ട് ജനാധിപത്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കേണ്ടതാണ്. എല്ലാറ്റിനുമുപരി ജനാധിപത്യം നിരങ്കുശമായും അർത്ഥപൂർണ്ണമായും പ്രവർത്തിക്കണമെങ്കിൽ സമൂഹം ധാർമ്മികമായ ഔന്നത്യം നേടിയിരിക്കണം.

മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധമാണ് എപ്പോഴും വിവാദങ്ങൾ സൃഷ്ടിക്കുന്നത്. മതങ്ങൾ രാഷ്ട്രവുമായല്ല മറിച്ച് സമൂഹവുമായാണ് ഇടപഴകേണ്ടത്. ഈ ലോകവും പരലോകവുമുൾക്കൊള്ളുന്ന സമഗ്രമായ മനുഷ്യജീവിതത്തെ ഉൾക്കൊള്ളുന്ന മതത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തന സമ്പ്രദായവും തികച്ചും വ്യത്യസ്തവും, രാഷ്ട്രത്തേക്കാൾ ഉദാത്തവും ഉന്നതവുമാണ്. അധികാരത്തിലധിഷ്ഠിതമായ രാഷ്ട്രം ശക്തിയിലൂടെയും ആജ്ഞാപനത്തിലൂടെയുമാണ് ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നത്. ആയതിനാൽ രാഷ്ട്രവും രാഷ്ട്രവ്യവഹാര മേഖലയും ഒരിക്കലും മതങ്ങൾക്ക് ഇടപെടാൻ പറ്റിയ വേദിയല്ല. രാഷ്ട്രത്തിന്റെ അടിസ്ഥാന സ്വഭാവവുമായി മതം ഒരിക്കലും ഒത്തുപോകില്ല. മതത്തെ ഒരിക്കലും രാഷ്ട്രമാക്കി പരിവർത്തിപ്പിക്കാൻ സാധ്യമല്ല. അതുകൊണ്ടാണ് മതകക്ഷികളോ മതത്തിന്റെ പ്രതിഛായയുള്ള കക്ഷികളോ രാഷ്ട്രീയത്തിൽ പ്രവേശിക്കരുതെന്ന് പറയുന്നത്. അധികാരവും ആയുധവുമുള്ള രാഷ്ട്രത്തെ വൈകാരികവും പലപ്പോഴും യുക്തിക്കതീതവുമായ മതങ്ങൾ കൈയിലെടുക്കുന്നത് അപകടകരമാണ്. മതവും രാഷ്ട്രവും തമ്മിലുള്ള ഇത്തരം അവിശുദ്ധ ബാന്ധവത്തിൽ നിന്നും രണ്ടും കെട്ട മനുഷ്യത്വവിരുദ്ധവുമായ ഒരു വൈകൃതമായിരിക്കും ജനിക്കുക.

രാഷ്ട്രം മതേതരമായിരിക്കണം. മതം ചേർന്നുനിൽക്കുന്നത് സമൂഹത്തോടാണ്. മതവും, സംസ്കാ

*(ശേഷം 18-ൽ)*

ഹദ്റത്ത് അഹ്മദ് (അ)

# ഇസ്ലാം സമാധാന മാർഗ്ഗം

ഇക്കാലത്ത് അമുസ്ലിം ഭരണാധിപന്മാർ ഇസ്ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നതു പ്രത്യക്ഷമാണ്. ഇസ്ലാമിന്റെ അടിസ്ഥാന കർമാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. പുതുമുസ്ലിംകളെ അവർ കൊന്നുകളയുന്നില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ അവർക്കെതിരെ ഇസ്ലാമിന്റെ വാൾ എന്തിനു ചുഴറ്റപ്പെടണം? മതകാര്യത്തിൽ ബലപ്രയോഗത്തെ ഇസ്ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും, കഴിയുന്നേടത്തോളം ശ്രദ്ധാപൂർവ്വം പഠിക്കുകയും ചെയ്കയാണെങ്കിൽ, മതധർമം പരത്താനായി ഇസ്ലാം വാൾ ചുഴറ്റിയെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല. ഖുർആനും ഹദീസുകളും വിശ്വാസ്യങ്ങളായ ഇസ്ലാമിക ചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലാത്തവരാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അവർ പച്ചക്കള്ളങ്ങൾ തോന്നിയപോലെ കൂട്ടിക്കലർത്തിക്കൊണ്ടു തെറ്റായ ആരോപണങ്ങൾ തൊടുത്തുവിട്ടു. എന്നാൽ, ഈ ആരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആ ത്മാർത്ഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിശപ്പും അകറ്റാനുള്ള സമയമടുത്തിരിക്കുന്നു എന്നു എനിയ്ക്കറിയാം. ഖുർആൻ എന്ന വിശുദ്ധഗ്രന്ഥം 'ലാ ഇക് റാഹ ഫി ദ്ദീൻ' "മതത്തിൽ ബലാൽക്കാരമില്ല" – അതായത്, മതത്തിൽ പ്രവേശിക്കുന്ന കാര്യത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല – എന്നു വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിരിക്കെ, ആ ഇസ്ലാം മതധർമ്മത്തെപ്പറ്റി ബലപ്രയോഗത്തിന്റെ മതമെന്നു പറയാമോ? പരിശുദ്ധ മക്കയിൽ പതിമൂന്നുകൊല്ലക്കാലം തിന്മയെ തിന്മ കൊണ്ടു നേരിടരുതെന്നും ക്ഷമയും സഹനവും കൈക്കൊള്ളണമെന്നും തന്റെ സഖാക്കളോടും സ്നേഹിതരോടും രാവും പകലുമായി ഉപദേശിച്ചുകൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യാത്മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതായുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ? എന്നാൽ, ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരുകടന്നപ്പോൾ ഇസ്ലാം ധർമ്മത്തെ വേരോടെ നശിപ്പിക്കാനായി സകലശക്തികളും ഒന്നിച്ചു ചേർന്നു ശ്രമിച്ചപ്പോൾ, 'വാളുയർത്തിയവൻ വാളാൽ നശിക്കണം' എന്ന നിർബന്ധത്തിൽ ദൈവത്തിന്റെ അഭിമാനബോധം തിളച്ചുമറിയുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നൽകിയിട്ടില്ല. ബലപ്രയോഗത്തിന്റെ പാഠം നൽകിയിരുന്നെങ്കിൽ നമ്മുടെ നബിനായകർ (സ) തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷാഘട്ടങ്ങളിൽ ആത്മാർത്ഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജ്ജവം കാണിക്കാൻ പ്രാപ്തരായിത്തീരുമായിരുന്നില്ല. നമ്മുടെ നബിനായകർ (സ) തിരുമേനിയുടെയും സഹാബാക്കളുടെയും ആത്മാർത്ഥത ഇവിടെ എടുത്തുപറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും തുല്യത കാണാൻ കഴിയാത്തതരത്തിലുള്ളതത്രെ. ഖഡ്ഗങ്ങൾക്ക് കീഴിലും അവർ തങ്ങളുടെ ആത്മാർത്ഥതയും സത്യസന്ധതയും കൈയൊഴിച്ചില്ല. സുദീപ്തമായ ഹൃദയത്തിൽ നിന്നും മനസ്സിൽ നിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർത്ഥതയും അവർ പരിശുദ്ധ നബിയുടെ സാന്നിദ്ധ്യത്തിൽ പ്രദർശിപ്പിച്ചു. ചുരുക്കത്തിൽ, ഇസ്ലാമിൽ ബലപ്രയോഗത്തിന്നു ഒരു സ്ഥാനവുമില്ല.

*(മസീഹ് ഹിന്ദുസ്ഥാൻ മെ)*

ഖുത്ബ

ഖലീഫത്തുൽ മസീഹ്
20-3-2009ൽ നിർവ്വഹിച്ചത്

# പാകിസ്താൻ: അല്ലാഹുവിന്റെ വിധി ആസന്നം

**അഹ്മദികളുടെ രക്തം വീണ പാകിസ്താൻ രക്ഷപ്പെടുമെന്ന് കരുതേണ്ട അല്ലാഹുവിന്റെ പ്രതികാരം കാത്തിരിക്കുക.**

മൗദൂദി സാഹിബ് പറയുന്നത്: 'മുസ്‌ലിംകൾ കൂടുതലുള്ള പ്രദേശത്ത് നിന്ന് ഹിന്ദുക്കൾ ഒഴിഞ്ഞു പോകണമെന്നും അങ്ങനെ അവിടെ ജനാധിപത്യഭരണം സ്ഥാ പിക്കപ്പെടണമെന്നും അതുമുഖേന ഹുകൂമത്തെ ഇലാഹി സ്ഥാപിതമാകുമെന്നുമാണ് അപ്രകാരം ആഗ്രഹിക്കുന്നവർ തെറ്റിദ്ധാരണയിൽ അകപ്പെട്ടിരിക്കുകയാണ്. ഇതു മുഖേന മുസ്‌ലിംകളുടെ അമുസ്‌ലിം ഭരണകൂടമായിരിക്കും സംജാതമാവുക. അതിനെ ഹുകൂമത്തെ ഇലാഹി എന്ന് വിളിക്കുന്നത് ഈ പരിശുദ്ധ നാമത്തെ അവഹേളിക്കലാണ്.'

എന്നാൽ ഇന്ന് ഇത്തരം അമുസ്‌ലിം ഭരണം സൃഷ്ടിക്കാനാണ് ഇവരെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രസ്താവനകളിൽ നിന്നും ജസ്റ്റിസ് മുനീറിന്റെ റിപ്പോർട്ടുകളിൽ നിന്നും പാക്കിസ്താൻ സ്ഥാപനത്തിൽ ഈ മുല്ലാക്കളുടെ പങ്ക് എന്തായിരുന്നുവെന്ന് വ്യക്തമാണ്. പാക്കിസ്താന്റെ എല്ലാമെല്ലാം തങ്ങളാണ് എന്നാണിവർ ഇന്ന് വാദിക്കുന്നത്. വരുന്ന ഗവൺമെന്റുകളെല്ലാം തന്നെ മുല്ലാക്കൾ ഒരു വലിയ ശക്തിയാണെന്ന് കരുതി അവരുമായി സഖ്യമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. മുല്ലാക്കളുടെ അജണ്ടയിൽ പ്രഥമസ്ഥാനത്തുള്ളത് അഹ്മദികൾക്കെതിരിൽ എന്ത് ചെയ്യാൻ സാധിക്കും അതെല്ലാം ചെയ്യുക എന്നതാണ്. 1953ൽ കുഴപ്പങ്ങളുണ്ടാക്കി. അന്ന് നീതിഷ്ഠയുള്ള ചിലർ ഉണ്ടായിരുന്നു. അതുകൊണ്ട് മൗലവിമാരുടെ ആഗ്രഹങ്ങൾ സാധിച്ചില്ല. എന്നാൽ 1974ൽ അന്നുള്ള ഗവൺമെന്റ് ഇസ്ലാമിന്റെ പേരിൽ മൗലവിമാരുടെ കൂടെക്കൂടി അഹ്മദികളോട് കാണിച്ച അക്രമപ്രവർത്തനങ്ങളെക്കുറിച്ച് വരുംകാല ചരിത്രകാരന്മാർ പാക്കിസ്താന്റെ ഒരു കറുത്ത അദ്ധ്യായമായി എഴുതിച്ചേർക്കുന്നതാണ്. 1984ൽ 74ൽ ഉണ്ടാക്കിയ കരിനിയമത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അന്നത്തെ ക്രൂരനായ ഭരണാധികാരി അത് അസംബ്ലിയിൽ പാസ്സാക്കുകയുണ്ടായി. അഹ്മദിയ്യത്തിനെ നശിപ്പിക്കുന്നതിനായി ആ നിയമത്തെ അതിക്രൂരമാക്കുകയാണ് ചെയ്തത്. അഹ്മദിയ്യത്താകുന്ന ഈ ക്യാൻസറിനെ ഞാൻ അവസാനിപ്പിക്കുന്നതാണെന്ന് വീരവാദം മുഴക്കുകയും ചെയ്തു. എന്നിട്ടെന്തുണ്ടായി? അഹ്മദിയ്യത്ത് വിജയത്തിനുമേൽ വിജയം കൈവരിച്ചുകൊണ്ട് മുന്നേറുകയാണ്. എന്നാൽ അവരെവിടെപ്പോയെന്ന് അറിയില്ല. അതുമല്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയുടെ ചക്കിലിട്ട് ഇപ്പോൾ അവർ ആട്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ എല്ലാ മർദ്ദനങ്ങളും ഉണ്ടായിട്ടുകൂടി ഖിലാഫത്തിന്റെ ബർക്കത്ത് കൊണ്ടും ഒരു കയ്യിൽ ഐക്യപ്പെട്ടതുകൊണ്ടും അല്ലാഹുവിന്റെ സഹായത്താൽ എല്ലാ പരീക്ഷണഘട്ടങ്ങളിൽ നിന്നും അവൻ ജമാഅത്തിനെ കരകയറ്റുകയുണ്ടായി. സഹനത്തിന്റെ ഉത്തമ മാതൃകയാണ് ആ അവസരത്തിൽ ജമാഅത്ത് കാഴ്ച വെച്ചത്. ഇന്നും അതേ മാതൃക നിലനിർത്തിക്കൊണ്ടിരിക്കുന്നു. ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നത് കൊണ്ടാണ് ഈ അനുഗ്രഹങ്ങളെല്ലാം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈക

ളിൽ ബൈഅത്ത് ചെയ്തവർ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട് എന്നതിനുള്ള തെളിവുകളാണ് ഇവയെല്ലാം. പാക്കിസ്താനിൽ ഇന്ന് നിലവിലുള്ള കേന്ദ്ര സംസ്ഥാന ഗവൺ മെന്റുകൾ മനസ്സിലാക്കേണ്ടത് അവർ പാക്കിസ്താന്റെ നിലനിൽപ്പ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ – (ഇതിനായി ഓരോ അഹ്മദിയും സദ്പ്രകൃതക്കാരനും പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു) – ഖാഇദെ അഅ്സം കെട്ടിപ്പടുക്കാൻ ഉദ്ദേശിച്ച പാക്കിസ്ഥാനെ സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്. അതല്ലാതെ മതത്തിന്റെ പേരും പറഞ്ഞ് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും മതിലുകൾ തീർക്കുകയല്ല വേണ്ടത്. ഖാഇദെ അഅ്സം പറയുന്നു: 1947 –ലെ നിയമനിർമ്മാണ അസംബ്ലിയിലെ അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം പറയുന്നു: പാക്കിസ്താൻ എന്ന മഹാരാജ്യത്തെ ക്ഷേമകരമാക്കി മാറ്റാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കായി നമ്മുടെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് സാധാരണക്കാരും ദരിദ്രരുമായവരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സഹവർത്തിത്വത്തോടും സഹകരണത്തോടും കൂടി പ്രവർത്തിക്കുകയാണെങ്കിൽ കുറഞ്ഞ കാലയളവിനുള്ളിൽ പ്രാദേശികത്വം, വർഗ്ഗീയത എന്നിവയുടേയും മറ്റു വിദ്വേഷങ്ങളുടേയും ചങ്ങലകൾ തകർന്നുപോകുന്നതാണ്. വിഭാഗീയതയില്ലാത്ത ഒരു രാജ്യമായി ഈ രാജ്യം മാറുന്നതാണ്. ഒരു കക്ഷിക്ക് മറ്റൊരു കക്ഷിയിൽ നിന്ന് ഒരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല. പൗരൻ എന്ന നിലക്കും ആശയങ്ങളുടെ പേരിലും ഒരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല. നാം ഒരു നാട്ടിലെ തുല്യാവകാശമുള്ള പ്രജകളാണെന്ന അടിസ്ഥാനതത്വത്തിൽ ഇവിടെ പ്രവർത്തിക്കുന്നവരായിരിക്കും. നിങ്ങളുടെ ക്ഷേത്രങ്ങളിൽ പോകുന്നതിന് നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. നിങ്ങളുടെ പള്ളികളിൽ പോകുന്നതിൽ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. പാക്കിസ്താന്റെ അതിർത്തിക്കുള്ളിൽ ഏത് ആരാധനാലയത്തിലും പോകാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. നിങ്ങൾ ഏതു മതസ്ഥനാണെങ്കലും നിങ്ങളുടെ വിശ്വാസം എന്തുതന്നെയാണെങ്കിലും നിങ്ങൾ ആരുമായും ബന്ധപ്പെടുന്നുണ്ടെങ്കിലും ഇതിന് ഈ രാഷ്ട്രത്തിന്റെ നിയമവുമായി ഒരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല. ഈ ഒരു കാര്യം അടിസ്ഥാനമാക്കിക്കൊണ്ട് നാം പ്രവർത്തിക്കണമെന്നാണ് എന്റെ കാഴ്ചപ്പാട്. ഇങ്ങനെ നാം മുന്നോട്ട് പോവുകയാണെങ്കിൽ ഹിന്ദു ഹിന്ദു അല്ലാതെയായിത്തീരും. മുസ്‌ലിം മുസ്‌ലിമല്ലാതായിത്തീരും. മതവീക്ഷണത്തിലല്ല ഞാനിതു പറയുന്നത്. കാരണം മതവിശ്വാസം ഓരോരുത്തരുടെയും വ്യക്തിപരമായ കാര്യമാണ് ഞാൻ പറയുന്നത് ദേശീയതയുടെ അടിസ്ഥാനത്തിലാണ്. ഒരു രാഷ്ട്രത്തിലെ തുല്ല്യാവകാശമുള്ള പൗരന്മാർ എന്ന നിലക്ക് നാമെല്ലാം തുല്യരായിരിക്കും' എന്നാണ്.

ഈ ഒരു കാഴ്ചപ്പാടാണ് ഖാഇദെ അഅ്സം മുന്നോട്ട് വെച്ചത്. എന്നാൽ 1974ലെ അസംബ്ലി തികച്ചും ഇതിനു വിരുദ്ധമായാണ് പ്രവർത്തിച്ചത്. ഒരാളുടെ വിശ്വാസവും മതവും ആരാധനാരീതികളും നിശ്ചയിക്കുക എന്നത് ഒരു അസംബ്ലിയുടെ ജോലിയല്ല. പാക്കിസ്താൻ ഭരണകൂടം ഈ അടിസ്ഥാന തത്വം മനസ്സിലാക്കി പ്രവർത്തിക്കുന്ന ആ ദിവസമായിരിക്കും പാക്കിസ്താന്റെ വിജയത്തിനുള്ള പുതിയ വഴികൾ നിർണ്ണയിക്കുന്ന ദിനം. അന്നാണ് വർഗ്ഗീയതയുടെയും സാമുദായികതയുടേയും മതിലുകൾ ഇടിഞ്ഞുവീഴുന്ന ദിനം. ഖാഇദെ അഅ്സം വിഭാവന ചെയ്ത സമത്വ സുന്ദരമായ പാക്കിസ്താൻ അപ്പോഴായിരിക്കും നിലവിൽ വരിക. അതുകൊണ്ട് സ്വന്തം ചരിത്രത്തിൽ നിന്നും നേതാക്കന്മാർ പാഠം ഉൾകൊള്ളേണ്ടതാണ്. ആരുടെയെങ്കിലും മതത്തിന്റേയോ മതത്തിന്റെ വിവിധ വിഷയങ്ങളെക്കുറിച്ചോ തീരുമാനമെടുക്കാനും സ്വന്തം വിശ്വാസങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാനും ഒരിക്കലും ഇസ്ലാം അനുവാദം തരുന്നില്ല. മുസ്‌ലിംകൾക്ക് ഒരു പ്രത്യേക രാഷ്ട്രം നേടിക്കൊടുത്ത ആ മഹദ്വ്യക്തിയും അത് അനുവദിക്കുന്നില്ല. ഒരു പൗരൻ എന്ന നിലക്ക് ഓരോ പാക്കിസ്ഥാൻ പൗരനും അവന്റേതായ അവകാശങ്ങൾ നൽകേണ്ടതാണ്. വോട്ട് ചെയ്യാനുള്ള അവകാശവും ജോലി ചെയ്യാനുള്ള അവകാശവും മതവിശ്വാസം സ്വീകരിക്കാനും ഉപേക്ഷിക്കാനുമുള്ള അവകാശവും എല്ലാവർക്കും നൽകേണ്ടതാണ്. നിയമം എല്ലാവർക്കും തുല്യമായിരിക്കേണ്ടതാണ്. എല്ലാവർക്കും തുല്യാവകാശം ലഭിക്കുകയാണെങ്കിൽ രാഷ്ട്രത്തിൽ സമാധാനാന്തരീക്ഷം നിലനിർത്തപ്പെടുന്നതാണ്.

1974ൽ എടുത്ത തീരുമാനത്തിൽ അതിന് ശേഷം ഭേദഗതികൾ വരുത്തുകയുണ്ടായി. 1984ൽ അതിന്റെ അടിസ്ഥാനത്തിൽ അഹ്മദികൾക്കെതിരിൽ നടപടികൾ സ്വീകരിച്ചതിനുശേഷം രാഷ്ട്രം അധോഗതിയിലേക്ക് പോവുകയല്ലാതെ അഭിവൃദ്ധിയിലേക്ക് പോയിട്ടില്ല യാഥാർത്ഥ്യത്തിൽ നിന്നും പാഠം ഉൾകൊള്ളേണ്ടതാണ്. ഒരടി മുന്നോട്ട് പോ

കുമ്പോൾ മൂന്നടി പിന്നോട്ട് വന്നു കൊണ്ടിരിക്കുന്നു. എല്ലാവിധ അക്രമങ്ങളും അഹ്മദികൾക്കെതിരിൽ നടന്നു കൊണ്ടിരിക്കുന്നു. എന്നിട്ടും രാഷ്ട്രത്തിന്റെ ഉന്നമനത്തിനായി അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ അഹ്മദികൾക്ക് നഷ്ടം വരുത്താൻ ശ്രമിക്കുന്നവർ ഒന്നോർക്കണം. അല്ലാഹുവിന്റെ വിധി ഒരു ദിവസം നിങ്ങളോട് തീർച്ചയായും പ്രതികാരം ചെയ്യുന്നതാണ്. നിയമത്തിന്റെയും ഇസ്‌ലാമിന്റെയും പേരും പറഞ്ഞ് എന്നും അഹ്മദികളെ ശഹീദാക്കിക്കൊണ്ടിരിക്കുന്നു. ഈ രക്തം ഒരിക്കലും പാഴായിപ്പോകുന്നതല്ല. അല്ലാഹു പറയുന്നു.

*മനഃപൂർവ്വം ആരാണോ ഒരു വിശ്വാസിയെ വധിക്കുന്നത് അതിനുള്ള ശിക്ഷ നരകമാകുന്നു. അതിൽ അവർ ഒരു ദീർഘകാലം വസിക്കുന്നതാണ്. അല്ലാഹു അവരോട് കോപിച്ചിരിക്കുന്നു. അവരെ അവൻ ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് വേണ്ടി അവൻ കഠിന ശിക്ഷ ഒരുക്കിവെച്ചിരിക്കുകയും ചെയ്തിരിക്കുന്നു.*

ഈ കാര്യം നിങ്ങൾ എപ്പോഴും ഓർത്തിരിക്കുക. അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടുക.

അഹ്മദികൾ വിശ്വാസികളല്ല എന്നവർ പറയാറുണ്ട്. ഹദീസിൽ വന്നിരിക്കുന്നു. വിശ്വാസത്തിന്റെ ഏറ്റവും ശ്രേഷ്ഠമായത് **ലാഇലാഹ ഇല്ലല്ലാഹ്** എന്ന് പറയലാണ്. ഇവിടെ കലിമപോലും പൂർണ്ണമായി പറയുന്നില്ല. തിരുനബി(സ) അരുളി. **ലാഇലാഹ ഇല്ലല്ലാഹ്** എന്ന് പറയുന്നതാണ് ഏറ്റവും ശ്രേഷ്ഠമായ ഈമാൻ. അതോടൊപ്പം ഒരു സഹാബിയുടെ സംഭവവും നാം ഓർക്കണം. ഒരു സഹാബി യുദ്ധം നടന്നു കൊണ്ടിരിക്കുമ്പോൾ ശത്രുവിനെ കീഴ്പ്പെടുത്തി. വധിക്കാൻ വാളുയർത്തിയ സന്ദർഭത്തിൽ അയാൾ കലിമ ചൊല്ലുകയുണ്ടായി. എന്നിട്ടും ആ സഹാബി അയാളെ വധിച്ചു. ഈ സംഭവം തിരുനബി(സ)യുടെ അടുത്തെത്തിയപ്പോൾ തിരുനബി(സ) ശക്തമായ ഭാഷയിൽ ആ സഹാബിയോട് ചോദിച്ചു. അദ്ദേഹം നിന്നെ ഭയന്നുകൊണ്ടാണ് കലിമ ചൊല്ലിയതെന്ന് പറയാൻ നിനക്കെന്ത് അവകാശം? നീ അദ്ദേഹത്തിന്റെ ഹൃദയം പിളർത്തി നോക്കിയിരുന്നോ? ആ സഹാബി പറയുന്നു: തിരുനബി(സ) ഇത്രമാത്രം കോപിച്ചിരിക്കുന്നത് കണ്ടപ്പോൾ ഞാൻ മനസ്സിൽ കരുതി. ഇതിനു മുമ്പ് ഞാൻ മുസ്‌ലിം ആയിരുന്നില്ലെങ്കിൽ എത്ര നന്നായേനേ.

യാഥാർത്ഥ്യം ഇതായിരിക്കെ, സ്വന്തം വ്യാഖ്യാനങ്ങൾ നടത്തി കലിമ ചൊല്ലുന്നവരെ ഇവർ വധിച്ചുകൊണ്ടിരിക്കുന്നു. ശഹീദാക്കിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ അതിക്രൂരമായ രീതിയിൽ മുൽത്താനിൽ ദമ്പതികളായ രണ്ട് യുവ ഡോക്ടർമാരെ ശഹീദാക്കുകയുണ്ടായി. കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചു എന്നതുമാത്രമായിരുന്നു അവരുടെ തെറ്റായി ഇവർ ആരോപിച്ചത്. ഇരുവരും ജനപ്രിയ ഡോക്ടർമാരായിരുന്നു. ഡോക്ടർ ശിറാസ് സാഹിബിന് 37 വയസ്സും ഡോക്ടർ നൗറീൻ ശിറാസിന് 28 വയസ്സുമാണ് പ്രായം. എനിക്ക് തോന്നുന്നത് സ്ത്രീകളുടെ ശുഹദാക്കളിൽ ഏറ്റവും പ്രായം കുറഞ്ഞ ശഹീദ ഇവരാണെന്നാണ്. ജനങ്ങൾക്ക് വളരെ ഉപകാരികളായ, സൃഷ്ടിസേവനം ചെയ്യുന്ന, ഇക്കൂട്ടരിൽപ്പെട്ടവരുടെ തന്നെ രോഗികൾക്ക് സേവനം ചെയ്യുന്ന ഈ മനുഷ്യസ്നേഹികളെ അതിക്രൂരമായ രീതിയിലാണ് ഇവർ ശഹീദാക്കിയിരിക്കുന്നത്. എതിരാളികൾ ഓർത്തിരിക്കേണ്ട ഒരു കാര്യം അഹ്മദികൾ ചില ലക്ഷ്യങ്ങൾക്കായാണ് ശഹീദാകുന്നത്. എന്നാൽ ഹദ്റത്ത് റസൂൽ (സ)ന്റെ പ്രേമിയുടെ ആഗമനത്തോടുകൂടി വെളിപ്പെട്ട സത്യത്തെ നിഷേധിച്ചതിന്റെ ഫലമായി നാട്ടിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന അശാന്തി കാരണമായി ഡസൻ കണക്കിന് നിരപരാധികളാണ് വധിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതും അല്ലാഹുവിന്റെ പ്രതികാര നടപടികളിൽപെട്ടതാണ്. ഇതിന്റെയെല്ലാം പ്രതികരണം എന്തായിരിക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. ദൈവഭയം ഇവർക്ക് തീരെ ഇല്ല. അല്ലാഹു ഇവരോട് കരുണ ചൊരിയുമാറാകട്ടെ.

കഴിഞ്ഞ ദിവസങ്ങളിൽ ഗവൺമെന്റിനോടും സൈന്യത്തോടും ഏറ്റുമുട്ടൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അവസാനം ഗവൺമെന്റ് ആയുധം വെച്ച് കീഴടങ്ങുകയുണ്ടായി. അതിനുശേഷം ഒരു 'ശറഹീ' സംവിധാനമാണ് നിലവിൽ വന്നത്. അതോടൊപ്പം കോടതിയും നിലവിൽ വന്നു. ഇതിനെല്ലാം നേതൃത്വം നൽകുന്ന മുല്ലാക്കൾ പ്രഖ്യാപിച്ചത് ജഡ്ജിമാർ ഈ ശരീഅത്ത് ഭരണത്തിൽ കൈകടത്താൻ ശ്രമിക്കരുതെന്നാണ്. ഗവൺമെന്റ് മനസ്സിലാക്കേണ്ടത് ഇത് തുടക്കം മാത്രമാണെന്നാണ്. ഇത് ഇവിടെ അവസാനിക്കുന്നതല്ല. ഇത് രാജ്യത്തെ ഒന്നടങ്കം അശാന്തിയുടെ കരവലയത്തിൽ ഒതുക്കുന്നതാണ്. ലോകം ഇപ്പോൾ പാക്കിസ്താനെ ഭീകരവാദ രാഷ്ട്രമായി മുദ്രകുത്തുകയാണ്. ഇവിടെയുള്ള വിദേശകാര്യമന്ത്രിയും കഴിഞ്ഞ ദിവസങ്ങളിൽ പ്രസ്താവന നടത്തിയത്, ഗവൺമെന്റുകൾ സ്വയം നന്നാകുന്നില്ലെ

ങ്കിൽ ഈ രാജ്യത്തെ ഭീകര രാഷ്ട്ര മായി പ്രഖ്യാപിക്കുമെന്നാണ്.

പാക്കിസ്താനെ പലീദിസ്താൻ എന്ന് പറഞ്ഞിരുന്ന ആ മുല്ലാക്കൾ അവരുടെ കുത്സിത ശ്രമങ്ങളിൽ വിജയിക്കുന്നതായി കണ്ടുവരുന്നു. ഇവരുടെ കൈകളിലാണ് ഈ രാഷ്ട്രം ഉള്ളതെങ്കിൽ പാക്കിസ്ഥാന്റെ നാമത്തെപ്പോലും ഇവർ നില നിർത്തുമോ എന്ന ആശങ്കയാണു ള്ളത്. ഈ മുല്ലാക്കളിൽ നിന്നും വിട്ട് നിൽക്കുകയാണ് വേണ്ടത്. ഒരു പ്രാവശ്യമെങ്കിലും നിങ്ങൾ അവരെ തോളിലേറ്റിയാൽ പിന്നീട് അവർ നിങ്ങ ളുടെ കാലിന് ചങ്ങലകളായി മാറുന്നതാണെന്നും അഹ്മദിയ്യാ ഖലീഫമാർ ഗവൺമെന്റിനെ ധരിപ്പി ക്കാൻ കഴിയുന്നത്ര ശ്രമങ്ങൾ നട ത്തിയിട്ടുണ്ട്. എന്നിട്ടും ഇവർക്ക് കാര്യം മനസ്സിലാകുന്നില്ല. ഇങ്ങിനെ യുള്ള രാഷ്ട്രീയനേതാക്കന്മാർ തങ്ങൾ ഈ നാടിന്റെ സേവനത്തി നായി തയ്യാറാണെന്ന് വാദിക്കുന്നു. എന്നാൽ മുല്ലാക്കൾ പാക്കിസ്താനെ നാശഗർത്തത്തിലേക്കാണ് കൊണ്ടു പോകുന്നത് എന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കുന്നില്ല. ഇവരോ ടുള്ള എതൊരു സഖ്യവും ഗവൺ മെന്റിനും നാടിനും നാശത്തിന് കാരണമായിത്തീരുന്നതാണ്. ഈ നാടിനെ അല്ലാഹു രക്ഷിക്കട്ടെ എന്ന ദുആ മാത്രമെ ഞങ്ങൾക്ക് ചെയ്യാൻ സാധിക്കുകയുള്ളു. ഈ ശഹാദ ത്തുകൾ മുഖേന അഹ്മദികളുടെ വളർച്ച തങ്ങൾക്ക് തടയാൻ സാധി ക്കുമെന്ന് മുല്ലാക്കളുടെ കണക്കു ക്കൂട്ടലുകൾ തികച്ചും അവരുടെ വ്യാമോഹം മാത്രമാണ്. അല്ലാഹു നിർമ്മിച്ചിരിക്കുന്നതിനെ അവൻ തന്നെ സംരക്ഷിക്കുന്നതാണ്. അഹ് മദിയ്യത്തിന്റെ ജൈത്രയാത്ര തുടർ ന്നുകൊണ്ടിരിക്കും. എന്നാൽ ഒന്ന് രണ്ട് പ്രയാസങ്ങളും ശഹാദത്തു കളും ഇടക്കിടക്ക് പരീക്ഷണമെന്ന രീതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന താണ്. ശഹീദുകൾ അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം നിത്യജീവൻ കൈവരിച്ചുകൊണ്ടിരിക്കുന്നു. അവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരായി മാറുന്നു.

ഏതായിരുന്നാലും അഹ്മദി കൾ ദുആയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുക. പ്രത്യേകിച്ച് പാക്കി സ്ഥാനീ അഹ്മദികൾ. കാരണം അഗ്നികുണ്ഡത്തിന്റെ വക്കിലെത്തി യിരിക്കുന്ന ഈ രാജ്യത്തെ ഇനി അഹ്മദികളുടെ ദുആയുടെ ഫല മായി ഇറങ്ങുന്ന അല്ലാഹുവിന്റെ അനുഗ്രഹത്തിന് മാത്രമെ രക്ഷി ക്കാൻ സാധിക്കുകുള്ളൂ. ഈ രാജ്യ ത്തിന്റെ സ്ഥാപനത്തിൽ അഹ്മദി കൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഇതിനെ രക്ഷിക്കുന്നതിലും ജമാഅ ത്തിന്റെ ദുആ വലിയ പങ്ക് വഹിക്കു ന്നതാണ്. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ശഹീദാക്കപ്പെട്ട ഡോക്ടർമാ രുടെ ചില വിവരണങ്ങൾ കൂടി നൽകുന്നു. ഇവരുടെ ശഹാദത്ത് നടന്ന സംഭവം ഇപ്രകാരമാണ്. മാർച്ച് 14-ാം തിയ്യതി ജോലികഴിഞ്ഞ് 3.15ന് ഇരുവരും വീട്ടിലെത്തി. ആരോ അവിടെ നേരത്തെതന്നെ ഒളിച്ചിരിപ്പുണ്ടായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അവർ, ഇവർ രണ്ടുപേരേയും അതിക്രൂരമായ രീതിയിൽ ശഹീദാക്കുകയുണ്ടായി. ഇരുവരും മൂസികളായിരുന്നു. ഡോക്ടർ ശിറാസ് ബാജ്‌വ സാഹി ബിന്റെ മയ്യത്ത് അദ്ദേഹത്തിന്റെ ബെഡ്റൂമിലായിരുന്നു, കൈകൾ രണ്ടും പിന്നിലാക്കി കെട്ടിയിരുന്നു. കണ്ണുകൾ തുണികൊണ്ട് കെട്ടിയി രുന്നു. വായിൽ പരുത്തി കുത്തിനി റച്ചിരുന്നു. കഴുത്തിൽ കയറിന്റെ അടയാളമുണ്ടായിരുന്നു. അദ്ദേഹ ത്തിന്റെ ശിരോഭാഗത്തും കയറുകൾ കാണപ്പെട്ടു. അവരുടെ വേലക്കാരി വൈകുന്നേരം വന്നപ്പോഴാണ് അദ്ദേ ഹത്തിന്റെ മയ്യത്ത് ആദ്യം കണ്ടത്. മയ്യത്ത് ഫാനിൽ തൂങ്ങിക്കിടക്കുക യായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ യുടെ മയ്യത്ത് ഡ്രോയിങ്ങ് റൂമിലെ കാർപ്പെറ്റിലായിരുന്നു. കയറുകൊ ണ്ട് അവരെയും ബന്ധിച്ചിരിക്കുന്നു. വായയിൽ തുണിതിരുകിയിരുന്നു. ഡോക്ടർ ശിറാസ് സാഹിബ് മുൽത്താൻ ഹോസ്പിറ്റലിൽ നേത്ര രോഗ വിഭാഗത്തിലാണ് ജോലി ചെയ്തിരുന്നത്. ഡോക്ടർ നൂറീൻ ചിൽഡ്രൻസ് ഹോസ്പിറ്റലുമായിരു ന്നു. ജനപ്രിയ ഡോക്ടറായിരുന്നു ഇരുവരും. അഹ്മദികളും അനഹ്മദി കളും എല്ലാ ഇവരെ സ്നേഹിച്ചിരു ന്നു. സൗമ്യപ്രകൃതരും സഹതാപം പ്രകടിപ്പിക്കുന്നവരുമായിരുന്നു. ഇരുവരും ജനങ്ങൾക്കിടയിൽ ഏറെ അറിയപ്പെട്ടവരായിരുന്നു. ഫള്‌ലെ ഉമർ ഹോസ്പിറ്റലിലും ഇവർ സേവ നമനുഷ്ഠിച്ചിട്ടുണ്ട്. ഇവർ താമസി ക്കുന്ന കോളനിയിൽ ചുറ്റുമതിൽ ഉള്ളതാണ്. മതിലുകൾ മുകളിൽ കമ്പിവേലി ഉണ്ടായിരുന്നു. ഗേറ്റുണ്ട്. സെക്യൂരിറ്റിയും ഉണ്ട്. ഇതെല്ലാം ഉണ്ടായിട്ടുകൂടി ഈ കൃത്യം ചെ യ്തെങ്കിൽ ഇത് ആസൂത്രിതമായി ചെയ്ത പരിപാടിയാണെന്ന് മനസ്സി ലാകുന്നുണ്ട്. ആ കോളനിയിൽ സെക്യൂരിറ്റി ചെക്ക് ചെയ്യാതെ ആർ ക്കും പ്രവേശിക്കാൻ തന്നെ പറ്റില്ലാ യിരുന്നു. ഇതിൽ ഇവരെല്ലാം ഉൾപ്പെ ട്ടിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. പ്രതിഭാശാലിയായിരുന്ന അദ്ദേഹ ത്തിന്ന് പ്രബന്ധരചനയിൽ അടു ത്തിടെ വലിയ ബഹുമതിയും ലഭി ച്ചിരുന്നു. സന്താനങ്ങളില്ല. വിവാഹം അടുത്താണ് കഴിഞ്ഞത്. നമസ്കാ രത്തിനുശേഷം അവരുടെ ജനാസ

(ശേഷം 18-ൽ)

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# ദൈവപുത്രത്വത്തിലെ യുക്തിഭംഗങ്ങൾ

## ദൈവപുത്രത്വത്തെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചുമുള്ള ക്രൈസ്തവ വിശ്വാസങ്ങൾ യുക്തിപരമാണോ?

**നാം** മനസ്സിലാക്കേണ്ട മറ്റൊരു പ്രശ്നം യേശുവിലുള്ള മനുഷ്യൻ ശിക്ഷിക്കപ്പെട്ടിരുന്നില്ല എന്നാണ്. ഏതൊരു താർക്കിക യുക്തിയുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ശിക്ഷിക്കപ്പെടുന്നില്ല. കാരണം അദ്ദേഹം മനുഷ്യവംശത്തിന്റെ പാപഭാരം വഹിക്കാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. ഈ പുതിയ വിഷയം ചർച്ചയിലേക്ക് കടന്നുവരുമ്പോൾ അത് ഇതിനുമുമ്പ് നാം പരിഗണിച്ചിട്ടില്ലാത്ത ഒരു പ്രത്യേക സാഹചര്യത്തിലേക്ക് നമ്മെ ആനയിക്കുന്നു. അതായത് പാപം ചെയ്യാൻ ആദമിന്റെയും ഹവ്വയുടേയും സന്തതികൾക്ക് പൊതുവെ പാരമ്പര്യമായി ലഭിച്ച പ്രവണതയുണ്ടല്ലോ. ആ പാപപ്രവണതക്ക് യേശുവിലുള്ള മനുഷ്യനുമായുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഒരാൾ തീർച്ചയായും അത്ഭുതപ്പെട്ടുപ്പോകും. ദൈവപുത്രനും മനുഷ്യനും വസിക്കുന്ന യേശുവിന്റെ ശരീരത്തിലെ ദ്വയാത്മകാവസ്ഥയിൽ വിശ്വസിക്കുമ്പോൾ യേശുവിലെ ദൈവപുത്രൻ മാത്രമായിരുന്നു പാപരഹിതൻ എന്ന് വിശ്വസിക്കുന്നതാവും ഏറ്റവും നല്ലത്. ദൈവപുത്രനോടൊപ്പം വസിക്കുന്ന മനുഷ്യന്റെ സ്ഥിതിയെന്തായിരിക്കും? മനുഷ്യനായ യേശു ജനിച്ചത്, ദൈവം പ്രദാനം ചെയ്ത ജീനിൽ നിന്നും സ്വഭാവഗുണങ്ങളിൽ നിന്നുമായിരിക്കുമോ? അങ്ങനെയാണെങ്കിൽ അദ്ദേഹം യേശുവിലുള്ള ദൈവത്തെപോലെ പെരുമാറണം. മനുഷ്യനെന്ന നിലയിൽ അദ്ദേഹം അതുമിതും ചെയ്ത് കൃത്യവിലോപം കാട്ടിക്കൊണ്ടുള്ള യാതൊരു ഒഴിവുകഴിവും സ്വീകാര്യമല്ല. അദ്ദേഹത്തിൽ ദൈവാംശം ഇല്ല എങ്കിൽ അദ്ദേഹം വെറുമൊരു സാധാരണ മനുഷ്യനായിരുന്നുവെന്ന് നാം സമ്മതിക്കേണ്ടതുണ്ട്. ഒരുപക്ഷേ അർദ്ധ മനുഷ്യനാണെന്നെങ്കിലും സമ്മതിക്കേണ്ടതാണ്. എന്നാൽ യേശുവുമായി കൂടിച്ചേർന്ന ആ മനുഷ്യവ്യക്തിക്ക് മനുഷ്യസഹജമായ പാപം ചെയ്യാനുള്ള പ്രവണതയുണ്ടാകും. ഉണ്ടാവുന്നില്ല എങ്കിൽ എന്താണ് അതിന്റെ കാരണം?

സംഗതി വളരെ വ്യക്തമാണ്, തന്റെ ദൈവപങ്കാളിയിൽ നിന്നും തികച്ചും വിഭിന്നനായ യേശുവിലെ മനുഷ്യനെ പറ്റി പറയുന്നത് കൊണ്ട് യാതൊരു നേട്ടവുമില്ല. യേശുവിലുള്ള മനുഷ്യൻ സ്വതന്ത്രനായി തന്നെ പാപിയാകേണ്ടതുണ്ട്. പാപത്തിന്റെ എല്ലാ ഭാരവും അദ്ദേഹത്തിന്റെ ചുമലിലിടാമല്ലോ. എല്ലാറ്റിനും പുറമെ മനുഷ്യവംശത്തിന്നുവേണ്ടി കുരിശിൽ വെച്ച് മരിച്ച ദൈവപുത്രനായ ക്രിസ്തു അത്ര സ്വാർത്ഥരഹിതനായിട്ടല്ല മരിച്ചത് എന്ന കാര്യം കൂടി അവതരിപ്പിച്ചാൽ മാത്രമേ ഈ ചിത്രം പൂർത്തിയാവുകയുള്ളൂ. മരിക്കുമ്പോൾ അദ്ദേഹത്തിനുള്ള മുഖ്യമായ ഉൽക്കണ്ഠ അദ്ദേഹത്തിന്റെ പകുതി സഹോദരനെ കുറിച്ചായിരുന്നു. ഈ വിശ്വാസങ്ങളെല്ലാം ബുദ്ധിപരമായി ദഹിക്കാൻ അതീവ ദുഷ്ക്കരമാണ്. പക്ഷേ, നമ്മുടെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ യാതൊരു പ്രശ്നവുമില്ല. അമ്പരപ്പിന്റേയും അതീവദുഃഖത്തിന്റേയും വിലാപം നടത്തിയ നിഷ്ക്കളങ്കനായ യേശു ദ്വന്ദവ്യക്തിത്വം വഹിച്ചിട്ടില്ലാത്ത കേവലം മനുഷ്യൻ മാത്രമായിരുന്നു.

### യേശുവിന്റെ പ്രഹേളിക

ഞാൻ യേശുവിൽ അവിശ്വസിക്കുന്നില്ല എന്ന കാര്യം ഒരിക്കൽ കൂടി വ്യക്തമാക്കട്ടെ. അസാധാരണ

മായ മഹൽത്യാഗങ്ങൾ വരിച്ച ദൈവത്തിന്റെ പ്രവാചകൻ എന്ന നിലയിൽ അദ്ദേഹത്തോട് എനിക്ക് അതിരറ്റ ബഹുമാനമുണ്ട്. അഗ്നിപരീക്ഷകളുടെ ഒരു കാലഘട്ടത്തിലൂടെ കടന്നുപോയ ഒരു പുണ്യാത്മാവായിട്ടാണ് ഞാൻ യേശുവിനെ കാണുന്നത്. എന്നാൽ ക്രൂശീകരണത്തിന്റെ വിവരണങ്ങൾ മാറാതെ വെളിപ്പെടുത്തുന്ന ഒരു കാര്യം യേശു സ്വേച്ഛയാൽ കുരിശിൽ മരിക്കുന്നത് ഇഷ്ടപ്പെട്ടില്ല എന്ന് വിശ്വസിക്കുകയല്ലാതെ മറ്റുമാർഗങ്ങളൊന്നുമില്ല എന്നാണ്. ശത്രുക്കൾ അദ്ദേഹത്തെ ക്രൂശിച്ച് വധിക്കാൻ ശ്രമിക്കുന്നതിന് തലേന്ന് തന്റെ അനുയായികളോടൊപ്പം രാത്രിയിലുടനീളം അദ്ദേഹം പ്രാർത്ഥിച്ചിരുന്നതായി നാം കേൾക്കുന്നു. കാരണം അദ്ദേഹത്തിന്റെ (താൻ മിശിഹാ ആണെന്ന വാദം) വാദത്തിന്റെ സത്യസാക്ഷ്യം ഈ പരീക്ഷണത്തിനു (കുരിശു സംഭവത്തിനു) മുമ്പിൽ തെളിയിക്കപ്പെടേണ്ടതുണ്ടായിരുന്നു. ദൈവത്തിന്റെ മേൽ കറ്റുകെട്ടി പറയുന്ന ഒരു കള്ളവാദി മരത്തിൽ തൂക്കപ്പെടുമെന്നും അതിൽ ശാപമൃത്യു വരിക്കപ്പെടുമെന്നും ബൈബിൾ പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നു.

*"എന്റെ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെങ്കിലും സംസാരിക്കാൻ മുതിരുകയോ മറ്റു ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും." (ആവ: 18:20)*

*'വധശിക്ഷ അർഹിക്കുന്ന കുറ്റം ചെയ്തവനെ വധിച്ചു മരത്തിൽ തൂക്കിക്കഴിഞ്ഞാൽ അയാളുടെ ജഡം രാത്രി മുഴുവൻ ആ മരത്തിൽ കിടത്തരുത്. ആ ദിവസം തന്നെ അയാളെ സംസ്കരിക്കണം. തൂക്കിക്കൊല്ലപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്. (ആവ: 21:22, 23).*

ഈ കുരിശുമരണം സംഭവിക്കുമെങ്കിൽ യഹൂദർ അത് ആഹ്ലാദപൂർവ്വം ആഘോഷിക്കുമെന്നും സംശയത്തിന്റെ നിഴൽപോലുമില്ലാത്ത രീതിയിൽ കള്ളം തെളിഞ്ഞതായി വേദപുസ്തകങ്ങൾ സാക്ഷിക്കുന്നുവെന്ന് അവർ പ്രഖ്യാപിക്കുമെന്നും യേശുവിന്നറിയാമായിരുന്നു. ഇതായിരുന്നു അദ്ദേഹം മരണത്തിന്റെ കയ്പേറിയ പാനപാത്രത്തിൽ നിന്നും രക്ഷപ്പെടാൻ ഉത്കണ്ഠപ്പെട്ടത്. അല്ലാതെ ഭീരുത്വം കൊണ്ടായിരുന്നില്ല. അതായത് താൻ കുരിശിൽ മരണപ്പെട്ടാൽ തന്റെ ജനത വഴിതെറ്റിപ്പോകുമോ എന്നും സത്യം തിരിച്ചറിയുന്നതിൽ പരാജയപ്പെടുമോ എന്നുമായിരുന്നു അദ്ദേഹത്തിന്റെ ഭീതി. രാത്രി മുഴുവൻ അതീവ ദൈന്യതയോടെയും നിസ്സഹായാവസ്ഥയിലും പ്രാർത്ഥനയിൽ യേശു മുഴുകിയതിന്റെ വിവരണങ്ങളിൽ നിന്നും അദ്ദേഹം അനുഭവിച്ച മാനസിക സംഘർഷവും, ദുഃഖവും ഹൃദയഭേദകമായിരുന്നുവെന്ന് നമുക്ക് വായിച്ചെടുക്കാം. പക്ഷേ, യഥാർത്ഥമായ ഈ ജീവിതനാടകം അവസാനത്തോടടുക്കുമ്പോൾ വികാര വിക്ഷുബ്ധിയുടേയും വിഷാദത്തിന്റേയും നിസ്സഹായതയുടേയും പരമകോടിയിൽ അദ്ദേഹത്തിൽ നിന്നുമുയർന്ന അവസാനത്തെ ദീനവിലാപത്തിൽ ഇതെല്ലാം നിഴലിക്കുന്നു.

*'ഏലി, ഏലി, ലമാ സബക്താനി' 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്താണ് എന്നെ കൈവിട്ടത്?' (മത്തായി 27:46)*

ആ വിലാപം കേവലമൊരു മാനസിക വ്യഥയുടെ പ്രകടനം മാത്രമായിരുന്നില്ല. വ്യക്തമായും അത് ഭയാനകതയുടെ അതിനോളം വരുന്ന ആശ്ചര്യത്തിന്റെയും ഘടകം കൂടി കലർന്നതായിരുന്നു. ക്രൂശീകരണത്തിന് മുമ്പ്തന്നെ വേദന ശമിപ്പിക്കാനും മുറിവുണങ്ങാനുമുള്ള കൂട്ടുകളടങ്ങിയ ലേപനം തന്റെ സമർപ്പിതരായ ശിഷ്യന്മാർ തയ്യാർ ചെയ്തിരുന്നു. ആ ലേപനം പുരട്ടി യേശു ബോധത്തിലേക്ക് തിരിച്ചുവന്നു. അദ്ദേഹം അത്ഭുതത്തോടെയും ആഹ്ലാദത്തോടെയും വിസ്മയഭരിതനായി തീർന്നിരിക്കണം. സത്യദൈവത്തിലുള്ള അദ്ദേഹത്തിന്റെ സ്നേഹം അത്യപൂർവ്വമായി മാത്രം മനുഷ്യർക്ക് അനുഭവപ്പെടാറുള്ളതുപോലെ അതിരുകളില്ലാതെയും അതിതീവ്രമായും പുന:സ്ഥാപിക്കപ്പെടുകയും കരുത്താർജ്ജിക്കുകയും ചെയ്തിട്ടുണ്ടാവും. ലേപനൗഷധം നേരത്തെ തന്നെ തയ്യാറാക്കപ്പെട്ടു എന്ന വസ്തുതയിൽ നിന്നും യേശുവിന്റെ ശിഷ്യന്മാർ അദ്ദേഹം കുരിശിൽ നിന്നും ജീവനോടെ രക്ഷപ്പെടുമെന്ന് തീർച്ചയായും പ്രതീക്ഷിച്ചിരുന്നു എന്നു മനസ്സിലാക്കാം. മരുന്നുകൊണ്ടുള്ള ചികിത്സ അദ്ദേഹത്തിന് ആവശ്യമാണെന്നും അവർ മനസ്സിലാക്കിയിരുന്നു.

മുകളിൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്നും പാരമ്പര്യപാപത്തിന്റെ സങ്കല്പവും, ക്രൂശീകരണവും പിൽക്കാലത്തുണ്ടായ ക്രിസ്ത്യൻ ദൈവശാസ്ത്രികളുടെ മിഥ്യാവിശ്വാസവും വ്യാമോഹവും മാത്രമാണെന്ന് വളരെ വ്യക്തമായി. ക്രിസ്തുമതത്തിന്നു മുമ്പുണ്ടായിരുന്ന സമാനസ്വഭാവമുള്ള മിത്തുകളിൽ നിന്നും രൂപപ്പെട്ടതാണ് ആ വിശ്വാസമെന്ന് വളരെ വ്യക്തം. ഇത്തരം മിത്തുകൾ യേശുവിന്റെ സാഹചര്യത്തിൽ ആരോപിക്കുകയും അവ തമ്മിലുള്ള പൊരുത്തങ്ങൾ വായിച്ചെടുത്ത് പുതിയൊരെണ്ണം സൃഷ്ടിക്കുകയുമാണ് ചെയ്ത

ത്. നാം കണ്ടത് പോലെ അത് നിഗൂഢതയോ, വൈരുദ്ധ്യമോ എന്തായിരുന്നാലും ശരി ക്രിസ്തീയ തത്ത്വശാസ്ത്രത്തിലെ പാപവും പാപ പരിഹാരവും യേശു പഠിപ്പിച്ചതോ, പ്രവർത്തിച്ചതോ, പറഞ്ഞതോ അല്ല. മനുഷ്യ ബുദ്ധിക്ക് കടകവിരുദ്ധവും അതിനോട് വിയോജിപ്പുള്ളതുമായ യാതൊന്നും തന്നെ അദ്ദേഹം പ്രബോധനം ചെയ്തിട്ടില്ല.

## പിതാവായ ദൈവവും പീഡനം സഹിച്ചിരുന്നുവോ?

പുത്രന്റെ പ്രകൃതിയിലേക്ക് വരുമ്പോൾ അദ്ദേഹം നരകാഗ്നിയിൽ എറിയപ്പെട്ടു എന്നു വിശ്വസിക്കാൻ നമുക്കാവില്ല. അതിനർത്ഥം യേശുവിനകത്ത് തന്നെ ഒരു ആഭ്യന്തര വൈരുദ്ധ്യമുണ്ട് എന്നാണ്. ക്രിസ്ത്യാനികളുടെ അടിസ്ഥാനമതസങ്കല്പത്തിലേക്ക് തിരിച്ചുവരുമ്പോൾ ദൈവവും പുത്രനും രണ്ട് വ്യക്തികളാണെങ്കിലും രണ്ടാളുടെ സത്തയും പ്രകൃതവും ഒരുപോലെയാണെന്ന് പറയപ്പെടുന്നു. ഒരാൾ ഏതെങ്കിലും ഒരനുഭവത്തിലൂടെ കടന്നുപോകുമ്പോൾ മറ്റെയാൾക്ക് അതിന്റെ പങ്ക് പറ്റാതിരിക്കാൻ സാധ്യമല്ല. ദൈവത്തിന്റെ ഒരു ഭാഗമായ പുത്രൻ പീഡിപ്പിക്കപ്പെടുമ്പോൾ പിതാവായ ദൈവം യാതൊരു പീഢയുമേൽക്കാതെ ഇരിക്കുക എന്നത് എങ്ങനെ നമുക്ക് വിശ്വസിക്കാൻ കഴിയും? അദ്ദേഹം അത് അനുഭവിക്കാതിരിക്കുക എന്നതിന്നർത്ഥം ദൈവത്തിന്റെ ഏകത ഭഞ്ജിക്കപ്പെടുക എന്നതിന് തുല്യമാണ്. ഒരാളിൽ മൂന്നുപേർ ഉണ്ട് എന്ന് വരുമ്പോൾ അത് ഗ്രഹിക്കാൻ കൂടുതൽ പ്രയാസകരമാണ്. കാരണം ത്രിത്വത്തിലെ മൂന്ന് പേർക്കുണ്ടാകുന്ന അനുഭവങ്ങൾ തികച്ചും വ്യത്യസ്തവും മറ്റൊരാളിൽ നിന്നും വിദൂരസ്ഥവുമാണ്. മൂന്നു ദൈവങ്ങളിൽ ഒരാൾ നരകത്തിന്റെ കോപാഗ്നിയിൽ ആയിരിക്കുമ്പോൾ മറ്റു രണ്ടു പേരും അസ്പൃശ്യരും അകന്നിരിക്കുന്നവരുമായിരിക്കുക എന്നത് അസാധ്യമാണ്. ഇന്നത്തെ ക്രിസ്ത്യാനികൾ ഒന്നുകിൽ ഏക ദൈവവിശ്വാസം ഉപേക്ഷിച്ചുകൊണ്ട് പ്രാകൃത റോമൻ ഗ്രീക്ക് ഗോത്രമതങ്ങളിലേത് പോലെ മൂന്ന് വ്യത്യസ്ത ദൈവങ്ങളിൽ വിശ്വസിക്കണം. അല്ലെങ്കിൽ അവർ അവരോട് തന്നെ നീതി പുലർത്തി മറ്റു ദൈവങ്ങളുടെ വൈരുദ്ധ്യാത്മകതയിലേക്ക് പോകാതെ ദൈവം ഏകൻ മാത്രമാണെന്ന് വിശ്വസിക്കുക. ഒരു കുട്ടി വേദന കൊണ്ട് പുളയുമ്പോൾ അതിന്റെ മാതാവിന് ശാന്തിയിലും സമാധാനത്തിലും ഇരിക്കാൻ സാധ്യമല്ല. അവരും ആ സഹനത്തിൽ പങ്കെടുക്കുന്നു. ചിലപ്പോൾ കുട്ടിയേക്കാൾ കൂടുതലായി വേദന അനുഭവിക്കുന്നു. പുത്രൻ മൂന്നുദിവസത്തെ നരകയാതന അനുഭവിച്ചപ്പോൾ പിതാവായ ദൈവത്തിന് എന്തായിരുന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്? പുത്രനായ ദൈവത്തിന് എന്തായിരുന്നു സംഭവിച്ചുകൊണ്ടിരുന്നത്? അദ്ദേഹം രണ്ട് രൂപങ്ങളും രണ്ട് സത്തയുമുള്ള രണ്ട് വ്യക്തികളായി വിഭജിക്കപ്പെട്ടിരുന്നുവോ? ഒരാൾ നരകത്തിൽ യാതന സഹിക്കുക. മറ്റെയാൾ പൂർണ്ണമായും പുറത്ത് യാതൊന്നും സഹിക്കാതെയിരിക്കുക. പിതാവായ ദൈവത്തിന് സ്വയം നരകയാതന സഹിക്കാനാവുമെങ്കിൽ പിന്നെ ഒരു 'പുത്രനെ' സൃഷ്ടിക്കേണ്ട ആവശ്യമെന്തായിരുന്നു? അദ്ദേഹത്തിന് സ്വയം തന്നെ അത് സഹിക്കാമായിരുന്നില്ലേ? അപ്പോൾ നേർക്ക് നേരെയുള്ള ചോദ്യം ഇതാണ്. എന്തുകൊണ്ട് അദ്ദേഹം അത് സഹിച്ചില്ല? പാപപ്പൊറുതിയുടെ പ്രശ്നം പരിഹരിക്കാൻ എന്തിനിത്ര പ്രയാസകരമായ പദ്ധതി ആവിഷ്കരിച്ചു?

## അഗ്നി കൊണ്ടുള്ള ശിക്ഷ

ക്രിസ്ത്യാനികളുടെ സിദ്ധാന്തപ്രകാരമുള്ള നരകമാണ് ഒരു പ്രശ്നം. യേശു പ്രവേശിച്ച ഈ നരകത്തെക്കുറിച്ച് നമുക്ക് വിശദമായി പരിശോധിക്കേണ്ടതുണ്ട്. ആ നരകം ഏത് തരത്തിലുള്ളതായിരുന്നു?* ബൈബിൾ പുതിയ നിയമത്തിൽ നാം വായിച്ച അതേ നരകം തന്നെയാണോ അത്?

*''മനുഷ്യപുത്രൻ തന്റെ മാലാഖമാരെ അയക്കും. അവർ അവന്റെ രാജ്യത്തിൽ നിന്നും എല്ലാ പാപകാരണങ്ങളേയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്തായി 13:41,42).*

നാം കൂടുതൽ മുന്നോട്ട് പോകുന്നതിന് മുമ്പ് തീ കൊണ്ടുള്ള ശിക്ഷയെ സംബന്ധിച്ച് അല്ലെങ്കിൽ നരകത്തിലെ ശിക്ഷയെ സംബന്ധിച്ച് ബൈബിൾ പുതിയ നിയമം അർത്ഥമാക്കുന്നതെന്താണെന്ന് വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. ആ നരകാഗ്നി ആത്മാവിനെ ദഹിപ്പിക്കുന്നതാണോ? അതല്ല ശരീരത്തെ എരിച്ചുകളയുന്നതും അതു മുഖേന ആത്മാവിനെ ശിക്ഷിക്കുകയും ചെയ്യുന്ന ഭൗതികാഗ്നിയാണോ? മരണാനന്തരം നമുക്ക് എന്ത് സംഭവിക്കുമെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്? മരണത്തിന് ശേഷം ജീർണനത്തിനു വിധേയമായി പഞ്ചഭൂതങ്ങളിൽ ലയിക്കുന്ന നമ്മുടെ ശരീരത്തിലേക്കു തന്നെയാണോ നമ്മുടെ ആത്മാവ് തിരിച്ചു ചെല്ലുക, എന്നാണോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്? അതല്ല, മരണത്തിനുശേഷം ഓരോ ആത്മാവിനും പുതിയ ശരീരം സൃഷ്ടിക്കപ്പെടുകയും പുനരുത്ഥാനം ചെയ്ത വ്യക്തിക്ക് പുനരവതാരം പോലെയുള്ള അനുഭവമുണ്ടാകുകയും ചെയ്യുമോ? ●

കവിത

ഡോ. മുബാറക്കാ മുഹമ്മദ്

# നബി കീർത്തനം

നാഥാ നിൻ പ്രിയ തിരുദൂതരിൽ ചൊരിഞ്ഞീടേണേ
ശാന്തിവർഷ മിഹത്തിലും പരത്തിലും.
ദൈവികാശിസ്സുകളുടെ ജ്ഞാനമാം സമ്പത്തിന്റെ
സ്രോതസ്സായി വർത്തിച്ചീടും മഹാനുഭാവൻ.
ലോകരിതാ ദാഹാർത്തരായി തിരുകൃപ പാനം ചെയ്യാൻ
ഓടിയടുക്കുന്നു കയ്യിൽ ചഷകവുമായ്.
സൂര്യബിംബസമാനമാം താവകപ്രഭാവലയം
നാടും, പിന്നെ മരുഭൂവും ശോഭിതമാക്കി.
മമ മനം കവർന്നൊരാ ശശാങ്കബിംബത്തിൻ കീർത്തി
കേട്ടറിഞ്ഞു, മറ്റു ചിലർ നേരിട്ടു കണ്ടു.
കോമളാംഗനാം ഭവാന്റെ വേർപാടിങ്കൽ ഖിന്നരായി
പ്രേമപരവശരായി വിരഹാർത്തരായ്
നിരുദ്ധകണ്ഠരായശ്രു തൂകും നയനങ്ങളുമായ്
മേവുന്നൊരു ജനതയെ മുന്നിൽ കാൺമൂ ഞാൻ.
സൂര്യചന്ദ്രഗോളങ്ങളുതിർത്തിടുന്ന കിരണങ്ങൾ
ദിനരാത്രങ്ങളെ പ്രശോഭിതമാക്കുംപോൽ
പൂർണ്ണചന്ദ്രതേജസ്സുറ്റ ഭവാനെന്നും വിരാജിപ്പൂ
സമസ്തലോകർക്കുമുത്തമ വഴികാട്ടിയായ്.
മാനവർക്കായൊരു മഹൽ ദൃഷ്ടാന്തമായ് ദൈവത്തിൽ നി-
ന്നവതീർണ്ണരായ ഭവാൻ ധീരരിൽ ധീരൻ.
ദർശിപ്പു ഞാനെന്നുമാവദനാംബുജത്തിങ്കലേതോ-
രമാനുഷപ്രഭാവത്തിൽ ബഹിർസ്ഫുരണം.
നാഥാ നിന്റെ പ്രിയ തിരുദൂതരിൽ ചൊരിഞ്ഞീടേണേ
ശാന്തിവർഷമിഹത്തിലും പരത്തിലും.

താവക മഹത്വത്തിലങ്ങാകൃഷ്ടരായവരഹോ
കൈവെടിഞ്ഞു ജന്മനാട്ടിൻ സ്മരണപോലും
അങ്ങയോടുള്ളാത്മാർത്ഥമാം കൂറുമൂലമവർ സ്വന്തം
ബന്ധുമിത്രാദികളേയും തിരസ്കരിച്ചു.
സത്യവിശ്വാസത്തിൻ മുന്നിൽ ബിംബങ്ങൾ പോൽ തകർന്നുപോയ്
ഭൗതികാസക്തിയും സ്വന്തം ദേഹേഛകളും
നിശയുടെ തമോഗർത്തത്തിലുമവർ പ്രശോഭിച്ചു.
നിർഭയരായ് നിലകൊണ്ടു ദൈവകൃപയാൽ.
തീണ്ടിയതില്ലവരെയൊട്ടുമേ ശത്രുമർദ്ദനങ്ങൾ
മുന്നിലേറി ദീനിലവർ സ്ഥിരചിത്തരായ്
നിരാലംബരായെന്നാലും ഖുർആനാകും മുത്തുകളാൽ
സംതൃപ്തരായവരുടെ മുഖം വിളങ്ങി.
ഹൃദയത്തിനുള്ളറകൾ പവിത്രമായ് കാത്തുപോന്നു
സത്യവിശ്വാസത്തെയതിൽ കുടിയിരുത്താൻ.
പ്രാണപ്രിയനാകും തിരു റസൂലിനോടൊത്ത് ചേർന്ന്
രണാങ്കണത്തിലിങ്കലവരുറച്ചു നിന്നു.
ധീരരാകും ഭടന്മാർ തൻ വീര രക്തമൊഴുക്കിയാ-
ശത്രുനിര വീശും ഖഡ്ഗം ബലിമൃഗംപോൽ
നഗ്നരായി തവമുന്നിൽ നിലകൊണ്ട ജനതയെ-
യണിയിച്ചു വിശ്വാസത്തിൻ മേലാട, ഭവാൻ.
മ്ലേഛരുമധമരുമായ് നിപതിച്ച ജനതയെ
മാറ്റിയങ്ങ്, മാറ്റ് കൂട്ടും തങ്കക്കട്ടിയായ്
വിജനമാം മരുഭൂവിൽ പൊടുന്നനെ രൂപം കൊണ്ടു
ഫലവൃക്ഷസമൃദ്ധമാമൊരുദ്യാനം
നാശനഷ്ടങ്ങളിലാണ്ടോരറേബിയാ നാടുകളിൽ
ഐശ്വര്യത്തിൻ ഹരിതാഭ പരന്നുവീണ്ടും.
വിഷയലമ്പടരായ ഹിജാസിലെ ജനതയെ
ദൈവസ്മരണയിൽ ഭവാൻ നിമഗ്നരാക്കി.
നാഥാ നിന്റെ പ്രിയ തിരുദൂതരിൽ ചൊരിഞ്ഞീടണേ
ശാന്തിവർഷമിഹത്തിലും പരത്തിലും. ●

*(അവലംബം : വാഗ്ദത്ത മസീഹിന്റെ നബി കീർത്തന ഗീതങ്ങൾ)*

ലേഖനം

ഷിറാസ് അഹ്മദ്

# മതവൈവിധ്യങ്ങളും മതസൗഹാർദ്ദവും

**എല്ലാ മതങ്ങളേയും സമന്വയിപ്പിക്കുകയും സൗഹൃദം നിലനിർത്തുകയും ചെയ്യുന്ന വിശാലമായ കാഴ്ചപാടാണ് ഇസ്‌ലാം അവതരിപ്പിക്കുന്നത്.**

മതങ്ങൾ തമ്മിലുള്ള സൗഹൃദവും സമാധാനവും എങ്ങനെ സ്ഥാപിക്കാനാവും. ഈ സുപ്രധാന വിഷയം വിശുദ്ധ ഖുർആൻ അഭിമുഖീകരിക്കുകയും വ്യക്തമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മതങ്ങൾ തമ്മിൽ സമാധാനത്തിലും സൗഹൃദത്തിലും സഹവർത്തിക്കുന്നതിനെ പറ്റി ഗ്രഹിക്കാൻ ഓരോ മതങ്ങളും അതാത് മതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തെ എങ്ങനെ സമീപിക്കുന്നു എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് ഇസ്‌ലാമിന്റെ സമീപനം വിശുദ്ധ ഖുർആന്റേയും ഹദീസിന്റേയും അടിസ്ഥാനത്തിൽ വിശദീകരിക്കാം.

## അന്യമതങ്ങളോടുള്ള ഇസ്‌ലാമിക സമീപനം

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ ഏറ്റവും വശ്യസുന്ദരമായ പ്രത്യേകത സത്യത്തിനുമേൽ ഇസ്‌ലാം മതം അതിന്റെ കുത്തക അവകാശപ്പെടുന്നില്ല എന്നതാണ്. അതായത് മറ്റു സത്യമതങ്ങളും ഇവിടെയുണ്ട് എന്ന നിലപാടാണ് ഇസ്‌ലാമിന്നുള്ളത്. അറബികളിൽ മാത്രമാണ് ദൈവത്തിന്റെ സ്നേഹം വർഷിച്ചതെന്ന അവകാശവാദം ഇസ്‌ലാമിനില്ല.

സത്യം ഒരു മതവിശ്വാസത്തിന്റേതോ, ഒരു വർഗ്ഗത്തിന്റെയും ഒരു ജനതയുടേയോ മാത്രം കുത്തകയാണെന്ന സങ്കല്പത്തെ ഇസ്‌ലാം നിരാകരിക്കുന്നു. മറിച്ച് ദിവ്യമാർഗ്ഗദർശനം മനുഷ്യസമൂഹത്തിൽ എക്കാലവും നിലനിന്ന ഒരു അനുഗ്രഹമാണെന്നാണ് ഇസ്‌ലാം മതം പറയുന്നത്.

ഇസ്‌ലാമിന്റെ ഈ വശ്യസുന്ദരമായ പ്രത്യേകതയിലേക്ക് താഴെ പറയുന്ന ഖുർആൻ വചനം വെളിച്ചം വീശുന്നു.

ദൈവം ഖുർആനിൽ പറയുന്നു.

***ഓരോ സമുദായത്തിനും ഓരോ ദൈവദൂതൻ ഉണ്ട്*** (10:48)

എല്ലാ ഓരോ സമുദായത്തിനും ഓരോ മാർഗദർശകൻ വന്നുകഴിഞ്ഞിട്ടുണ്ട് (13:8)

***നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശ്ശക്തികളെ വർജിക്കുക (എന്ന അദ്ധ്യാപനവുമായി) നാം ഓരോ സമുദായത്തിലും ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്.*** (16:37)

***പിന്നെ നാം തുടർച്ചയായി നമ്മുടെ പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നു*** (23:45)

***തീർച്ചയായും നിനക്ക് മുമ്പേ പല ദൂതന്മാരേയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിരിക്കുന്നു. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടില്ല*** (40:29)

വിശുദ്ധ ഖുർആനിൽ 24 പ്രവാചകന്മാരെ സംബന്ധിച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂ. എന്നാൽ മേൽപറഞ്ഞ ഖുർആൻ വചനമനുസരിച്ച് വിശുദ്ധ ഖുർആൻ പരാമർശിച്ച 24 പ്രവാചകന്മാരെ കൂടാതെ ലോകത്ത് വേറെയും പ്രവാചകന്മാരുണ്ടെന്ന് വ്യക്തമാവുന്നു.

വിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ) 1,24,000 പ്രവാചകന്മാർ ലോകത്ത് പ്രത്യക്ഷപ്പെട്ടതായി പറഞ്ഞിട്ടുണ്ട്. (മുസ്നദ്) റസൂൽ തിരുമേനി(സ) ഇന്ത്യയെ സംബന്ധിച്ച് പ്രത്യേകമായി പറഞ്ഞ ഒരു പരാമർശം.

***'കറുത്ത വർണ്ണത്തോടുകൂടിയ ഒരു പ്രവാചകൻ ഇന്ത്യയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം 'കാഹിന' (കൃഷ്ണൻ) എന്നായിരുന്നു' (ദയ്‌ലമി)***

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

***എന്നാൽ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുകയും അവരിൽ നിന്നുള്ള ആരുടെ ഇട യിലും വ്യത്യാസം കല്പിക്കാതിരിക്കുകയും ചെയ്യു ന്നവരാരോ അവർക്ക് അവരുടെ പ്രതിഫലങ്ങൾ അവൻ തീർച്ചയായും നൽകുന്നതാണ്.*** (4:153)

ഇസ്‌ലാം മുസ്‌ലിംകളോട് മുഹമ്മദ് നബി(സ)യെ മാത്രം വിശ്വസിക്കാനല്ല ആവശ്യപ്പെടുന്നത്. ആദം, നോഹ, അബ്രഹാം, മോസസ്, ജീസസ്, കൃഷ്ണൻ, രാമൻ, ബുദ്ധൻ, വർദ്ധമാനമഹാവീരൻ, കൺഫ്യൂഷ്യസ് സോറോസ്റ്റർ (എല്ലാവരുടേയും മേൽ ദൈവം ശാന്തി വർഷിക്കട്ടെ) എന്നിവരെയെല്ലാം വിശ്വസിക്കാനാണ് കല്പിക്കുന്നത്.

## മതവിശ്വാസത്തിലെ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും

ഇവിടെ ഒരു ചോദ്യമുയരുന്നത് ഇതാണ്. ദൈവത്തിൽ നിന്നുള്ള പ്രവാചകന്മാരാണ് മതങ്ങൾ സ്ഥാപിച്ചതെങ്കിൽ പിന്നെ എന്തുകൊണ്ട് അവരുടെ അദ്ധ്യാപനങ്ങളിൽ വ്യത്യാസങ്ങളുണ്ടായി. ഒരു ദൈവത്തിന് തന്നെ വിവിധ അദ്ധ്യാപനങ്ങൾ അവതരിപ്പിക്കാൻ സാധിക്കുമോ? ഈ ചോദ്യത്തിന് ഇസ്‌ലാമിൽ ഉത്തരമുണ്ട്. വിവിധ മതങ്ങളുടെ വൈവിധ്യങ്ങൾക്ക് രണ്ട് അടിസ്ഥാന കാരണങ്ങളാണുള്ളത്. ഒന്നാമതായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് വിവിധങ്ങളായ നിബന്ധനകളും നിയമങ്ങളും ആവശ്യമായി വരുന്നു. സർവജ്ഞാനിയും സർവ്വശക്തനുമായ ദൈവം വിവിധ കാലഘട്ടങ്ങളിലായി വിവിധ ദേശങ്ങളിലെ ആളുകൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള അദ്ധ്യാപനങ്ങൾ പ്രവാചകന്മാരിലൂടെ നൽകുന്നു. രണ്ടാമതായി മതങ്ങളിലെ ഉള്ളടക്കം നിറം കെട്ടുപോകുകയോ കാലവ്യതിയാനങ്ങൾ അതിനെ ബാധിക്കുകയോ ചെയ്യുന്നു. ആയതിനാൽ മതത്തിന്റെ സ്വരൂപം തനത് നിലയിൽ സംരക്ഷിക്കപ്പെടുന്നില്ല. ചിലപ്പോൾ മതത്തിന്റെ അനുയായികൾ ആവശ്യാനുസരണം പല കൃതികളും കൂട്ടിചേർപ്പുകളും നടത്തുന്നു. തദാവശ്യാർത്ഥം സ്വന്തം മതങ്ങളിൽ വെളിപ്പെട്ട ഗ്രന്ഥങ്ങളിൽ പ്രക്ഷിപ്തങ്ങൾ അവർ കലർത്തുകയും ചെയ്യുന്നു. ഇങ്ങനെ മൂലസ്രോതസ്സിൽ നിന്നു ഇറക്കപ്പെടുന്ന ഇത്തരം ദിവ്യസന്ദേശങ്ങൾ, മനഷ്യൻ തന്റെ കൈകളാൽ കൃതിപ്പുകൾ കൂട്ടികലർത്തി മലിനമാക്കുന്നു, ദിവ്യസന്ദേശങ്ങൾ കാലാകാലങ്ങളിൽ നവീകരിക്കപ്പെടുന്നു. അതാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത്.

***അവർ ദൈവിക വചനങ്ങൾ അതിന്റെ സ്ഥാനത്ത് നിന്ന് മാറ്റിമറിക്കുന്നു. അവർക്ക് ഉപദേശിക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് ഒരു ഭാഗം അവർ മറന്നുകളയുകയും ചെയ്തിരിക്കുന്നു*** (5:14)

ഖുർആൻ ഉന്നയിക്കുന്ന ഈ തത്വത്തിന്റെ വെളിച്ചത്തിൽ നാം മതവൈവിധ്യങ്ങളുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ മതങ്ങൾ അവയുടെ മൗലികരൂപത്തിൽ നിന്നും വ്യതിചലിച്ചതായി കാണാൻ സാധിക്കും. കാരണം ദിവ്യസന്ദേശങ്ങൾ പിന്നീട് മനുഷ്യകൃതമായ മാറ്റങ്ങൾക്കും തിരുത്തലുകൾക്കും വിധേയമായി ഏകദൈവാരാധനയിൽ നിന്നും ബഹുദൈവങ്ങളിലേക്കും യാഥാർത്ഥ്യത്തിൽ നിന്നും കെട്ടുകഥയിലേക്കും മാനുഷതയിൽ നിന്നും ദൈവികവത്കരണത്തിലേക്കു വഴി മാറി. (ഉദാ: ദൈവത്തിന്റെ പ്രവാചകന്മാർ ദൈവം തന്നെയായി അവതരിപ്പിക്കപ്പെട്ടു)

വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നത് സത്യമതം പിന്നീട് തിരുത്തപ്പെട്ട് വ്യതിയാനങ്ങളുണ്ടാവുന്നു എന്നാണ്. ഇത് തിരിച്ചറിയാൻ അതിന്റെ മൗലികപാഠങ്ങൾ പരിശോധിക്കുകയാണ് വേണ്ടത്. അതായത് മറ്റൊന്നിനേയും ആരാധിക്കാതെ ഏകദൈവത്തെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ എന്ന അദ്ധ്യാപനവും മനുഷ്യകുലത്തോട് നിർവ്യാജവും സത്യസന്ധവുമായ അനുകമ്പയും ഒരു മതത്തിൽ വെളിപ്പെടുന്നുവെങ്കിൽ ആ മതം സത്യമതമാണെന്ന് മനസ്സിലാക്കാം. തുടർന്ന് വ്യതിയാനങ്ങളും മാറ്റത്തിരുത്തലുകളും ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെ അവയുടെ മൗലികസ്രോതസ്സ് സത്യമതമാണെന്ന് അംഗീകരിക്കേണ്ടതാണ്. ഈ അദ്ധ്യാപനങ്ങൾക്കനുസൃതമായിക്കൊണ്ടാണ് അത്തരം മതങ്ങളുടെ സ്ഥാപകന്മാർ പ്രവർത്തിച്ചിരുന്നതെങ്കിൽ തീർച്ചയായും അവർ സത്യസന്ധരും സാത്വികരുമായിരിക്കും. അവർ ദൈവത്താൽ നിയോഗിതരായ ദൂതന്മാരുമായിരിക്കും. അത്തരം മതപുരുഷന്മാർക്കിടയിൽ യാതൊരു വ്യത്യാസം കല്പിക്കാൻ പാടില്ല. അവർ കൊണ്ടുവന്ന സത്യം നാം പൂർണരൂപത്തിൽ വിശ്വസിക്കണം. അവരുടെ അദ്ധ്യാപനങ്ങളിൽ കാലദേശങ്ങൾക്കതീതമായ പൊതുവായ ചില തത്വങ്ങളുണ്ട്. അതാണ് വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടുന്നത്.

***അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവരും ഏകാഗ്ര മാനസരുമായി അല്ലാഹുവിനെ ആരാധിക്കാനും നമസ്കാരം നിലനിറുത്താനും സകാത്ത് കൊടുക്കാനും വേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല.*** (98:6)

എല്ലാമതങ്ങളും അതിന്റെ മൂലസ്രോതസ്സിൽ ഒരുപോലെയുള്ളതാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.

അതേ സമയം നാം കാലഘട്ടങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ഇസ്‌ലാമും ഇതരമതങ്ങളും തമ്മിലുള്ള വിടവ് കൂടുതൽ കൂടുതൽ പ്രകടമായി വരുന്നു. അവസാനം അവ തമ്മിൽ യാതൊരു വിധത്തിലും ബന്ധിപ്പിക്കാൻ കഴിയാതെ വരുന്നു. ഇങ്ങനെ മതഗ്രന്ഥങ്ങൾ എല്ലാം തന്നെ മനുഷ്യന്റെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി വികൃതമായി തീർന്നു. അവയെല്ലാം തന്നെ വിശുദ്ധ ഖുർആൻ വെളിപ്പെടുത്തപ്പെട്ട അതേ ദൈവത്തിൽ നിന്നും അവതരിക്കപ്പെട്ടതാണ്.

എല്ലാ മതങ്ങളും അതിന്റെ ആദിസ്രോതസ്സിൽ ഒന്നാണെന്ന പ്രസ്താവന നിസ്സാരമായി ഗണിക്കാൻ സാധ്യമല്ല. അത് ജ്ഞാനത്തിന്റെ പുതിയൊരു ലോകമാണ്. എല്ലാ മതങ്ങളും അവരുടെ സ്വന്തം നന്മക്ക് വേണ്ടിയും ലോകത്തിന്റെ നന്മക്ക് വേണ്ടിയും ഈ വസ്തുത പരിശോധനക്ക് വിധേയമാക്കണം. ഇത് മതങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കാനുള്ള ഏറ്റവും ഫലപ്രദമായ വഴിയാണ്. (തുടരും) ●

---

*(10-ൽ നിന്ന് തുടർച്ച)*

ഗാ ഇബ് ഞാൻ നമസ്കരിക്കുന്നതാണ്.

ഈ ജനാസ ഗാഇബിനോടൊപ്പം മറ്റു ചിലരുടെ ജനാസ ഗാഇബ് നമസ്കാരം കൂടിയുണ്ട്. ഒന്ന് ഡോക്ടർ അസ്‌ലം ജഹാംഗീർ സാഹിബാണ്. ഹരിപൂർ ഹസാറയിലെ ജില്ലാ അമീറായിരുന്നു അദ്ദേഹം മാർച്ച് 15-നാണ് അദ്ദേഹം വഫാത്തായത്. നുസ്റത്ത് ജഹാം സ്കീമിന്റെ കീഴിൽ കുറച്ച് കാലത്തേക്ക് ഇദ്ദേഹം സിറാലിയോണിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദീർഘകാലം അമീറായി സേവനമനുഷ്ടിക്കുകയുണ്ടായി. കുറച്ച് മാസങ്ങൾക്ക് മുമ്പ് ഇദ്ദേഹത്തെയും വധിക്കാൻ ശ്രമിച്ചിരുന്നു. കത്തികൊണ്ട് കുത്തിപ്പരിക്കേൽപ്പിക്കുകയുണ്ടായി. നീ ഖാദിയാനി ആയതുകൊണ്ട് നിന്നെ കൊല്ലാനാണ് ഞാൻ വന്നത് എന്ന് പറഞ്ഞുകൊണ്ടാണ് കുത്തിയത്. പക്ഷെ അദ്ദേഹം അതിൽ നിന്ന് രക്ഷപ്പെടുകയുണ്ടായി. ജനങ്ങൾ കൂടിയതിനാൽ പരിക്കുകളോടെ രക്ഷപ്പെട്ടു. 74 വയസ് പ്രായമുള്ള അദ്ദേഹത്തിന്റെ ഈ പരിക്ക് കാരണം ശരീരം ക്ഷീണിച്ചുപോയിരുന്നു. രോഗിയുമായിരുന്നു ഹൃദയാഘാതം മൂലമാണ് വഫത്തായത്. മൂസിയായിരുന്നു. ബിഹിശ്ത്തീ മക്ബറയിൽ ജനാസ കബറടക്കുകയുണ്ടായി.

മറ്റൊരു ജനാസ നാസിറാ ബീഗം സാഹിബയുടേതാണ്. മീയാൻ ശരീഫ് അഹ്മദ് സാഹിബിന്റെ ഭാര്യയാണിവൾ. സയ്യിദ് അസീസുല്ലാഹ് ശാഹ് സാഹിബിന്റെ മകളായിരുന്നു. ഹദ്റത്ത് സയ്യിദാ മീർ ആപ സാഹിബയുടെ സഹോദരിയും ഖലീഫത്തുൽ മസീഹ് റാബിഇന്റെ അമ്മാവന്റെ മകളുമായിരുന്നു. ആത്മാർ ത്ഥതയുള്ള മഹിളയായിരുന്നു. ഇവരേയും ഈ ജനാസ നമസ്കാരത്തിൽ ഉൾപ്പെടുത്തുകയാണ്. അല്ലാഹു എല്ലാ മർഹൂമിങ്ങളുടേയും പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ നന്മകൾ ഇവരുടെ പിൻഗാമികൾക്ക് നിലനിർത്തുവാൻ കഴിയുമാറാകട്ടെ. (ആമീൻ) ●

---

*(5-ൽ നിന്ന് തുടർച്ച)*

രവും വൈവിധ്യങ്ങളുമെ ല്ലാം സമൂഹത്തിന് അവകാശപ്പെട്ടതാണ്. അതുപോലെ മറ്റൊരു സുപ്രധാന കാര്യം, രാഷ്ട്രത്തെ യാണ് മതേതരമാക്കേണ്ടത്. മറി ച്ച് സമൂഹത്തെയല്ല. അധികാരമുപയോഗിച്ച് സമൂഹത്തെ മതേതരമാക്കാൻ ആർക്കും അവകാശമില്ല. അങ്ങനെ ശ്രമിച്ച കമ്യൂണിസം സോവ്യറ്റ് റഷ്യയിൽ വമ്പിച്ച ഒരു പരാജയമായി കലാശിച്ചതിന്റെ ചരിത്രവും നമ്മുടെ മുമ്പിലുണ്ട്.

ചുരുക്കത്തിൽ ഏത് മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും, വിട്ടുപോകാനും മതവിശ്വാസമില്ലാതെ ജീവിക്കാനും അത് പ്രചരിപ്പിക്കാനും ജനാധിപത്യം അനുവദിക്കുന്നു. അതുകൊണ്ട് മതത്തിന്റെ വളർച്ചക്കും പ്രവർത്തനങ്ങൾക്കും യോജിച്ച ഭരണസമ്പ്രദായം മതേതര ജനാധിപത്യമാണ്. പ്രത്യേകിച്ച് നിരവധി മതങ്ങളും, ഭാഷാസമൂഹങ്ങളും, ഗോത്രവർഗ്ഗ സംസ്കാരങ്ങളും നിലനില്ക്കുന്ന വൈവിധ്യപൂർണ്ണമായ നമ്മുടെ രാജ്യത്ത് സമാധാനവും ക്ഷേമവും നിലനിൽക്കാൻ ജനാധിപത്യത്തെയാണ് നാം ആശ്രയിക്കേണ്ടത്. ജനാധിപത്യത്തിലെ ഉത്സവങ്ങൾ എന്നറിയപ്പെടുന്ന പൊതുതിരഞ്ഞെടുപ്പ് നമ്മുടെ രാജ്യത്ത് ഈ മാസം നടക്കുകയാണ്. വിവേചനബോധത്തോടെ അർഹരായവർക്ക് വോട്ട് നൽകി വിലയേറിയ നമ്മുടെ സമ്മതിദാനാവകാശം നാം വിനിയോഗിക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നു.

***നിശ്ചയമായും നിങ്ങളെ വിശ്വസിച്ചേൽപിച്ചത് (വോട്ടവകാശം പോലെയുള്ള ചുമതലകൾ) അതിന്റെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു.*** (4:59) ●

ലേഖനം

മഹ്മൂദ്, കൽക്കുളം

# പ്രപഞ്ചസംവിധാനവും സൃഷ്ടിപ്പിന്റെ യാഥാർത്ഥ്യവും

## പ്രപഞ്ചത്തിലെ ക്രമസംവിധാനവും പ്രതിഭാസങ്ങളും സ്രഷ്ടാവായ ദൈവത്തിന്റെ അടയാളങ്ങളാണ്.

ദൃശ്യലോകം അതിവിദഗ്ധനായ ഒരു സൃഷ്ടികർത്താവിന്റെ പ്രതിഭാവിലാസത്തെയാണ് വിളിച്ചറിയിക്കുന്നത്. അത്യന്തം കണിശവും വ്യവസ്ഥാപിതവുമായ രൂപത്തിൽ സംവിധാനിക്കപ്പെട്ടിരിക്കുന്ന ഈ പ്രപഞ്ചം സൃഷ്ടിവൈഭവത്തിന്റെ നിദർശനം കൂടിയാകുന്നു. അണുമാത്ര ഗതിവൈകല്യം സംഭവിക്കാതെ, കേവലം നിശ്ചിത പഥങ്ങളിൽ ചരിച്ചുകൊണ്ടേയിരിക്കുന്ന ഈ അണ്ഠകടാഹം സർവ്വസമർത്ഥനായ ഒരു നിയാന്താവിന്റെ ആസ്തിക്യത്തെ അരക്കിട്ടുറപ്പിക്കുവാൻ പര്യാപ്തമാണ്. ഖുർആൻ പറയുന്നു: ***ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറിവരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽ നിന്ന് അല്ലാഹു വെള്ളമിറക്കി ഭൂമിയെ അത് നിർജീവമായി കിടന്നശേഷം സജീവമാക്കുകയും ചെയ്തിട്ടുള്ളതിലും കാറുകളുടെ ഗതിവിഗതികളിലും ആകാശ ഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പലവിധ ദൃഷ്ടാന്തങ്ങളു മുണ്ട്.*** (വി.ഖു. 2:165)

***(പറയുക). ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്ത് നിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്യുന്നതാരാണ്? എന്നിട്ട് അതു മുഖേന നാം മനോഹരമായ തോട്ടങ്ങൾ മുളപ്പിച്ചു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ നിങ്ങൾക്ക് സാധ്യമായിരുന്നില്ല. അല്ലാഹുവിന്റെ കൂടെ മറ്റുവല്ല ആരാധ്യനുമുണ്ടോ? - "പറയുക, ഭൂമിയെ വാസസ്ഥലമാക്കുകയും അതിന്റെ വിടവുകളിൽ നദികളൊഴുക്കുകയും അതിനായി ഉറച്ച മലകളെ സ്ഥാപിക്കുകയും രണ്ട് സമുദ്രങ്ങൾക്കിടയിൽ ആ തടസ്സമുണ്ടാക്കുകയും ചെയ്തതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? എന്നാൽ അവരിൽ അധിക പേരും കാര്യം അറിയുന്നില്ല".*** (വി.ഖു. 27, 61,62)

യാതൊരപാകതയും ദർശിക്കാനാവാത്തവിധം അവികലവും കുറ്റമറ്റതുമാണ് സർവ്വാതിശായിയായ ദൈവത്തിന്റെ സൃഷ്ടികർമ്മങ്ങൾ. അനുയോജ്യവും പരിപൂർണ്ണവുമായ രൂപത്തിലും യന്ത്രവിശേഷം കണക്കെ വിസ്മയജന്യമായനിലയിലും അവൻ തന്റെ കരവിരുത് പ്രകടമാക്കിയിരിക്കുകയാണ്! സൃഷ്ടിജാലങ്ങൾക്ക് അവയുടെ ജീവിതസന്ധാരണത്തിന്നനുരോധമാം വിധം അത്ഭുതപ്രകൃതി പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നതും ദൈവീക ദൃഷ്ടാന്തങ്ങളിൽപ്പെടുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്. ***ഞങ്ങളുടെ റബ്ബ് എല്ലാ വസ്തുവിനും അതതിന്റെ പ്രകൃതിക്കനുയോജ്യമായ സൃഷ്ടിയെ പ്രദാനം ചെയ്യുകയും അനന്തരം അതിനു നിശ്ചിതമായ പരിപൂർണ്ണതയിലേക്ക് എത്തിച്ചേരുവാൻ ഉപദർശനം നല്കുകയും ചെയ്തിരിക്കുന്നവനത്രെ". (20:52) "എഴ് ആകാശങ്ങളെ പടിപടിയായി സൃഷ്ടിക്കുന്നവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടി***

***കർമ്മത്തിൽ ഒരു ക്രമക്കേടും നീകാണുകയില്ല. നീ വീണ്ടും നോക്കുക, വല്ല വിടവും കാണുന്നുണ്ടോ? ഇനിയും രണ്ടു പ്രാവശ്യം കണ്ണോടിച്ച് നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ച് കൊണ്ട് നിന്നിലേക്ക് തിരിച്ചുവരും.*** (67:4, 5) ***ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനകളും സമുദ്രം (മഷിയും) ആവുകയും അതിന് പുറമെ ഏഴു സമുദ്രങ്ങൾ (മഷിയായി) അതിനെ പോഷിപ്പിക്കുകയും ചെയ്താൽപ്പോലും അല്ലാഹൂവിന്റെ ദൃഷ്ടാന്തങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു."*** (31:28)

സൂക്ഷ്മ നിരീക്ഷണത്തിൽ, സ്ഥൂലപ്രപഞ്ചവും അതിലെ ഓരോ വസ്തുവും ദൈവത്തിലേക്കും അവന്റെ ഗുണ വിശേഷങ്ങളിലേക്കുമുള്ള വഴിയടയാളങ്ങളാകുന്നു.

## അത്യുദാത്ത ലക്ഷ്യം

സൃഷ്ടി ലോകത്തിന് പിന്നിൽ മഹത്തായ ലക്ഷ്യമുള്ളതായി കാണാവുന്നതാണ്. ദൈവം വ്യർത്ഥവും വിനോദവുമെന്ന നിലയിൽ സൃഷ്ടിക്കുന്നവനല്ല. അവൻ പരമ പരിശുദ്ധനും അന്യൂനനുമാകുന്നു. ***"ആകാശവും ഭൂമിയും അവ രണ്ടിനുമിടയിലുള്ളതും നാം വിനോദമായി സൃഷ്ടിച്ചിട്ടില്ല. നാം ഒരു വിനോദമാണ് ഉദ്ദേശിച്ചതെങ്കിൽ നമ്മുടെ പക്കൽ നിന്നുതന്നെ. അത് ഏർപ്പെടുത്തുമായിരുന്നു.*** (വി.ഖു. 21:17,18) ***"ആകാശങ്ങളെയും ഭൂമിയേയും അവക്കിടയിലുള്ള വസ്തുക്കളെയും നാം കളിച്ചുകൊണ്ട് സൃഷ്ടിച്ചതല്ല. ന്യായയുക്തമായ ആവശ്യാർത്ഥമല്ലാതെ അവ രണ്ടിനേയും നാം സൃഷ്ടിച്ചിട്ടില്ല. പക്ഷെ, അവരിലധികമാളുകളും കാര്യം അറിയുന്നില്ല"*** (44:39,40) ***"ആകാശങ്ങളെയും ഭൂമിയേയും ന്യായ യുക്തമായ ഉദ്ദേശ്യങ്ങളോടു കൂടി അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും സത്യ വിശ്വാസികൾക്ക് അതിൽ വലിയൊരു ദൃഷ്ടാന്തമുണ്ട്".*** (29:45) ***"നാം നിങ്ങളെ ഉദ്ദേശ്യ ശൂന്യമായി സൃഷ്ടിച്ചതാണെന്നും നമ്മിലേക്ക് നിങ്ങൾ തിരിച്ചുവരികയില്ലെന്നും നിങ്ങൾ വിചാരിച്ചുവോ"*** (23:116) ***"ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറിവരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർക്ക്) (അവർ ഇങ്ങനെ പ്രാർത്ഥിക്കുന്നു) ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്. (അത്തരം നിഷ്പ്രയോജനമായ പ്രവൃത്തികളിൽ നിന്ന്) നീ പരിശുദ്ധനാണ്. അതിനാൽ ഞങ്ങളെ നരകാഗ്നിയിൽ നിന്നും രക്ഷിക്കേണമേ............."*** (3: 191, 192) ഇതു സംബന്ധമായി വാഗ്ദത്ത മഹ്ദീ മസീഹ് (അ) വിവരിക്കുകയാണ്: "ബുദ്ധിമാന്മാരും ജ്ഞാനികളും ഭൂമിയുടെയും ആകാശഗോളങ്ങളുടെയും സൃഷ്ടിയെ കുറിച്ച് ചിന്തിക്കുകയും ദിനരാത്രങ്ങളിലെ അന്തരത്തിനുള്ള കാരണങ്ങളെ നിരീക്ഷിക്കുകയും ചെയ്യുമ്പോൾ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞു കാണുന്ന സംവിധാനത്തിലും വ്യവസ്ഥയിലും സർവ്വോന്നതനായ ദൈവത്തിന്റെ സത്തയെ തെളിയിക്കുന്ന യുക്തികളും ന്യായങ്ങളും അവർക്ക് ലഭിക്കുന്നതാണ്. അപ്പോൾ അവർ കൂടുതൽ വ്യക്തമായ ജ്ഞാനം സിദ്ധിക്കുന്നതിന് ദൈവത്തോട് സഹായമർത്ഥിക്കുകയും നില്ക്കുകയോ ഇരിക്കുകയോ കിടക്കുകയോ ചെയ്യുന്ന അവസ്ഥകളിലെല്ലാം അവനെ സ്മരിക്കുകയും ചെയ്യുന്നു. മൂലം അവരുടെ ബുദ്ധിശക്തി തെളിവും വെളിവുമുള്ളതായിത്തീരുന്നു. അങ്ങനെ അവർ ജ്യോതിർഗ്ഗോളങ്ങളുടെയും ഭൂമിയുടെയും പരിപൂർണ്ണവും അ ന്യൂനവുമായ സൃഷ്ടി വൈചിത്ര്യത്തെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ അവയിലെല്ലാം കാണുമാറാകുന്ന തികവുറ്റ ക്രമവ്യവസ്ഥ വ്യർത്ഥമോ മിഥ്യയോ അല്ലെന്നും യഥാർത്ഥത്തിൽ അത് സർവ്വോന്നതനായ സാക്ഷാൽ പ്രപഞ്ചകർത്താവിന്റെ തിരുമുഖം പ്രത്യക്ഷീകരിക്കുന്നതാണെന്നും ബോധിക്കുന്നു. ഈ വിധത്തിൽ സ്രഷ്ടാവിനെ കുറിച്ച് ജ്ഞാനം സിദ്ധിക്കുക നിമിത്തം അവർ അവനെ ഇപ്രകാരം സ്തോത്രം ചെയ്യുന്നു; അല്ലയോ ഞങ്ങളുടെ രക്ഷിതാവേ! സകല സ്തോത്രവും നിനക്കത്രെ. നിന്റെ മഹത്വത്തെ നിഷേധിക്കുകയോ നിന്നിൽ അയോഗ്യങ്ങളായ ഗുണകർമ്മങ്ങൾ സങ്കല്പിക്കുകയോ ചെയ്യുന്നതിൽ നിന്ന് നീ എത്രയും ഉപരിയായിരിക്കുന്നവനാണ്. നിന്നെ നിഷേധിക്കുക എന്നതു തന്നെ ഒരുനരകമാകുന്നു. യാഥാർത്ഥ സുഖവും ആനന്ദവും നിന്നിലും നിന്റെ ജ്ഞാനത്തിലും സ്ഥിതി ചെയ്യുന്നു. നിന്നെ തിരിച്ചറിയാൻ സാധിക്കാത്തവൻ ഇഹത്തിൽ വെച്ചുതന്നെ നരകാഗ്നിയിലത്രെ. തന്നിമിത്തം ഞങ്ങളെ നരകാഗ്നിയിൽ നിന്ന് രക്ഷിക്കുമാറാകണേ! (ഇസ്‌ലാം മതതത്വജ്ഞാനം)

## പ്രകൃതി പ്രതിഭാസങ്ങളിൽ ആത്മീയലോക സാദൃശ്യം

***വിവിധ വർണങ്ങളിലുള്ള കായ് കനികൾ നാം ഉല്പാദിപ്പിക്കുന്നു. മലകളിൽ ചിലത് വെളുത്തതും ചെമന്നതുമായ വിവിധ വർണങ്ങളുള്ളവയാണ്. ചിലത് കടും കറുപ്പാണ്. മനുഷ്യരിലും ജന്തുക്കളിലും വിവിധ വർ ണങ്ങളുള്ളവയുമുണ്ട്. അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാ ത്രമെ ഭയപ്പെടുകയുള്ളൂ. നിശ്ചയമായും അല്ലാഹു പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനുമാകുന്നു."*** (35:28, 29) ദൈവം തന്റെ നടപടിക്രമമായ പ്രവാചകനിയോഗത്തെപറ്റി പ്രതിപാദിച്ചതിനെത്തുടർന്ന്, ഭൗതികവ്യവസ്ഥകളിലുള്ളടങ്ങിയ പാഠങ്ങളെ സംബന്ധിച്ചും ചിന്തിക്കുവാനാണ് മേൽസൂക്തങ്ങളിൽ ഉണർത്തിയിരിക്കുന്നത്. തമസ്സിന്റെയും ധർമ്മച്യുതിയുടെയും ഉഷ്ണപാതത്താൽ നിർജീവമായി കിടക്കുന്ന ജനഹൃദയങ്ങൾ ദൈവദൂതന്മാരിലൂടെയാണ് ഉദ്ഗതി പ്രാപിക്കുന്നതെന്ന് പരാമൃഷ്ട സൂക്തങ്ങൾ വെളിപ്പെടുത്തുന്നു. ഭൂതലത്തിലെ ഹരിതവർണ്ണത്തിനും ഫലസമൃദ്ധിക്കും ആകാശത്തുനിന്നുള്ള വർഷപാതം അനുപേക്ഷണീയമാണെന്നപോലെ ദിവ്യ വെളിപാടുകളുടെ ഇറക്കം, അഥവാ പ്രവാചകാഗമനം മനുഷ്യാത്മാക്കളുടെ ഉദ്ഗദിക്ക് അനിവാര്യമാകുന്നു.

## മനുഷ്യന്റെ സമുൽകൃഷ്ടസ്ഥാനം

മനുഷ്യൻ സൃഷ്ടികുലോത്തമനാകുന്നു. പ്രപഞ്ചസൃഷ്ടിപ്പിന്റെ സാരാംശവും മനുഷ്യനാകുന്നു. പ്രപഞ്ചത്തിലെ പരകോടി സൃഷ്ടിജാലങ്ങളിൽ അദ്വിതീയ സ്ഥാനത്തു നിൽക്കുന്നു മനുഷ്യൻ. ധൈഷണികവും സമുൽകൃഷ്ടവുമായ മേന്മകളും പ്രാപ്തികളും മനുഷ്യന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ഗുണത്തിനും സേവനത്തിനുമായി ഭൂതലത്തിലുള്ളതൊക്കെയും സൃഷ്ടിച്ചു എന്ന ദിവ്യ പരാമർശവും (2:30) മനുഷ്യന് ലഭിച്ചിരിക്കുന്ന പദവിയും അംഗീകാരവുമാകുന്നു. എന്നാൽ തന്റെ സ്ഥാനവും പദവിയുമുൾക്കൊണ്ട് തന്നിൽ അന്തർലീനമാക്കപ്പെട്ടിരിക്കുന്ന കഴിവുകളും പ്രാപ്തികളും നിതാന്ത പരിശ്രമങ്ങളിലൂടെ യഥാവിധം പരിപോഷിപ്പിച്ചെടുക്കുമ്പോഴാണ് മനുഷ്യന് ഉത്തുംഗസോപാനത്തിലെത്താൻ സാധിക്കുന്നത്.

## പ്രകൃതിയിലെ പാഠവും മനുഷ്യാത്മാവിന്റെ പൂർണ്ണതയും

മനുഷ്യന് ഒട്ടേറെ ഉപകാരങ്ങളും ഗുണങ്ങളും പ്രകൃതിപ്രതിഭാസങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ***"അല്ലാഹു സൂര്യനെയും ചന്ദ്രനെയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവ്വഹിക്കുന്നവിധത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തിത്തന്നിരിക്കുന്നു. അതേപ്രകാരം രാവിനേയും പകലിനേയും നിങ്ങൾക്ക് പ്രയോജനത്തിനായി അവൻ ആക്കുകയും ചെയ്തിരിക്കുന്നു."*** (വി.ഖു. 14:34) സൂര്യനും ചന്ദ്രനും യഥാവിധം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സേവനധർമ്മങ്ങളെ പറ്റി പരിചിന്തനം നടത്തി പാഠമുൾക്കൊള്ളുവാൻ വി. ഖുർആൻ പ്രചോദനം നല്കുന്നു. അഥവാ മനുഷ്യനിൽ സ്ഥിതിചെയ്യുന്ന ഗുണഗണങ്ങളെന്തെല്ലാമാണെന്നറിയുന്നതിന്, സൂര്യചന്ദ്രാദികളുടെ സേവനധർമ്മങ്ങളെ കുറിച്ച് നിരീക്ഷിക്കുവാനും അങ്ങനെ പ്രത്യക്ഷമായി അവയിൽ കാണപ്പെടുന്ന ഗുണങ്ങളിൽ നിന്നും മനുഷ്യാത്മാവിലടങ്ങിയ ഗുണങ്ങളെ സംബന്ധിച്ച് ഊഹിക്കുവാനും വി. ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. മനുഷ്യനെ ഒരു ഹ്രസ്വപ്രപഞ്ചമായും അവന്റെ ആത്മാവിൽ മുഴുപ്രപഞ്ചത്തിന്റെയും സാരാംശം ഉൾക്കൊണ്ടതായും വാഗ്ദത്ത മസീഹ് (അ) വിവരിക്കുന്നു. 'പ്രപഞ്ച വസ്തുക്കളോരോന്നും മനുഷ്യകുലത്തിന് ചെയ്യുന്ന സേവനങ്ങളാസകലം ഉൽകൃഷ്ടനായ ഒരു മനുഷ്യനും അവന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യുവാൻ സാധിക്കുന്നു. സൂര്യ-ചന്ദ്രാദികളെയും ദിനരാത്രങ്ങളെയും സാക്ഷ്യമെന്നോണം എടുത്തുദ്ധരിച്ചതിനെത്തുടർന്ന് വി. ഖുർആനിൽ ഒരിടത്ത് ഇപ്രകാരം പറയുന്നു. ***'തന്റെ ആത്മാവിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയം പ്രാപിച്ചു. അതിനെ ദുഷിപ്പിച്ചവൻ തീർച്ചയായും പരാജയപ്പെടുകയും ചെയ്തു"*** (91:8,9) ദൈവേഷ്ടത്തിനു വഴങ്ങികൊണ്ട് പ്രകൃതിവസ്തുക്കളിലടങ്ങിയ സേവനധർമ്മങ്ങൾ വെളിപ്പെടുത്തുമ്പോഴാണ് മോക്ഷപ്രാപ്തനാകാനും ഉൽകൃഷ്ടതയിലെത്താനും മനുഷ്യന് സാധിക്കുന്നത്. അല്ലാത്തപക്ഷം അവൻ പരാജിതനായിത്തീരുന്നു. ഇതുസംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ)ന്റെ വരികൾ ഇവിടെ കുറിക്കുന്നു: "ധർമ്മശാസ്ത്രത്തിന് മനുഷ്യന്റെ മേലുള്ള സ്വാധീനശക്തി അവന്റെ ജീവിതത്തെ നിയന്ത്രിക്കുകയെന്നതാകുന്നു. ഈ നിയന്ത്രണത്തിന്റെ പരിണിതഫലമായി അവൻ സൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമ്മങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു.

***(ശേഷം 25-ൽ)***

ലേഖനം

ഏ.എം. മുഹമ്മദ് സലീം


**ഖിലാഫത്ത് : നൂറ്റാണ്ടുകളിലൂടെ - 5**

# അബ്ബാസികളുടെ നേട്ടങ്ങൾ

**ബാഗ്ദാദ് ആസ്ഥാനമാക്കി ചൈന മുതൽ ദക്ഷിണ അത്‌ലാന്തിക്ക് വരെ വ്യാപിച്ചുകിടന്ന ബൃഹത്തായ ഇസ്‌ലാമിക സാമ്രാജ്യം അഞ്ചു നൂറ്റാണ്ടു നിലനിന്നു. അബ്ബാസിയാ ഖിലാഫത്തിനു സമാന്തരമായി വന്ന ശിയാക്കളുടെ ഫാത്വിമിയാ ഖിലാഫത്ത് ഇസ്‌ലാമികചരിത്രത്തിലെ ഒരപൂർവ്വ സംഭവമാണ്.**

അബ്ബാസികളുടെ ഖിലാഫത്ത് ഇസ്‌ലാമിക ചരിത്രത്തിലെ സുവർണദശയെ പ്രതിനിധീകരിക്കുന്നു. ലോകത്ത് ഇന്ന് കാണുന്ന മിക്ക ഭരണപരിഷ്കാരങ്ങൾക്കും അടിത്തറ പാകിയത് അബ്ബാസിയാ ഖലീഫമാരാണ്. ദൈവത്തിനു മുന്നിൽ മനുഷ്യരെല്ലാം ഒന്നാണ് എന്ന ഇസ്‌ലാമിക സങ്കല്പമാണ് ലോക നീതിന്യായ വ്യവസ്ഥയിൽ നിഴലിച്ചത്. ഈ ഇസ്‌ലാമിക സങ്കല്പം നിയമവ്യവസ്ഥയിൽ ആദ്യമായി കൊണ്ടുവന്നത് അബ്ബാസികളാണ്. ബാഗ്ദാദിലെ മുഖ്യ ജഡ്ജിയെ 'ഖാദിൽ ഖുദാത്' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഖാദിമാർ ചിലപ്പോൾ ഖലീഫമാർക്കെതിരെയും വിധി പറഞ്ഞിട്ടുണ്ട്. നീതിന്യായസംവിധാനം സ്വതന്ത്രമായിരുന്നു. അനാഥകളോടും അഗതികളോടും ദരിദ്രരോടുമുള്ള ഇസ്‌ലാമിന്റെ സ്വഛമായ പ്രതിബദ്ധത വമ്പിച്ച തോതിൽ പലവിധ നിയമ നിർമ്മാണങ്ങളുടെയും രൂപത്തിൽ അബ്ബാസികൾ നടപ്പാക്കി. അത് പോലെ സൈന്യങ്ങളുടെ ശാസ്ത്രീയമായ ക്രമീകരണം നടപ്പാക്കിയതും അബ്ബാസികളാണ്. ഉമവികൾ തുടർന്നു വന്ന പാരമ്പര്യം തന്നെയാണ് സ്ത്രീ സ്വാതന്ത്ര്യത്തിൽ അബ്ബാസികളും കൈകൊണ്ടത്. സ്ത്രീകൾക്ക് സർവ്വവിധ സ്വാതന്ത്ര്യവും അവർ അനുവദിച്ചിരുന്നു. വാണിജ്യരംഗത്ത് നൂതനമായ പല വികാസങ്ങളും ആവിഷ്കരിച്ചത് അബ്ബാസികളാണ്. പടിഞ്ഞാറൻ രാജ്യങ്ങളുമായി ബാഗ്ദാദിന് ബന്ധം സ്ഥാപിക്കാൻ സൂയസ് കനാൽ നിർമ്മിക്കുന്ന പദ്ധതിക്ക് ആദ്യം രൂപം നൽകിയത് ഹാറൂൻ റശീദ് ആയിരുന്നു എന്ന് പറയപ്പെടുന്നു. സോപ്പ് വിവിധ തരത്തിലുള്ള വസ്ത്രങ്ങൾ, പാന്റ്സ്, പരവതാനി രോമക്കുപ്പായങ്ങൾ, ഫർണിച്ചറുകൾ, വിവിധതരം ഗ്ലാസുകൾ, ലോഹപാത്രങ്ങൾ മുതലായവ യൂറോപ്യർ അറിയുന്നത് അബ്ബാസി ഭരണകാലത്താണ്.

8ാം നൂറ്റാണ്ടോടു കൂടിയാണ് അബ്ബാസികൾക്ക് കടലാസിന്റെ അറിവ് ലഭിച്ചത്. ഇസ്‌ലാമിക ചരിത്രത്തിലെ സുപ്രധാന സംഭവമായിരുന്നു അത്. അതിനെ തുടർന്ന് ഇസ്‌ലാമിക സാഹിത്യത്തിലും, വമ്പിച്ച പുരോഗതിയുണ്ടായി 'സിഹാഹു സിത്ത' എന്ന ആറ് പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങൾ ക്രോഡീകരിക്കപ്പെട്ടത് അബ്ബാസികളുടെ കാലത്താണ്. 'കർമ്മശാസ്ത്രവും നിയമവ്യവസ്ഥയും അതിന്റെ നിദാനശാസ്ത്രങ്ങളും (ഉസൂലുൽ ഫിഖ്ഹ്) ഇക്കാലത്താണ് വികസിച്ചത്.



*അബ്ബാസികൾ പണികഴിപ്പിച്ച സമറായിലെ ജുമാമസ്ജിദ്*

വൈജ്ഞാനിക രംഗത്ത് അബ്ബാസികൾ സൃഷ്ടിച്ച വിപ്ലവം ലോകസംസ്കാരത്തേത്തന്നെ മാറ്റിമറിച്ചു. അബ്ബാസിയ്യാ ഖലീഫമാർ പൊതുവേ മുഅ്തസിലാ (യുക്തിവാദി) പ്രസ്ഥാനത്തോട് ആഭിമുഖ്യം പുലർത്തുന്നവരായതിനാൽ മതയാഥാസ്ഥിതികത്വം അവരെ സ്പർശിച്ചിരുന്നില്ല. അതുകൊണ്ട് ശാസ്ത്രരംഗത്ത് വമ്പിച്ച പുരോഗതിയാണ് ഉണ്ടായത്.

യവന തത്വചിന്ത മുഴുവനും അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. പല ഗ്രീക്ക് ക്ലാസിക്കുകളുടെയും അറബി വിവർത്തനം മാത്രമാണ് പിന്നീട് അവശേഷിച്ചത്. അതാണ് യൂറോപ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. ഇബ്നുസീന, അലിയ്യു തബരി, റാസി, മുതലായ പ്രഗത്ഭ വൈദ്യശാസ്ത്രവിജ്ഞാനികൾ അബ്ബാസിയ്യാ കാലഘട്ടത്തിന്റെ സംഭാവനകളാണ്. ഗണിതശാസ്ത്രത്തിലും ഗോളശാസ്ത്രത്തിലും കുതിച്ചുചാട്ടങ്ങളുണ്ടായി. വിജ്ഞാനസാഹിത്യം വിനിമയം ചെയ്യുന്നതിൽ ഇന്നത്തെ ഇംഗ്ലീഷ് ഭാഷയുടെ പങ്കായിരുന്നു അന്നത്തെ അറബിഭാഷക്കുണ്ടായിരുന്നത്. ബൈത്തുൽ ഹിക്മ എന്ന സ്ഥാപനം അവർ പടുത്തുയർത്തി.

## അബ്ബാസികളുടെ പതനം

ചൈന മുതൽ ദക്ഷിണ അത്ലാന്തിക്ക് വരെ വ്യാപിച്ചു കിടന്ന ബൃഹത്തായ ഇസ്ലാമിക സാമ്രാജ്യം കാര്യക്ഷമമായി ഭരിക്കുക എന്നത് ഏറെക്കുറെ അസാധ്യമായ കാര്യമായിരുന്നു. ഖുറാസാൻ കേന്ദ്രമാക്കി ത്വാഹിരിയ്യാ വംശം, പേർഷ്യയിലെ സഫവിയ്യാ വംശം, ഖുറാസിനിൻ തന്നെയുണ്ടായ സമാനിയ്യാ വംശം, ഗസ്നവീ വംശം. ബുവയ്ഹിയ്യാ വംശം മുതലായ തദ്ദേശീയവും ഗോത്രീയവുമായ വംശങ്ങൾ സ്വതന്ത്രമായ ഭരണക്കൂടങ്ങൾ സ്ഥാപിച്ച് അബ്ബാസിയ്യാ ഖിലാഫത്തിനെ വെല്ലുവിളിച്ചുകൊണ്ടിരുന്നു. പല ഖലീഫമാരും സുഖലോലുപതയിലും പക്ഷപാതിത്വപരമായും പെരുമാറി. പൊതുവെ ശൈഥില്യത്തെ അഭിമുഖീകരിച്ചുകൊണ്ടിരുന്ന അബ്ബാസീ ഖിലാഫത്തിന്റെ പതനം പൂർണ്ണമാക്കിയത് ക്രി. വ. 1231 ലെ മംഗോൾ ആക്രമണങ്ങളാണ്. ആക്രമണം എന്നതിൽ കവിഞ്ഞ് അതിഭയാനകമായ ഒരു നരമേധമായിരുന്നു അത്. ജനങ്ങളുടേയും ഭരണാധിപരുടേയും പാപത്തിന് ദൈവമിറക്കിയ ശിക്ഷ എന്നാണ് ചെങ്കിസ്ഖാന്റെ ഈ ആക്രമണത്തെ പല മുസ്ലിം ചരിത്രകാരന്മാരും വിശേഷിപ്പിച്ചത്. ചെങ്കിസ്ഖാനുശേഷം ഹി. 656/ക്രി. വ. 1258ൽ ചെങ്കിസ്ഖാന്റെ പൗത്രൻ ഹലാക്കു വീണ്ടും ബാഗ്ദാദ് ആക്രമിച്ചു ഉപരോധിച്ചു. ഖലീഫ വധിക്കപ്പെട്ടാൽ ലോകനാശം സംഭവിക്കുമെന്ന് മുസ്ലിംകൾ ഹലാകുവിനോട് പറഞ്ഞുനോക്കി. ഒടുവിൽ അവസാനത്തെ അബ്ബാസിയാ ഖലീഫ അൽ മുസ്തഅസിം ഹലാകുവിനു മുമ്പിൽ കീഴടങ്ങുകയും കുടുംബാംഗങ്ങളടക്കം 300 പേരെയും ഖലീഫയേയും ഹലാകു നിഷ്ക്കരുണം വധിച്ചുകളയുകയും ചെയ്തു. അങ്ങനെ ഹിജ്റ വർഷ പ്രകാരം 524 വർഷം (ക്രി. വ. 508) നീണ്ടുനിന്ന അബ്ബാസിയ്യാ ഖിലാഫത്തിന് അന്ത്യമായി.

## ഈജിപ്തിലെ ഫാത്വിമിയ്യാ ഖലീഫമാർ

റസൂൽ തിരുമേനിയുടെ മകൾ ഹദ്റത്ത് ഫാത്തിമ(റ)യുടെ പേരിൽ അറിയപ്പെടുന്ന ഒരു ശിആ വിഭാഗമാണ് ഫാത്വിമികൾ. അബ്ബാസി ഖിലാഫത്തിൽ നിന്നും വേർപെട്ട സ്വതന്ത്രമായ ഒരു ശിആ ഖിലാഫത്തായിരുന്നു ഫാത്വിമികളുടേത്. ശിയാക്കളിലെ തീവ്രവിഭാഗമായ ഇസ്മാഈലികളാണ് ഫാത്വിമികൾ എന്ന പേരിൽ അറിയപ്പെട്ടത്.

ഈജിപ്തിലേക്ക് മുസ്ലിംകൾ പ്രവേശിക്കുന്നത് മഹാനായ ഉമർ (റ)ന്റെ കാലത്താണ്. ബൈസാന്റയിൻ ക്രിസ്ത്യാനികളുടെ ആധിപത്യത്തിന്നുകീഴിൽ വമ്പിച്ച പീഡനങ്ങൾക്കും അടിച്ചമർത്തലുകൾക്കും ചൂഷണത്തിനും വിധേയരായി കഴിഞ്ഞിരുന്ന ഈജിപ്ഷ്യൻ ജനതയെ ഫാതിഹുൽ മിസ്ർ (ഈജിപ്ത് വിമോചകൻ) എന്ന പേരിൽ അറിയപ്പെടുന്ന ഇസ്ലാമിന്റെ വീരപുരുഷനായ സേനാനായകൻ അംറുബ്നുൽ ആസ് (റ) ആണ് മോചിപ്പിച്ചത്. ഖുദ്സിന്റെ സംരക്ഷണത്തിനും ഈജിപ്തിലെ ക്രൂരമായ ഭരണത്തിൽ നിന്നും അവരെ മോചിപ്പിക്കാനും ഖലീഫാ ഉമർ(റ) വളരെ മടിച്ചുകൊണ്ടാണ് ഈജിപ്ത്തിലേക്ക് പട നയിക്കാൻ നിർദ്ദേശം നൽകിയത്. അങ്ങനെ ഈജിപ്ത് ഇസ്ലാം മതം ആശ്ലേഷിച്ചു.

ഉമവികൾക്ക് ശേഷം അബ്ബാസികൾ ഭരിക്കുമ്പോഴാണ് ഈജിപ്തിൽ ഫാത്വിമികൾ കടന്നുവരുന്നത്. അബ്ബാസീ ഖിലാഫത്തിനു കീഴിൽ ഈജിപ്തിനെ പോലെ മറ്റു നിരവധി സ്വതന്ത്രരാജ്യങ്ങളുമുണ്ടായിട്ടുണ്ട്. പക്ഷേ ഈജിപ്തിൽ മാത്രമാണ് സ്വതന്ത്ര ഖിലാഫത്ത് സ്ഥാപിതമായത്. സ്പെയിനും ഒരിക്കലും അബ്ബാസികളുടെ ഖിലാഫത്തിനു കീഴിൽ നിൽക്കാൻ കൂട്ടാക്കിയിട്ടില്ല. ഉമവീഭരണം തന്നെയാണ് സ്പെയിനിലുണ്ടായത്. പക്ഷേ അവിടുത്തെ ഭരണാധികാരികൾ അമീർ എന്ന നിലയിലാണ് സ്വതന്ത്രമായി ഭരിച്ചത്. ഖലീഫമാരായി അവർ സ്വയം പ്രഖ്യാപിച്ചിരുന്നില്ല. ഈജിപ്ത് മാത്രമാണ് ഇതിന്നപവാദം - അവർ സ്വതന്ത്ര ഖിലാഫത്ത് സ്ഥാപിച്ചു.

അബ്ബാസിയ്യാ ഖിലാഫത്തിന്റെ കാലത്താണ് ഇസ്‌ലാമിൽ ആദ്യമായി ഒരേസമയം രണ്ട് ഖിലാഫത്ത് നിലനിന്നത്. അതാണ് ഈജിപ്തിലെ ശിയാക്കളുടെ ഫാത്വിമിയാ ഖിലാഫത്ത്. അബ്ബാസി ഖലീഫമാരുടെ കാലത്താണ് ഈജിപ്തിലേക്ക് ഫാത്വിമികൾ കടന്നുവെന്നതെന്ന് പറഞ്ഞുവല്ലോ. കൃത്യമായി പറഞ്ഞാൽ രണ്ടാമത്തെ അബ്ബാസി ഖലീഫ അബു ജഅ്ഫർ അൽ മൻസൂറിന്റെ (148/765) കാലത്താണ് ഫാത്വിമികളിലെ ഇസ്മായീലി പരമ്പര ഉടലെടുത്തത്. ശീആക്കളായ അവർക്ക് സ്വതന്ത്രമായ ഇമാമും ഖലീഫമാരുമാണുണ്ടായിരുന്നത്. അബ്ബാസീ ഖലീഫമാരെ അവർ അംഗീകരിച്ചിരുന്നില്ല. യമനിലാണ് പ്രഥമമായി ഫാത്വിമിയ്യാ ഭരണകൂടം പ്രത്യക്ഷപ്പെട്ടത്. പിന്നീട് ബഹറൈനിലും ഉത്തരാഫ്രിക്കയിലെ മോറോക്കോവിലും ഫാത്വിമിയ്യാ ഖലീഫമാർ ഭരണക്കൂടം സ്ഥാപിച്ചു. മൊറോക്കോവിൻ ഭരണകൂടം സ്ഥാപിച്ച ഉബൈദുല്ലാഹിൽ മഹ്ദിയാണ് ഫാത്വിമികളുടെ പ്രഥമ ഖലീഫ. ഈജിപ്തിൽ ഭരണകൂടം സ്ഥാപിക്കൽ അവരുടെ ചിരകാലാഭിലാഷമായിരുന്നു. നാലാം ഫാത്വിമിയ്യാ ഖലീഫ അൽ മുഇസ്സു ലിദീനില്ലായുടെ (ഹി. 358/968) കാലത്താണ് അവർ ഈജിപ്ത് കീഴടക്കിയത്. ജൗഹറു സ്സ്വിഖില്ലിയാണ് സേനാനായകൻ. മുഴുവൻ സുന്നികളായ ഈജിപ്തിൽ ശിയാക്കളുടെ ഫാത്വിമിയ്യാ ഖിലാഫത്തിനെ ആദ്യത്തിൻ ഈജിപ്തുകാർ അംഗീകരിച്ചില്ലെങ്കിലും പിന്നീട് ആദരപൂർവ്വം സ്വാഗതം ചെയ്യുകയാണുണ്ടായത്. ഈജിപ്തിനു പുറമെ അന്ന് സുന്നികളുടെ അബ്ബാസിയാ ഖിലാഫത്താണ് നിലനിന്നിരുന്നത് എന്ന വസ്തുതയും ശ്രദ്ധേയമാണ്.

ഫാത്വിമിയ്യാ ഭരണകാലം ഈജിപ്തിന്റെ സുവർണ കാലമായിരുന്നു. വളരെ സഹിഷ്ണുതയോടെയാണ് അവർ വിയോജിപ്പുള്ളവരോടു പെരുമാറിയത്. ഈജിപ്തിനെ വിജ്ഞാനത്തിന്റെ കലവറയാക്കി മാറ്റിയത് ഫാത്വിമികളാണ്. സുന്നി ഭൂരിപക്ഷമുള്ള ഈജിപ്തിനെ ശിയാവത്ക്കാൻ ഫാത്വിമികൾ ശ്രമിച്ചിട്ടില്ല. അൽഖാഹിറ (ജേതാവ്) എന്ന അർത്ഥമുള്ള പട്ടണം പണിതത് ഫാത്വിമി ഖലീഫ അൽമുഊസ് (362/973) ആണ്. ആ നഗരമാണ് പിന്നീട് വിഖ്യാതമായ ഈജിപ്തിന്റെ തലസ്ഥാനമായ കൈറോ പട്ടണമായി മാറിയത്. അദ്ദേഹം തന്നെയാണ് ലോകപ്രശസ്തമായ അൽ അസ്ഹർ സർവ്വകലാശാല സ്ഥാപിച്ചത്. ആഭ്യന്തര ശൈഥില്യവും പുറമെനിന്നുള്ള ആക്രമണവുമാണ് ഫാത്വിമി ഖിലാഫത്തിനെ തളർത്തിയത്. അവസാനത്തെ ഫാത്വിമി ഖലീഫ അൽ ആദിദ് ബില്ലായുടെ കാലത്ത് (567/1171) സുൽത്താൻ സലാഹുദ്ദീൻ അയ്യൂബിയുടെ കൈകളാൽ ഫാത്വിമിയ്യാ ഭരണം ഈജിപ്തിൽ അവസാനിച്ചു. ഈജിപ്തിലെ ശിയാ അടയാളങ്ങളെല്ലാം മായ്ച്ചു വീണ്ടും സുന്നിവത്ക്കരിച്ചത് സലാഹുദ്ദീൻ അയ്യൂബിയും തുടർന്നുവന്ന അയ്യൂബി രാജാക്കന്മാരുമാണ്. ഫാത്വിമി ഖലീഫമാരുടെ കൊട്ടാരത്തിലുണ്ടായിരുന്ന നിരവധി സ്വർണ്ണങ്ങളും രത്നങ്ങളും സലാഹുദീൻ അയ്യൂബി ബൈത്തുൽ മാലിൽ ലയിപ്പിക്കുകയും കൊട്ടാരത്തിലെ അടിമകളെ മോചിപ്പിക്കുകയുമുണ്ടായി.

## ഈജിപ്തിലെ അബ്ബാസി ഖലീഫമാർ

അൽ മുസ്തൻസ്വിർബില്ലാ അബുൽ ഖാസിം അഹ്മദ്
അൽ ഹാകിം ബി അംറില്ലാ അബുൽ അബ്ബാസ് അഹ്മദ്
അൽ മുസ്തക് ഫി ബില്ലാ അബൂർറബീഅ് സുലൈമാൻ
അൽ വാഥിക് ബില്ലാ അബു ഇസ്ഹാഖ് ഇസ്റാഹിം
അൽ ഹാകിം ബി അംറില്ലാ അബുൽ അബ്ബാസ് അഹ്മദ്
അൽ മുഅ്തദിദ് ബില്ലാ അബുൽ ഫത്ഹ് അബൂബക്കർ
അൽ മുതവക്കിൽ അലല്ലാ അബൂ അബ്ദില്ലാ മുഹമ്മദ്
അൽ മുഅ്തസ്വിം ബില്ലാ അബൂയഹ്‌യാ സക്കരിയ്യാ
അൽ മുതവക്കിൽ അലല്ലാ - (രണ്ടാം തവണ)
അൽ വാത്വിഖ് ബില്ലാ ഉമർ
അൽ മുഅ്തസ്വിം ബില്ലാ (രണ്ടാം തവണ)
അൽ മുതവക്കിൽ അലല്ലാഹ് (മൂന്നാംതവണ)
അൽ മുസ്തഈൻ ബില്ലാ അബുൽ ഫദ്‌ലിൻ അബ്ബാസ്
അൽ മുഅ്തദിദ് ബില്ലാ അബുൽ ഫത്ഹ് ദാവൂദ്
അൽ മുസ്തക്ഫി ബില്ലാ അബുർ റബീഅ് സുലൈമാൻ
അൽ ഖാഇം ബി അംറില്ലാ അബുൽ ബഖാഅ് ഹംസ
അൽ മുസ്തൻജിദ് ബില്ലാ അബുൽ മഹാസിൻ യൂസുഫ്
അൽ മുതവക്കിൽ അലല്ലാ അബുൽഇസ്സ് അബ്ദുൽ അസീസ്
അൽ മുസ്തംസിക്ബില്ലാ അബുസ്വബ്ർ യഅ്ഖൂബ്
അൽമുതവക്കിൽ അലല്ലാ മുഹമ്മദ്

## ഈജിപ്തിലെ അബ്ബാസി ഖലീഫമാർ

ഇറാഖിലെ അബ്ബാസി ആസ്ഥാനമായ ബാഗ്ദാദ് 659/1258 താർത്താരികൾ (മംഗോൾ) ആക്രമിച്ചതോടെ അബ്ബാസി ഖിലാഫത്തിനു അന്ത്യം കുറിച്ചുവെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അപ്പോഴേക്കും ഈജിപ്തിലെ ഫാത്വിമിയാ ഖിലാഫത്ത് സുൽത്താൻ സലാഹുദ്ദീൻ അയ്യൂബിയുടെ കൈകളാൽ അവസാനിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ മുസ്‌ലിം ലോകത്ത് ഖിലാഫത്ത് ഇല്ലാത്ത ഒരു ശൂന്യത അനുഭവപ്പെട്ടു. എന്തായാലും ഒരു ആഗോള ഖിലാഫത്ത് നേതൃത്വമില്ലാതെ

മുസ്‌ലിം സമൂഹത്തിന്ന് ജീവിക്കാൻ സാധ്യമല്ല എന്ന ധാരണ മുസ്‌ലിം ലോകത്തിന്നുണ്ടായിരുന്നു. ഈ ചിന്ത യുടെ ഫലമായി ഹി.വ. 659/ക്രി.വ. 1261ൽ ഈജിപ്തിലെ കൈറോ ആസ്ഥാനമായി ഒരു നിഴൽ അബ്ബാസി ഖിലാ ഫത്തിന് തുടക്കം കുറിച്ചു. തുനീഷ്യക്കാരനായ ഹഫ്‌സി രാജവംശത്തിൽപ്പെട്ട അബൂ അബ്ദില്ലാ 650/1253 മുസ്തൻ സ്വിർ എന്ന അപരനാമത്തിൽ ഈജിപ്തിൽ സ്വയം ഖലീഫയായി പ്രഖ്യാപിച്ചപ്പോൾ മക്കയിലെ അബൂ നുമയ്യ് അതിന് അംഗീകാരം നൽകുകയായിരു ന്നു. ബാഗ്ദാദിലെ അവസാനത്തെ അബ്ബാസി ഖലീഫ മാരിലൊരാളുടെ പേര് അൽ മുസ്തൻസ്വിർ എന്നായി രുന്നു. അത് അബൂ ആബ്ദില്ല സ്വീകരിച്ചു അബ്ബാസീ പരിവേഷം ഉണ്ടാക്കുകയായിരുന്നു. പുതിയ ഖലീഫ യുടെ ഉദ്ദേശം. എന്നാൽ ഖലീഫക്ക് ഭരണാധികാരമു ണ്ടായിരുന്നില്ല. ഈജിപ്തിൽ അപ്പോൾ ഭരിച്ചിരുന്നത് മംലൂക്ക് സുൽത്താൻമാരായിരുന്നു. അവർ ആദ്യം അബൂ അബ്ദില്ലായെ അംഗീകരിച്ചെങ്കിലും പിന്നീട് നിഷ്ക്കാസിതനാക്കി.

ഈജിപ്തിലെ മംലൂക്ക് ഭരണം ലോകത്ത് ഇസ്‌ലാ മിൽ മാത്രം സംഭവിച്ച ഒര്ഭുതമാണ് എന്ന കാര്യം ആനുഷംഗികമായി പരാമർശിക്കട്ടെ. അബ്ബാസി പല രാജ്യങ്ങളിൽ നിന്നും കൊണ്ടുവന്ന അടിമകൾ ഒന്നി ച്ചുചേർന്ന് ഒരു സൈനിക ശക്തിയായി വളരുകയും ഒരു രാജവംശത്തിന് തുടക്കം കുറിക്കുകയുമാണ് ചെയ്തത്. അങ്ങനെയാണ് അടിമകളുടെ മംലൂക്ക് രാജ വംശം സ്ഥാപിതമായത് മംലൂക്ക്, ബഹ്‌റി, ബുർജി എന്നീ വംശങ്ങളാണ് പിന്നീട് ഈജിപ്ത് ഭരിച്ചത്. മംഗോളുക ളുടെ ആക്രമണത്തിൽ നിന്നും ഈജിപ്തിനെ രക്ഷി ച്ചത് മംലൂക്കുകളാണ്. മംലൂക്കുകൾ ശക്തന്മാരായ ഭര ണാധികാരികളായിരുന്നു. ഈജിപ്തിലെ ആദ്യത്തെ അബ്ബാസിയാ നിഴൽ ഖലീഫയായി അവരോധിക്കപ്പെട്ട തുണീഷ്യക്കാരനായ അബൂ അബ്ദില്ലായെ അംഗീകരി ക്കാൻ മംലൂക്ക് സുൽത്താനായി പിന്നീടു വന്ന ബയ് ബറസ് തയ്യാറായില്ല. അബ്ബാസിയ്യാ ഖിലാഫത്തിന്റെ യഥാർത്ഥ പിന്തുടർച്ചയിൽ ഒരു ഖലീഫയെ പ്രതിഷ്ഠി ക്കാനാണ് ബയ്ബറസ് ശ്രമിച്ചത്. ബാഗ്ദാദിൽ അബ്ബാസി ഖിലാഫത്ത് ഭരണം അവസാനിച്ച സന്ദർഭത്തിൽ അബ്ബാ സിയാ വംശത്തിലെ അവസാനത്തെ ഖലീഫയുടെ അമ്മാവനായ അൽ മുസ്തൻസ്വിരിനെ ഈജിപ്തിലേക്ക് കൊണ്ടുവന്ന് അദ്ദേഹം അബ്ബാസീ ഖലീഫയായി അവ രോധിക്കുകയായിരുന്നു. പിന്നീട് ഈ അബ്ബാസിയാ ഖലീഫ ഈജിപ്ത്, സിറിയ, ഹിജാസ്, യമൻ, ദിയാർ ബക്കർ എന്നീ പ്രദേശങ്ങളിലെ ഭരണാധികാരം ബയ്ബറസിനെ ഏല്പിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനം നടത്തുകയാണുണ്ടായത്. ഈജിപ്തിലെ ഭരണാധികാ രികളുടെ അഭീഷ്ടം സാധിപ്പിക്കുന്ന ഭരണാധികാരമി ല്ലാത്ത അബ്ബാസിയ്യാ ഖലീഫമാരായിരുന്നു ഈജിപ്തി ലുണ്ടായിരുന്നത്.

വാസ്തു ശില്പ കലയിലും കലാസാഹിത്യരംഗങ്ങ ളിലും മംലൂക്കുകൾ വളരെയേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. ജീവചരിത്രരചനാരംഗം വളരെ സജീ വമായത് മംലൂക്കുകളുടെ കാലത്താണ്. 1517ൽ ഉഥ്മാ നിയാ സുൽത്താൻ സലീം ഒന്നാമന്റെ ആക്രമണം വരെ മംലൂക്ക് ഭരണം ഈജിപ്തിൽ നിലനിന്നു. പിന്നീട് ഉഥ്മാ നീയാ ഖിലാഫത്തിന്റെ ആധിപത്യം വന്നപ്പോൾ അവ രുടെ പ്രതിനിധിയായിക്കൊണ്ട് പാഷമാരാണ് ഈജിപ്ത് ഭരിച്ചത്. (തുടരും)

---

*(21-ൽ നിന്ന് തുടർച്ച)*

തനിക്ക് ദൈവം നല്കിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെ പ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുന്നു. ചന്ദ്രനെപ്പോലെ അവൻ സർവ്വ പ്രകാശകേന്ദ്രമായ ദൈവത്തിൽ നിന്നു സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റെയും സൽഗതിയുടെയും മാർഗ്ഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളെയും ചാപല്യങ്ങളെയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നല്കുകയും ചെയ്യുന്നു. അവൻ ആകാശത്തെ പ്പോലെ പറവശർക്കും അഭയാർത്ഥികൾക്കും ശരണമേ കുകയും അവസരോചിതം തന്റെ കൃപാവർഷം അവ രിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗ ഖ്യവും ക്ഷേമവും നല്കുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണ ത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധതരത്തി ലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു..... ധർമ്മശാസ്ത്രമനുസരിച്ചുള്ള ജീവിതം ഒരുവനിൽ ഇവിടെ ഉണ്ടാക്കിതീർക്കുന്ന പ്രഭാവമാ ണിത്.” *(ഇസ്‌ലാം മതതത്വജ്ഞാനം)*

ലേഖനം

എം.എസ്സ്

# സുലൈമാൻ നബി(അ)യുടെ സൈന്യവും 'ഹുദ് ഹുദ്' എന്ന വ്യക്തിയും

## സുലൈമാൻ നബി(അ)യുടെ സൈന്യത്തിലുണ്ടായിരുന്ന 'ഹുദ് ഹുദ്' മരം കൊത്തി പക്ഷിയല്ല, മനുഷ്യനായിരുന്നു

*സുലൈമാന്റെ മുമ്പാകെ ജിന്നുകളിൽ നിന്നും ഇൻസുകളിൽ നിന്നും പക്ഷികളിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ സൈന്യങ്ങൾ ഒരിമിച്ചു കൂട്ടപ്പെട്ടു. എന്നിട്ട് അവ പല വകുപ്പുകളിലായി ക്രമീകരിക്കപ്പെടുകയും ചെയ്തു... അദ്ദേഹം പക്ഷികളെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു: 'എനിക്കെന്തുപറ്റി? ഞാൻ ഹുദ്ഹുദിനെ കാണുന്നില്ലല്ലോ അഥവാ അവൻ മനഃപൂർവ്വം അപ്രത്യക്ഷനായതാണോ? തീർച്ചയായും ഞാൻ അവനെ കഠിനമായി ശിക്ഷിക്കുന്നതാണ്. അല്ലെങ്കിൽ ഞാൻ അവനെ കൊന്നുകളയും. അതുമല്ലെങ്കിൽ അവൻ എനിക്ക് സ്പഷ്ടമായ വല്ല തെളിവും കൊണ്ടുവരണം. അങ്ങനെ അദ്ദേഹം അല്പം താമസിച്ചു. (അപ്പോഴേക്കും ഹുദ് ഹുദ് വന്നു). ഇങ്ങനെ പറഞ്ഞു: 'താങ്കൾ അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ ശരിക്കും അറിഞ്ഞിട്ടുണ്ട്. ഞാൻ 'സബ്ഇൽ' നിന്നും സൂക്ഷ്മമായ ഒരു വിവരവും കൊണ്ടാണ് താങ്കളുടെ അടുക്കലേക്ക് വന്നിട്ടുള്ളത്. അവിടെ ഒരു സ്ത്രീ അവരുടെ മേൽ ആധിപത്യം വഹിക്കുന്നതായി ഞാൻ കണ്ടു. എല്ലാ വസ്തുക്കളിൽ നിന്നും (അവശ്യമായത്) അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. അവൾക്ക് ഒരു വലിയ സിംഹാസനമുണ്ട്.... അദ്ദേഹം (സുലൈമാൻ) പറഞ്ഞു: 'നീ സത്യമാണോ പറയുന്നത്? അതല്ല കള്ളം പറയുന്നവരിൽപ്പെട്ടതാണോ എന്ന് ഉടനെ നമുക്ക് നോക്കാം. എന്റെ ഈ എഴുത്ത് കൊണ്ടുപോയി അത് അവരിലേക്ക് ഇട്ടുകൊടുക്കുക. എന്നിട്ട് അവരിൽ നിന്നും പിൻമാറി നില്ക്കുക. പിന്നെ അവർ എന്ത് മറുപടി നൽകുന്നുവെന്ന് നോക്കുക'* (27:18-27)

സൂറ: അന്നംലിലെ പ്രസ്തുത വചനങ്ങളിൽ സുലൈമാൻ നബി (അ)യുടെ സൈന്യങ്ങളെ പറ്റി വർണ്ണിച്ചിരിക്കുന്നു. അതിൽ ഇൻസും, ജിന്നും, പക്ഷികളും, പക്ഷികളുടെ കൂട്ടത്തിൽ ഹുദ്ഹുദും ഉള്ളതായി ഖുർആൻ പറയുന്നു. പ്രസ്തുത പരാമർശത്തെ അക്ഷരാർത്ഥത്തിൽ എടുത്തുകൊണ്ട് അരൂപികളായ ജിന്നുകളുടേയും, പക്ഷികളുടേയും ഒരു സൈന്യം സുലൈമാൻ നബി (അ)ക്കുണ്ടായിരുന്നു എന്ന് ഖുർആൻ ഭാഷ്യകാരന്മാരിൽ പലരും പറയുന്നു. വാസ്തവത്തിൽ ജിന്നും പക്ഷികളുമെല്ലാം അദ്ദേഹത്തിന്റെ സൈന്യത്തിൽ പ്രത്യേക ദൗത്യങ്ങൾ നിർവ്വഹിക്കാനുള്ള സേനാവിഭാഗങ്ങളുടെ പേരായിരുന്നു. അവരെല്ലാം തന്നെ മനുഷ്യരുമായിരുന്നു.

പ്രസ്തുത വചനവും സൂറ: അമ്പിയായിലെ 83ാം വചനവും സൂറ സബഅ്ലെ 13ാം വചനവും ചേർത്ത് വ്യാഖ്യാനിക്കേണ്ടതാണ്.

*(നാം) അദ്ദേഹത്തിന് (സുലൈമാന്) വേണ്ടി മുങ്ങൽ വിദഗ്ദരേയും (അധീനപ്പെടുത്തിക്കൊടുത്തു). ഇതിനുപുറമെ ചില പ്രവൃത്തികളും അവർ ചെയ്യാറുണ്ടായിരുന്നു. (സൂറ അമ്പിയാഅ് 83)*

'വ മിന ശയാത്ത്വീനി മൻയഊസൂന' എന്നതിന് ശയ്ത്വാന്മാരിൽ നിന്നും (പിശാചുക്കളിൽ നിന്നും) സമുദ്രത്തിൽ മുങ്ങുന്ന മുങ്ങൽക്കാരെയും' എന്നാണ് സാധാരണ അർത്ഥം പറയാറുള്ളത്. ഇവിടെ 'ശയാത്തീൻ' എന്നതിന് പിശാചുക്കൾ

എന്നതിനുപകരം 'വിദഗ്ദർ' അല്ലെങ്കിൽ മുഖ്യന്മാർ' എന്ന് പ്രയോഗിക്കാവുന്നതാണ്. ഖുർആനിലും അതിന് പ്രയോഗസാധുതയുണ്ട്. സൂറ:ബക്കറ 15-ാം വചനം ഉദാഹരണം.

സുലൈമാൻ നബി(അ) പല വിദഗ്ധ ജോലികളും ചെയ്തിരുന്ന ഇസ്രായേലികളല്ലാത്ത ഗോത്രവർഗ്ഗങ്ങളെ അടിമകളാക്കി പിടിച്ചു അധീനതയിൽ വെച്ചിരുന്നതായി ബൈബിളിൽ കാണാവുന്നതാണ്. *'ഇസ്രായേൽക്കാരുടെ വംശത്തിൽ പെടാത്തവരായ അമോറിയർ ഹിത്തിയർ, പെരിസിയർ, ഹിവിയർ യെബുസിയർ എന്നീകൂട്ടരിൽ അവശേഷിച്ചിരുന്നവരെയെല്ലാം ഇവരുടെ പിന്മുറക്കാരായി ദേശത്ത് അവശേഷിച്ചിരുന്നവരെ പൂർണമായി നശിപ്പിക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ല.* (1 രാജാക്കന്മാർ 20-21)

സുലൈമാൻ നബി(അ) ഇങ്ങനെ അടിമകളാക്കി വെച്ച ജനങ്ങളിൽ പേർഷ്യൻ കടലിൽ നിന്നും മുത്തുകൾ മുങ്ങിയെടുക്കുന്ന വിദഗ്ദരും, സൈനികവും നിർമ്മാണപരവുമായ പ്രവൃത്തികൾ നിർവ്വഹിക്കുന്ന അതിവിദഗ്ധരായ ചില ഗോത്രവർഗ്ഗ മുഖ്യന്മാരുമുണ്ടായിരുന്നു.

ചുരുക്കത്തിൽ സുലൈമാൻ നബി(അ) സൈന്യത്തിലെ ചില പ്രത്യേക ദൗത്യങ്ങൾ നിർവ്വഹിച്ച ഇൻസ്, ജിന്ന്, പക്ഷികൾ എന്നിവർ ഇവരെല്ലാം മനുഷ്യർ തന്നെയായിരുന്നു. 21:83ലും 38:38ലും വിവരിച്ച 'ശയാത്ത്വീൻ' എന്ന് പേരുള്ള വിഭാഗവും 'ജിന്ന്' (അതാത് ദൗത്യങ്ങളിലെ നിർവ്വഹണ വിദഗ്ദർ) വിഭാഗത്തിൽപ്പെട്ടവരായിരുന്നു.

മറ്റൊരു കാര്യം പക്ഷി എന്ന അർത്ഥത്തിൽ ഉപയോഗിച്ച 'ത്വൈർ' എന്ന പദം അതിവേഗത്തിൽ കുതിക്കുന്ന കുതിരയെയും കുതിരപട്ടാളത്തേയും സൂചിപ്പിക്കുന്നതാണ്. സുലൈമാൻ നബി(അ) കുതിരകളെ ഇഷ്ടപ്പെട്ടിരുന്നതായും അങ്ങനെ ഓമനിച്ചിരുന്നതായും 38:32, 34 വചനങ്ങളിൽ കാണാം.

ഇവിടെ ഹുദ്ഹുദിനെ സംബന്ധിച്ചു സൂറ:അന്നംലിലെ വചനങ്ങളിൽ നിന്നു തന്നെ 'ഹുദ് ഹുദ്' ഒരു പക്ഷി (മരംകൊത്തി)യല്ല എന്ന കാര്യം സുവിദിതമാണ്. ഇതിന്നു ഉപോൽബലകമായുള്ള മറ്റു തെളിവുകൾ ഇവയാണ്.

1. അതായത്, സുലൈമാൻ നബി(അ)യെ പോലെ പ്രവാചകനും അതിപ്രഗത്ഭനും രാജാധിരാജനുമായ ഒരാൾ നിസ്സാരനായ ഒരു മരംകൊത്തി പക്ഷിയെ കാണാതിരുന്നത് മൂലം കോപിഷ്ടനായി, അതിനെ വധിച്ചുകളയുമെന്ന് പറയുന്നത് അവിശ്വസനീയമാണ് (വചനം 23)

2. ഹുദ് ഹുദ് അഥവാ മരംകൊത്തി ഒരു ദേശാടന പക്ഷിയല്ല. അതിന് ദീർഘദൂരം പറക്കുക അസാധ്യമാണ്. അതുകൊണ്ട് ഫലസ്തീനിൽ നിന്നും അറേബ്യൻ മരുഭൂമിക്കപ്പുറം വളരെ അകലെയുള്ള യമനിലെ രാജ്ഞിക്ക് സന്ദേശമെത്തിക്കാൻ ഒരിക്കലും സുലൈമാൻ നബി(അ) മരംകൊത്തിപക്ഷിയെ നിയോഗിക്കില്ല. (വചനം 24)

3. ഈ ഖുർആൻ വചനങ്ങളിൽ, ഹുദ് ഹുദ് സമൃദ്ധമായ യമനിലെ പ്രതാപ ചിഹ്നങ്ങളെന്താണ് എന്ന് മനസ്സിലാക്കുന്നതായി വിവരിക്കുന്നു. അവർ സൂര്യനെ ആരാധിക്കുന്നതായും പിശാചിന്റെ പ്രേരണയ്ക്ക് വശംവദരായതായും ഹുദ് ഹുദ് സുലൈമാൻ നബി(അ)യെ അറിയിക്കുന്നു. (വചനം 24)

4. തൗഹീദിനെ പറ്റിയും ശിർക്കിനെ പറ്റിയും ഹുദ് ഹുദിന്നറിയാം. അതുകൊണ്ട് ഹുദ്ഹുദ് വിവേചന ബോധമുള്ള മനുഷ്യനാണെന്ന് കരുതാം. (വചനം 25, 26)

സുലൈമാൻ നബി(അ)യുടെ കാലത്ത് ഇങ്ങനെ ദൂതന്മാർ ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് സഞ്ചരിക്കൽ സാധാരണയായിരുന്നു. പക്ഷികളുടേയും മൃഗങ്ങളുടേയും പേരുകൾ അക്കാലത്തെ മനുഷ്യർ ചേർത്ത് വിളിക്കാറുണ്ടായിരുന്നു. റസൂൽ തിരുമേനിയുടെ കാലത്തും ഈ സമ്പ്രദായമുണ്ടായിരുന്നു. 'അബൂഹുറൈറ' 'അബൂബക്കർ' എന്നിവ ഉദാഹരണം. അക്കാലത്ത് ഹുദ് ഹുദ് എന്ന നാമമുള്ള ഒരാൾ ഇസ്രായേലികൾക്കിടയിൽ പ്രശസ്തനായിരുന്നുവെന്ന് ബൈ ബിൾ തന്നെ സാക്ഷ്യം വഹിക്കുന്നു. 'ഹദദ് സോളമന് എതിരായി ഒരാളെ ദൈവം ഉയർത്തി എദോമിയനായ ഹദദ് ഏദോം രാജകുടുംബത്തിലെ ഒരംഗമായിരുന്നു. (1 രാജാക്കന്മാർ 11:14) ബൈബിൾ പ്രതിപാദിച്ച 'ഹദദ്' എന്ന പേരിന്റെ അറബീകൃത രൂപമാണ് 'ഹുദ്ഹദ്' ജൂയിഷ് എൻസൈക്ലോപീഡിയയും 'ഈയൊരു വസ്തുത ശരിവെക്കുന്നു. 'മുൻതഹ അൽ അറബ്' എന്ന കിതാബിൽ ബിൽക്കീസ് രാജ്ഞിയുടെ പിതാവിന്റെ പേരും ഹുദ് ഹുദ് ആണെന്ന് രേഖപ്പെടുത്തുന്നു. ഈ വസ്തുതകളെല്ലാം നൽകുന്ന സൂചന. ഹുദ് ഹുദ് എന്നത് മരംകൊത്തി പക്ഷിയായിരുന്നില്ല. മറിച്ച് സുലൈമാൻ നബി(അ) സൈന്യത്തിൽ സുപ്രധാനമായ ഒരു ദൗത്യം വഹിച്ചിരുന്ന ഒരു പ്രമുഖ വ്യക്തിയായിരുന്നു എന്നാണ്. ●

ലേഖനം

അത്താഉല്ലാ കലിം

# വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)ന്റെ സ്ഥാനം

## ഹദ്റത്ത് അഹ്മദി(അ)ന്റെ ആത്മീയ സ്ഥാനങ്ങളെപ്പറ്റി അദ്ദേഹം പുറപ്പെടുവിച്ച അവകാശവാദങ്ങളുടെ യഥാർത്ഥ നില ലേഖകൻ വിശദീകരിക്കുന്നു

**ദൈ**വത്തിൽ നിന്നു പരിഷ്ക്കരണ ദൗത്യവുമായി വരുന്ന മഹാത്മാക്കൾ എപ്പോഴും ദൈവികാജ്ഞ പ്രകാരം പറയുന്നവരും പ്രവർത്തിക്കുന്നവരുമായിരിക്കും. റസൂൽ തിരുമേനി(സ)യുടെ ഉദാഹരണം തന്നെ നോക്കുക. അവിടുന്ന്, 'മൂസയേക്കാൾ എന്നെ പുകഴ്ത്തിപ്പറയരുത്' (ബുഖാരി വോ. 4 പേ. 209) എന്നു പറയുകയുണ്ടായി. ഒരിക്കൽ റസൂൽ തിരുമേനി(സ) യെക്കുറിച്ച് ഒരു സംഘം സഹാബാക്കൾ 'ഖൈറുൽ ബരിയ്യാ' (സൃഷ്ടികളിൽ വെച്ച് ഉത്തമൻ) എന്നു പറഞ്ഞപ്പോൾ റസൂൽ തിരുമേനി (സ)യുടെ പ്രതികരണം 'അത്, ഇബ്രാഹിം ആകുന്നു' എന്നായിരുന്നു.

ഒരിക്കൽ റസൂൽ തിരുമേനി (സ) പറഞ്ഞു: 'എന്റെ മഹത്വം യൂനുസ്ബ്നു മത്തായുടെ മേൽ പ്രഖ്യാപിക്കരുത്' എന്ന്. പിന്നീട് അവിടുന്ന് പ്രഖ്യാപിച്ചു: താൻ 'സയ്യിദുൽ വുൽദി'യും (ആദം മക്കളിൽ എല്ലാവരിലും വെച്ച് ശ്രേഷ്ഠൻ) എന്നും 'ഖാത്തമുന്നബിയ്യീനു' (പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠൻ) മാണെന്ന്.

ഞാനിത് പറയുന്നത് 'പൊതുവെ അഹ്മദിയ്യത്തിന്റെ എതിരാളികൾ ഉയർത്തുന്ന വിമർശനങ്ങൾക്ക് മറുപടി എന്ന നിലക്കാണ്. അവർ ചോദിക്കുന്നത്, "തങ്ങൾ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ ഏത് വാദമാണ് അംഗീകരിക്കുക?'' എന്നാണ്. ചിലപ്പോൾ അദ്ദേഹം മുജദ്ദിദാണെന്ന് പറയും, ചിലപ്പോൾ മഹ്ദിയെന്നും ചിലപ്പോൾ പ്രവാചകനാണെന്ന നിലയിലും സ്വയം വാദിക്കുന്നു. ഒരു കാര്യം നാം ഓർക്കേണ്ടതുണ്ട്. അല്ലാഹു തിരഞ്ഞെടുക്കുന്ന വരിഷ്ഠദാസന്മാർ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമാണ് പ്രവർത്തിക്കുക. ദൈവികാജ്ഞകൾ എന്തെല്ലാമാണോ അവയുടെ നിർവ്വാഹകരാണവർ. ദൈവത്തിന്റെ ആജ്ഞയനുസരിച്ച് മാത്രമാണ് അവർ സംസാരിക്കുന്നത്.

ഹദ്റത്ത് അഹ്മദിന്റെ(അ) ചെറുപ്പകാലത്ത് ഹിന്ദുമതത്തിലെ ആര്യസമാജികൾ ഇസ്ലാമിനെതിരായും അതിന്റെ അദ്ധ്യാപനങ്ങൾക്കെതിരായും റസൂൽ തിരുമേനി (അ)യുടെ ദിവ്യ വ്യക്തിത്വത്തിനെതിരായും അതിനിന്ദ്യമായ വിമർശനമാണ് അഴിച്ചുവിട്ടത്. മറ്റൊരു ഭാഗത്ത് നിന്നാകട്ടെ, ക്രിസ്തീയ മിഷനറിമാരുടെ സംഘടിതമായ ആക്രമണമായിരുന്നു ഇസ്ലാമിനെതിരെ ഉണ്ടായത്. അവരുടെ വിമർശനം അതിക്രൂരവും ഹീനവുമായിരുന്നു. ഈയൊരവസ്ഥയിൽ മുസ്ലിംകൾക്ക് നിസ്സഹായരായി നിൽക്കാനേ സാധിച്ചുള്ളൂ.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് ഹദ്റത്ത് അഹ്മദി(അ)നെ അല്ലാഹു എഴുന്നേൽപ്പിക്കുന്നത്. വിശുദ്ധ ഖുർആനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഗഹനമായ പഠനങ്ങളും, മനനങ്ങളും, സർവ്വോപരി അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ സമ്പൂർണ്ണ സമർപ്പണവും ദൈവത്തിൽ നിന്ന് അദ്ദേഹത്തിനുണ്ടായ ദിവ്യമായ അറിയിപ്പുകളും അദ്ദേഹത്തെ ഇസ്ലാമിന്റെ അജയ്യനായ

പോരാളിയാക്കി. ദൈവിക പ്രചോദനത്താൽ ഇസ്ലാമിന്റെ അന്യാദൃശമായ ആത്മീയ സത്യം തുറന്നുകാട്ടി ഇസ്ലാം മതത്തെ രക്ഷിക്കുക മാത്രമല്ല, അദ്ദേഹം ചെയ്തത്. മറ്റു മതവിശ്വാസങ്ങളുടെ മേൽ ഇസ്ലാമിന്റെ അജയ്യതയും ആത്മീയവും ധൈഷണികമായ മേധാവിത്വവും സ്ഥാപിക്കുകയും ചെയ്തു. 1879-ൽ അദ്ദേഹം 'ബറാഹീനെ അഹ്മദിയ്യാ' എന്ന വിശിഷ്ട കൃതി രചിക്കുവാനാരംഭിച്ചു. ആദ്യത്തെ രണ്ട് വാല്യങ്ങൾ 1880ൽ പ്രസിദ്ധീകരിച്ചു. ഈ വിശിഷ്ട ഗ്രന്ഥത്തെ മുൻനിർത്തി അദ്ദേഹം മതലോകത്തെ അഭിമുഖീകരിച്ച് ഒരു വെല്ലുവിളി നടത്തുകയുണ്ടായി. താൻ 'ബറാഹീനെ അഹ്മദിയ്യ'യിൽ വെളിപ്പെടുത്തിയതുപോലെ ഇസ്ലാമേതരമായ ഏതെങ്കിലുമൊരു മതസ്ഥൻ ഇസ്ലാം മതത്തിന്റെ പകുതിയെങ്കിലും, അല്ലെങ്കിൽ അഞ്ചിലൊന്നെങ്കിലും മഹത്വം സ്ഥാപിക്കുകയാണെങ്കിൽ ഒരു ലക്ഷത്തോളം രൂപ വിലമതിക്കുന്ന തന്റെ സ്വത്തുക്കളെല്ലാം അവർക്ക് താൻ സമ്മാനമായി നൽകുമെന്ന് ഹദ്റത്ത് അഹ്മദ് (അ) വെല്ലുവിളിക്കുകയുണ്ടായി.

'ബറാഹീനെ അഹ്മദിയ്യാ' യുടെ കർത്താവായ ഹദ്റത്ത് അഹ്മദ് (അ) സ്വയം തന്നെ ഇസ്ലാം മതത്തിന്റെ അതുല്യനായ ഒരു പണ്ഡിതനും ദൈവത്തിൽനിന്നും ദിവ്യ ജ്ഞാനങ്ങൾ ലഭിക്കുന്ന ഒരു മഹാത്മാവുമാണ്. നിരന്തരമായി അദ്ദേഹത്തിന് വെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നു. 'ബറാഹീനെ അഹ്മദിയ്യാ'യുടെ ആദ്യത്തെ രണ്ട് വാല്യങ്ങൾ മുൻകൂട്ടി പറഞ്ഞത് പ്രകാരവും മൂന്നാംഭാഗം 1882ലും നാലാം ഭാഗം 1884ലും പുറത്തിറക്കി - 1882 മുതൽ ഹദ്റത്ത് അഹ് മദി(അ)ന്റെ ശ്രദ്ധ വിശാലമായ മറ്റൊരു രംഗത്തേക്ക് തിരിഞ്ഞു.

ഹദ്റത്ത് അഹ്മദിനു(അ) ദൈവത്തിൽ നിന്നുള്ള ദിവ്യജ്ഞാനങ്ങളും വെളിപാടുകളും ലഭിച്ചുകൊണ്ടേയിരുന്നു. എന്നിട്ടും തന്റെ യഥാർത്ഥ ദൗത്യവും സ്ഥാനവും അദ്ദേഹത്തിന് പൂർണ്ണമായും വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. 1882 മാർച്ചിൽ ഹദ്റത്ത് അഹ്മദി(അ) ന് 47 വയസ്സായപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തെ സംബന്ധിച്ചുള്ള ദൈവിക വെളിപാട് ലഭിച്ചു.

'ഓ അഹ്മദ്, അല്ലാഹു നിനക്ക് അനുഗ്രഹം നൽകിയിരിക്കുന്നു. നീ എറിഞ്ഞതെന്തോ അത് നീയല്ലാ എറിഞ്ഞത്, അല്ലാഹുവാണെറിഞ്ഞത്. ഖുർആന്റെ ജ്ഞാനം നൽകിയവൻ കരുണാവാരിധിയത്രെ. ആരുടെ പൂർവ്വികന്മാർ ജാഗ്രതപ്പെടുത്തപ്പെട്ടിരുന്നില്ലയോ ആ ജനതയെ ജാഗരിപ്പിക്കാൻവേണ്ടി, കുറ്റവാളികളുടെ മാർഗ്ഗം വ്യക്തമായിത്തീരുവാനും. പറയുക, ഞാൻ ദൈവത്താൽ നിയുക്തനായിരിക്കുന്നു. ഞാൻ വിശ്വാസികളിൽ മുമ്പനുമത്രെ.

തന്റെ ദൂതന്റെ സന്മാർഗ്ഗവും സത്യവുമായി അയച്ചവനാണവൻ മറ്റെല്ലാ മതങ്ങളുടെ മേലും ഇസ്ലാം മതത്തെ വിജയിപ്പിക്കാൻ വേണ്ടി... നിന്നെ പരിഹസിക്കുന്നവർക്ക് മതിയായവനാണ് ഞാൻ... ഇത് നിന്റെ നാഥനിൽ നിന്നുള്ള കാരുണ്യമാണ്. അവൻ തന്റെ അനുഗ്രഹത്തെ നിന്നിൽ പൂർത്തികരിക്കുന്നതാണ്. അത് വിശ്വാസികൾക്ക് ഒരടയാളമായിരിക്കും. നിന്റെ നാഥനിൽ നിന്നുള്ള വ്യക്തമായ ദൃഷ്ടാന്തവുമായി നിന്നെ അയച്ചിരിക്കുന്നു... നീ ജനങ്ങൾക്ക് സുവിശേഷമറിയിക്കുക. പറയുക, നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. ദൈവം നിങ്ങളെ സ്നേഹിക്കുന്നതാണ്.

'ദൈവം അവന്റെ സിംഹാസനത്തിൽ നിന്നും നിന്നെ പ്രകീർത്തിക്കുകയും നിന്റെ നേരെ അനുഗ്രഹങ്ങൾ വർഷിക്കുകയും ചെയ്യുന്നു... ഞാൻ നിന്നോടൊപ്പമുണ്ടാവും. നീ എവിടെയായിരുന്നാലും എന്നോടൊപ്പമായിരിക്കും.... ദൈവം നിന്നെ ഈ ലോകത്തും പരലോകത്തും ഉയർത്തുന്നതാണ്. വിശ്വസിച്ചവർക്ക് ഉന്നതമായ സ്വർഗ്ഗീയസ്ഥാനങ്ങളുണ്ടെന്ന സുവാർത്ത അറിയിക്കുക'.

മാർച്ച് 1882ന് ഹദ്റത്ത് അഹ്മദി(അ)നുണ്ടായ വെളിപാടിൽ നിന്നും, തന്നെ ദൈവം 14-ാം നൂറ്റാണ്ടിലെ മുജദ്ദിദായി തിരഞ്ഞെടുത്തിരിക്കുന്നു എന്ന യാഥാർ ത്ഥ്യം അദ്ദേഹം തിരിച്ചറിഞ്ഞു.

ഹദ്റത്ത് അഹ്മദി(അ)ന് 40 ദിവസം ഏതെങ്കിലും ഒരു സ്ഥലത്ത് ഏകാന്തതയിൽ പോയിരുന്നു ദൈവസ്മരണയിലും ആരാധനയിലും വിലയം പ്രാപിക്കാനുള്ള അദമ്യമായ ആഗ്രഹം വളരെ ശക്തമായി തന്റെ ഹൃദയത്തിൽ രൂഢമൂലമായി വന്നു. ഈ ഉദ്ദേശവുമായി 1884 ജനുവരിയിൽ അദ്ദേഹം ഹോശിയാർപൂരിൽ വരികയുണ്ടായി. ഈയൊരാവശ്യത്തിനായി ശൈഖ് മെഹറലി സാഹിബിന്റെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടത്തിന്റെ മുകൾനില സജ്ജീകരിക്കപ്പെട്ടു. അദ്ദേഹം അവിടെ സ്വയം ആരാധനയിലും ദൈവസ്മരണയിലും മുഴുകി. ഈ തപോയജ്ഞം അവസാനിച്ചതിനു ശേഷം 1886 ഫെബ്രവരി 20-ാം തിയ്യതി അദ്ദേഹം ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽ അദ്ദേഹം തനിക്കുണ്ടാകുന്ന ഒരു പുത്രനെക്കുറിച്ച് ദൈവം അറിയിച്ച സുവിശേഷത്തെപ്പറ്റി വിശദമായി പറയുകയുണ്ടായി. 'അവൻ ആത്മീയവും ഭൗതികവുമായ ജ്ഞാനങ്ങൾ കൊണ്ട് അനുഗൃഹീതനായിരിക്കു

മെന്ന്' പറഞ്ഞു. അവന്റെ ആഗമനം വമ്പിച്ച ആത്മീയാനുഗ്രഹങ്ങൾക്കും ദിവ്യാത്ഭുത പ്രകടനങ്ങൾക്കും നിദാനമാണെന്നും ആ വിളംബര ത്തിൽ ഹദ്റത്ത് അഹ്മദ് വെളിപ്പെ ടുത്തുകയുണ്ടായി. ആ വിളംബരം തുടർന്നു:

"....... ലോകാന്ത്യം വരെ നിന്റെ നാമത്തെ ദൈവം ബഹുമാനപുര സ്സരം നിലനിർത്തും. ഞാൻ നിന്നെ ഉയർത്തുകയും എന്നിലേക്ക് വിളി ക്കുകയും ചെയ്യും... എന്നെ അപ മാനിക്കാനുള്ള ആലോചനയിൽ ഏർപ്പെട്ടിരിക്കുന്നവരും നീ പരാജ യപ്പെട്ടു കാണാൻ ആഗ്രഹിക്കുന്ന വരും നിന്നെ നിർമ്മൂലം നശിപ്പി ക്കാൻ യത്നിക്കുന്നവരും ആശയറ്റ വരായിത്തീരും. അവർ നിഷ്ഫലത യിലും നിരാശയിലും പെട്ട് ഒടുങ്ങി പ്പോകും. എന്നാൽ ദൈവം നിന്നെ പൂർണ്ണമായും വിജയശ്രീലാളിതനാ ക്കുകയും നിന്റെ എല്ലാ അർത്ഥന കളും നിനക്ക് വർദ്ധിപ്പിച്ചു തരി കയും ചെയ്യും.

"......നീ എനിക്ക് ബനീ ഇസ്റാ യേലിലെ നബിമാരെപ്പോലെയത്രെ. നീ എനിക്ക് എന്റെ തൗഹീദ് പോലെ യാകുന്നു. നീ എന്നിൽ നിന്നും ഞാൻ നിന്നിൽ നിന്നുമാകുന്നു. രാജാക്കന്മാരുടേയും ഭരണത്തലവ ന്മാരുടേയും ഹൃദയങ്ങളിൽ നിന്നോ ടുള്ള സ്നേഹം ഇട്ടുകൊടുക്കുന്ന ആ നാൾ ഇതാ വരുന്നു (തബ്ലീഗെ റിസാല)

മുജദ്ദിദായി അല്ലാഹു നിയോഗി ച്ചതിനുശേഷം ആറുവർഷം കഴി ഞ്ഞ് അനുയായികളിൽ നിന്നും ബൈഅത്ത് വാങ്ങിക്കാൻ ദൈവക ല്പന യുണ്ടായി. അവസാനം 1888 ഡിസംബർ 1-ാം തിയ്യതിയിലും 1889 ജനുവരി 12-ാം തിയ്യതിയിലും അദ്ദേഹം ബൈഅത്തിനുള്ള വിളം ബരം പ്രസിദ്ധീകരിച്ചു.

1889 മാർച്ചിൽ വാഗ്ദത്ത മസീഹ് ലുധിയാനയിൽ വരികയും 4-ാം തിയ്യതി ഒരു ലഘുലേഖ പുറ ത്തിറക്കുകയും ചെയ്തു. അതിൽ ഇപ്രകാരം വാഗ്ദത്ത മസീഹ് (അ) പ്രവചിച്ചു:

സത്യവിശ്വാസികളുടെ ഒരു സമൂഹത്തെ സൃഷ്ടിക്കുവാനും തന്റെ മഹത്വവും ശക്തിയും വെളി പ്പെടുത്താനും അല്ലാഹു ഇച്ഛിക്കു ന്നു. മനുഷ്യനിൽ ദൈവപ്രേമവും സാത്വികതയും ഹൃദയശുദ്ധിയും ഭക്തിയും വളരുകയും സമാധാ നവും സൗഹൃദവും സുസ്ഥാപിത മായി തീരുകയും ചെയ്യുമാറ് അല്ലാഹു ഈ സമൂഹത്തെ വളർത്തുകയും അഭിവൃദ്ധിപ്പെടു ത്തുകയും ചെയ്യും. ദൈവാർപ്പണം ചെയ്ത മനുഷ്യരുടെ ഒരു സമൂഹ മായിരിക്കും ഇത്. ദൈവം അവന്റെ ശക്തി വിലാസങ്ങളാൽ അവരെ പ്രബലപ്പെടുത്തുകയും അനുഗ്രഹി ക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യും. അല്ലാഹു വാഗ്ദാനം ചെയ്തത് പ്രകാരം അവൻ അവരെ വളരെയധികം പെരുപ്പിക്കും. ആയിരക്കണക്കായ സത്യഭക്തർ അവരോടുകൂടിച്ചേരും, അതിന്റെ എണ്ണവും പുരോഗതിയും കണ്ടു ലോകം അമ്പരന്നുപോകുമാറ് ദൈവം ഈ സമൂഹത്തെ വളർത്തു കയും ചെയ്യും. ലോകത്തിന്റെ നാലു സ്തംഭങ്ങളെന്നോണം ഈ സമൂഹം വിരാജിക്കും. ഇസ്ലാമികമായ അനു ഗ്രഹങ്ങളുടെ മാതൃകകളായിരിക്കും അതിലെ അംഗങ്ങൾ. എന്റെ യഥാർത്ഥ അനുയായികൾ മറ്റെല്ലാ വരേയും അതിജയിക്കും. ലോകാവ സാനം വരെ എല്ലാകാലത്തും അവർക്കിടയിൽ ദൈവത്തിന്റെ പരി ശുദ്ധരായ മഹദ് വ്യക്തികൾ എഴു ന്നേല്പിക്കപ്പെടും ഇത് അല്ലാഹു നിശ്ചയിച്ചുള്ളതത്രെ. അവൻ ഇച്ഛി ക്കുന്നത് അവൻ ചെയ്യുന്നു.! (തബ് ലീഗെ റിസാല)

ഹ: അഹ്മദ് (അ) ഔപചാരി കമായ ബൈഅത്ത് വാങ്ങിത്തുട ങ്ങിയത് 1889 മാർച്ച് 23നാണ്. ബൈയ്യത്ത് ചെയ്യാൻ ആദ്യമായി സൗഭാഗ്യം ലഭിച്ചത് ഹദ്റത്ത് മൗ ലവി നൂറുദ്ദീൻ സാഹിബിന്നാണ്. അ ന്നേദിവസം 40 ആളുകൾ ബൈ അത്ത് ചെയ്തു. അങ്ങനെ അഹ്മ ദിയ്യാ ജമാഅത്തിന് അടിസ്ഥാനമി ട്ടു. ഈ ജമാഅത്തിന്റെ ശാഖകൾ ലോകത്തെല്ലായിടത്തുമുണ്ട്.

1890ൽ ഹദ്റത്ത് അഹ്മദ് (അ) രണ്ട് പുസ്തകങ്ങളെഴുതി. "ഫത് ഹെ ഇസ്ലാം' 'തൗസിഹെ മറാം' എന്നിവയാണ് ആ പുസ്തകങ്ങൾ. ഈ രണ്ട് പുസ്തകങ്ങളും 'ഇസാലെ ഔഹാം' എന്ന തന്റെ പുസ്തക ത്തിൽ പിന്നീട് കൂട്ടിച്ചേർക്കുകയു ണ്ടായി. ഈ പുസ്തകങ്ങളെല്ലാം തന്നെ പ്രസിദ്ധീകരിച്ചത് 1891 ആദ്യ ത്തിലാണ്. ഈ മൂന്ന് പുസ്തകങ്ങ ളിലും മുഹമ്മദ് നബി(സ) പ്രവചി ച്ചതനുസരിച്ച് അവസാനകാലത്ത് ആഗതനാവുന്ന മഹ്ദിയും വാഗ്ദ ത്തമസീഹും താനാണെന്ന വാദം അദ്ദേഹം പുറപ്പെടുവിക്കുകയുണ്ടാ യി. റസൂൽ കരീം (സ)യുടെ പ്രവ ചനങ്ങളെ ഈ വിധം സംഗ്രഹിക്കാ വുന്നതാണ്.

1. മഹ്ദിയും മസീഹും അവ സാനകാലത്ത് പ്രത്യക്ഷപ്പെടും.
2. ഈ രണ്ട് അഭിധാനങ്ങ ളിലും അറിയപ്പെടുന്ന വ്യക്തികൾ രണ്ടുപേരല്ല. മറിച്ച്, അവ വ്യക്തി യുടെ രണ്ട് ഗുണനാമങ്ങളാണ്.
3. വാഗ്ദത്ത മസീഹ് കുരിശ് സിദ്ധാന്തത്തെ ഖണ്ഡിക്കുന്നതാണ്. ക്രിസ്തുസഭ ഉയർത്തിപ്പിടിക്കുന്ന ത്രിയേകത്വം, പാപപരിഹാരം, യേശു വിന്റെ രക്തത്താൽ പാപമോചനം എന്നീ സിദ്ധാന്തങ്ങളിലെ അബദ്ധ

ങ്ങൾ തുറന്നുകാട്ടും.

4. വിശുദ്ധ ഖുർആൻ 9:33 വചനത്തിൽ പ്രതിപാദിച്ചത് പ്രകാരം എല്ലാ മതങ്ങളുടെ മേലും, ഇസ്ലാം മതത്തെ അദ്ദേഹം വിജയിപ്പിക്കും.

ഹദ്റത്ത് അഹ്മദിന്റെ (അ) ആഗമനകാലത്ത് യേശു ആകാശത്ത് വസിക്കുന്നു എന്നും അവസാനകാലത്ത് ആകാശത്തു നിന്നും അവരോഹിതനാവും എന്നുമുള്ള സങ്കല്പം ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുപോലെ മുസ്ലിംകൾക്കിടയിലും വ്യാപകമായി ട്ടുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദ് (അ) ഈ വിശ്വാസത്തിലെ പ്രമാണ വിരുദ്ധതയും അബദ്ധങ്ങളും വിശുദ്ധ ഖുർആനിൽ നിന്നും സുന്നത്തിൽനിന്നും ഹദീസുകളിൽനിന്നും വിശദീകരിക്കുകയുണ്ടായി. ഇപ്പോൾ വളരെ യാഥാസ്ഥിതികരായ മുസ്ലിംകൾ മാത്രമേ ഇത്തരം വിശ്വാസം ഉച്ചൈസ്ഥരം ഉദ്ഘോഷിക്കാൻ ധൈര്യപ്പെടുന്നുള്ളൂ.

ഏലിയാപ്രവാചകന്റെ രണ്ടാം വരവ് യോഹന്നാൻ സ്നാപകനിൽ എപ്രകാരം നിവർത്തിയായോ അപ്രകാരം യേശു ഒരിക്കലും തന്നെ ജഡികശരീരത്തോടെ ഭൂമിയിൽ പ്രത്യക്ഷപ്പെടില്ലെന്ന് ഹദ്റത്ത് അഹ്മദ് (അ) അസന്നിഗ്ധമാംവിധം വാദിച്ചു. കൂടുതൽ തെളിവുകൾക്കായി ആദ്യകാല മുസ്ലിം പണ്ഡിതന്മാരുടെ ലിഖിതങ്ങളിൽ നിന്നും അദ്ദേഹം തെളിവുകൾ എടുത്തുകാട്ടി. അവരുടെയെല്ലാം സാക്ഷ്യങ്ങൾ ഹദ്റത്ത് അഹ്മദി(അ)ന്റെ വാദത്തെ സത്യപ്പെടുത്തുന്നതായിരുന്നു.

ഹദ്റത്ത് അഹ്മദിന്റെ (അ)ന്റെ വാദത്തിനും തന്റെ എതിരാളികളുടെ വാദത്തിനും തമ്മിലുള്ള മുഖ്യമായ വ്യത്യാസങ്ങൾ.

1. ഹദ്റത്ത് ഈസാ നബി (അ) പ്രകൃതി സാധാരണനിലയിൽ മരണപ്പെട്ടുവെന്ന ഹദ്റത്ത് അഹ്മദിന്റെ (അ) വാദത്തിനെതിരെ അദ്ദേഹത്തിന്റെ എതിരാളികളുടെ വാദം ഈസാനബി(അ) ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്നാണ്.

2. വിശുദ്ധ ഖുർആൻ 33:41 വചനത്തിൽ പ്രതിപാദിക്കപ്പെട്ടത് പ്രകാരം റസൂൽ തിരുമേനി(സ) പ്രവാചകന്മാരുടെ മുദ്രയാണെന്നിരിക്കേ അത് മുസ്ലികളിൽ വരാനിരിക്കുന്ന പ്രവാചകന്മാരെ തടയുന്ന ഒരു സ്ഥാനമാണോ? ഹദ്റത്ത് അഹ്മദ് (അ) വാദിച്ചത്പോലെ മുഹമ്മദ് നബി (സ)യുടെ നുബൂവ്വത്തിന്റെ മാർഗ്ഗത്തിൽ ലബ്ധമാകുന്ന പ്രവാചകത്വവും തടയപ്പെടുമെന്ന് അതിന് അർത്ഥമുണ്ടോ?

3. റസൂൽ തിരുമേനി(സ)യുടെ നുബൂവ്വത്തിന്റെ വഴിയിൽ ലഭിക്കുന്നതും ഹദ്റത്ത് അഹ്മദ്(അ) വാദിക്കുന്നതുമായ വെളിപാടുകളും ഛായാപ്രവാചത്വവും പ്രമാണങ്ങൾക്ക് വിരുദ്ധമാണോ?

4. ഹദ്റത്ത് ഈസാനബി(അ) മരിച്ചുപോയി എന്ന് വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പറയുന്നു. മാത്രമല്ല, യാതൊരാൾക്കും തന്നെ സശരീരം ആകാശത്തേക്ക് ഉയർന്നുപോകാൻ സാധ്യമല്ലെന്നും ഭൂമിയാണ് മനുഷ്യന്റെ അധിവാസ കേന്ദ്രമെന്നും അസന്നിഗ്ദമായി ഖുർആൻ പ്രഖ്യാപിക്കുന്നു.

'നിങ്ങൾക്ക് ഭൂമിയിൽ ഒരു താമസസ്ഥലമുണ്ട്. ഒരു കാലയളവോളം ജീവിതവിഭവവുമുണ്ട്.' അവൻ പറഞ്ഞു: 'അതിൽ (ഭൂമിയിൽ) തന്നെ നിങ്ങൾ ജീവിക്കും. അതിൽ തന്നെ നിങ്ങൾ മരിക്കുകയും ചെയ്യും. അതിൽ നിന്നും തന്നെ നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യും.' (7:25, 26)

പ്രവാചകത്വ പരിസമാപ്തിയെ സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസമാണ് അഹ്മദികളും അനഹ്മദികളും തമ്മിലുള്ള മുഖ്യ തർക്കവിഷയം. ഖുർആൻ പറയുന്നു:

'മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടേയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു.' (33:41)

ഈ പ്രവചനത്തിന്റെ പശ്ചാത്തലം നാം മനസ്സിലാക്കുകയാണെങ്കിൽ 'പ്രവാചകന്മാരുടെ മുദ്ര' എന്ന ഈ പ്രയോഗത്തിൽ തന്നെ എല്ലാ തർക്കങ്ങളും പരിഹരിക്കപ്പെട്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) ഏറ്റവും സത്യസന്ധമായും ആത്മാർത്ഥമായും റസൂൽ തിരുമേനി(സ) 'ഖാത്തമുന്നബിയ്യീൻ' (പ്രവാചകന്മാരുടെ മുദ്ര) എന്ന് വിശ്വസിക്കുന്നു.

'ദൈവത്തിന്റെ പ്രതാപമഹത്വങ്ങളെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് അഹ്മദ് പറയുന്നു: ഞാൻ മുസ്ലിമും വിശ്വാസിയുമാണ്. ഞാൻ അല്ലാഹുവിൽ വിശ്വസിക്കുന്നു. അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ പ്രവാചകന്മാരിലും അവന്റെ മലക്കുകളിലും പരലോകജീവിതത്തിലും വിശ്വസിക്കുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) സൃഷ്ടികളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനാണെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രവാചകന്മാരിൽ വെച്ച് അതിശ്രേഷ്ഠനും പ്രവാചകന്മാരുടെ മുദ്രയുമായ അദ്ദേഹത്തിൽ ശാന്തിയും അനുഗ്രഹവും വർഷിക്കുമാറാകട്ടെ (ഹമാമത്തുൽ ബുശ്റ)

***(ശേഷം 38-ൽ)***

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 10.**

ഏ.ക്യു മഹ്ദി

# മനുഷ്യന്റെ ഗോത്രഭാഷാവൈവിധ്യങ്ങൾ

## ജനവർഗ്ഗ വൈവിധ്യങ്ങളും ഭാഷാവ്യത്യാസങ്ങളും പ്രകൃതിയുടെ സൃഷ്ടിയാണ്. അവസാനം ജനങ്ങളെല്ലാം ഒരുമിച്ചുകൂട്ടപ്പെടും

ശിക്ഷയുടെ ഗുണപാഠത്തെപ്പറ്റി (Lessons of Punishments) ഖുർആനിൽ ഒരു വാക്യമുണ്ട്; അതിങ്ങനെ ആരംഭിക്കുന്നു.

'അപ്പോൾ അവരുടെ പാപം കാരണം അല്ലാഹു അവരെ ശിക്ഷിച്ചു' വീണ്ടും തുടരുന്നു,

'നിങ്ങളുടെ കൈകൾ മുമ്പ് പ്രവർത്തിച്ചിട്ടുള്ള അകൃത്യങ്ങളുടെ ഫലമാണിത്. അല്ലാഹു തന്റെ ദാസരോട് ഒട്ടും അനീതി പ്രവർത്തിക്കുന്നവനല്ല'

അധർമ്മ ജീവിതവും തിന്മയുടെയും പാപത്തിന്റെയും ആധിക്യവും ഉണ്ടാവുമ്പോൾ സമൂഹങ്ങൾ തന്നെ നശിച്ചുപോവുന്നു എന്നത് മാനവചരിത്രത്തിൽ കാണുന്ന ഒരു ദൈവിക നിയമമാണ്. 26 നാഗരികതകളുടെ ഉത്ഥാന പതനങ്ങളെക്കുറിച്ച് പഠിച്ച ലോകപ്രശസ്തനായ ബ്രിട്ടീഷ് ചരിത്രകാരൻ ആൾനോഡ് ടോയമ്പി, ഭൗതികവും പാരിസ്ഥിതികവുമായ കാരണങ്ങളേക്കാൾ പുരാതന സംസ്കാരങ്ങൾ നശിച്ചൊടുങ്ങിയത് ധാർമ്മികവും മതപരവുമായ കാരണങ്ങളാലാണെന്ന് തന്റെ 'ചരിത്രത്തെപ്പറ്റി ഒരു പഠനം' A Study of History - എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.

ശിക്ഷയെപറ്റി പറയുമ്പോൾ ശിക്ഷ വിധിക്കപ്പെടാനിടയാക്കുന്ന പാപകർമ്മങ്ങളെപ്പറ്റിയും ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. അവയിൽ പ്രവാചകനിഷേധവും ഉൾപ്പെടുന്നു. അതാവട്ടെ ചരിത്രത്തിൽ ആവർത്തിക്കപ്പെടുന്ന ഒരു പാപമായിട്ടാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

'നിശ്ചയം ഇതിൽ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്. പക്ഷേ, അവരിൽ ബഹുഭൂരിഭാഗവും വിശ്വസിക്കാൻ സന്നദ്ധരല്ല തന്നെ. തീർച്ചയായും നിന്റെ രക്ഷിതാവ് പ്രതാപശാലിയും കാരുണ്യവാനുമത്രെ' എന്നു പറഞ്ഞതോടൊപ്പം ഖുർആൻ തുടർന്ന് ഇങ്ങനെ കൂടി പ്രസ്താവിക്കുന്നു.

'ഇപ്രകാരം ഇവർക്കു മുമ്പുള്ള സമുദായങ്ങളുടെ അടുക്കൽ ദൈവദൂതന്മാർ വന്നപ്പോഴെല്ലാം മാരണക്കാരനെന്നോ, ഭ്രാന്തനെന്നോ അവർ പറയാതിരുന്നിട്ടില്ല. ഇങ്ങനെ ഒരേരൂപത്തിൽ കുറ്റാരോപണം ചെയ്യാൻ അവർ തങ്ങളുടെ പിൻഗാമികൾക്ക് ഒസ്യത്ത് ചെയ്തിരിക്കയാണോ? അല്ല, തീർച്ചയായും അവർ അക്രമികളായ ഒരു ജനത തന്നെയാണ്.

ഇത് കാലാന്തരേണ തുടർന്നു വരുന്ന ഒരു ദുർരീതി തന്നെയാണ്, പ്രവാചകന്മാർ വരുമ്പോൾ പല ദുർന്യായങ്ങളും പറഞ്ഞത് അവരെ നിഷേധിച്ചും ആക്രമിച്ചും ദൈവകോപം ക്ഷണിച്ചുവരുത്തുക എന്നതാണ്. ഇതാകട്ടെ മനുഷ്യന്റെ പാരമ്പര്യ സ്വഭാവവുമാണ്. ഇക്കാലത്തും ദൈവം നിയോഗിച്ച പ്രവാചകനെ നിഷേധിക്കുന്നവർക്ക് ഇതിൽ ഉദാത്തമായ ഒരു പാഠമുണ്ട്.

തുടർന്ന്, മനുഷ്യസമൂഹത്തിന്റെ ഗോത്ര, ഭാഷാ വൈവിദ്ധ്യത്തെയും ആത്മീയവളർച്ചയെയും പറ്റി ഖുർആൻ പറയുന്നതു നമുക്കു ശ്രദ്ധിക്കാം.

'മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു.'

തുടർന്നു പറയുന്നു,

'എല്ലാ ഓരോ സമുദായത്തിനും ദൈവത്തിൽ നിന്നുള്ള ഓരോ മാർഗ്ഗദർശകർ വന്നു കഴിഞ്ഞിട്ടുണ്ട്.'

കഴിഞ്ഞില്ല, ഇങ്ങനെ കൂടി സൂചനയുണ്ട് ഖുർആനിൽ, 'നാം ഒരു ദൂതനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലല്ലാതെ അയച്ചിട്ടുമില്ല.'




എന്താണീ വാക്യങ്ങളുടെ അർത്ഥം?

അതിപ്രകാരം സംഗ്രഹിക്കാം. ഒരു സമൂഹത്തിന്റെ അടിസ്ഥാന ജൈവരൂപമാണ് ഗോത്രം. പ്രകൃതി ശക്തികളായ കാലാവസ്ഥ, കുടുംബങ്ങൾ (ജനിതക ബന്ധങ്ങൾ), ഭാഷ, ഭക്ഷണം, ഭൂമിശാസ്ത്രം മുതലായ ഘടകങ്ങൾ വളർത്തിയെടുക്കുന്നതാണു ഗോത്രം. മനുഷ്യ വൈവിധ്യങ്ങൾ ഒരു പ്രകൃതി യാഥാർത്ഥ്യമാണ്. ജനങ്ങളുടെ ആത്മീയപോഷണത്തിന് ദൈവം പ്രവാചകന്മാരെ അയച്ചതും ഈ പശ്ചാത്തലത്തിൽ തന്നെയാണ്.

ജനവർഗ്ഗങ്ങളുടെ സങ്കലനത്തെപ്പറ്റിയും ഖുർആൻ പഠിപ്പിക്കുന്നുണ്ട്.

'മനുഷ്യൻ ഒരു സമുദായമായിരുന്നു, പിന്നീട് അവർ ഭിന്നിച്ചു' വീണ്ടും ഖുർആൻ പറയുന്നു:

'മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു.'

'വിവിധ വംശജരായ മനുഷ്യർ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ' എന്നുകൂടി ഒരു സൂചന ഖുർആൻ കൂട്ടിച്ചേർത്തിരിക്കുന്നു.

മനുഷ്യൻ ആദിയിൽ ഒരൊറ്റ സമുദായമായിരുന്നു. പിന്നീട് വിവിധ ജനവർഗ്ഗങ്ങളായി പിരിഞ്ഞു. ആ ദേശീയ ജനവർഗ്ഗങ്ങളിലെല്ലാം മാർഗ്ഗദർശനത്തിനായി ദിവ്യവെളിപാടുകളുടെ സ്വീകർത്താക്കളായി പ്രവാചകന്മാർ വന്നുകൊണ്ടുമിരുന്നു.

പിന്നീട് ജനവർഗ്ഗങ്ങളുടെ കുടിയേറ്റം, വാണിജ്യയാത്രകൾ, സാമ്രാട്ടുകളുടെ പടയോട്ടങ്ങൾ മുതലായ ഭൗതികനിമിത്തങ്ങൾ ഗോത്രസങ്കലനത്തിന്റെ ആദ്യചലനങ്ങളായി മാറി.

മനുഷ്യസമുദായങ്ങളും അവരുടെ ദർശനങ്ങളും അങ്ങനെ പരസ്പരം കലരുകയും വിശ്വമാനവസമൂഹത്തിന്റെ ആദിചലനങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു.

എല്ലാ മതങ്ങളും ദൈവപ്രോക്തനങ്ങളാണെന്നും ആ മതസ്ഥാപകരെയൊക്കെ ഒരുപോലെ ബഹുമാനിക്കണമെന്നും ഖുർആൻ പഠിപ്പിക്കുന്നു.

'ഓരോ സമുദായത്തിനും ഓരോ ദൈവദൂതനുണ്ട്.'

തീർന്നില്ല, ഇത്രകൂടി പറയുന്നുണ്ട്.

'സത്യവിശ്വാസികൾ അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. അവർക്കിടയിൽ ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല.'

ഈ വചനങ്ങൾ പ്രകാരം അബ്രഹാം, മോശെ, യേശുക്രിസ്തു, ശ്രീകൃഷ്ണൻ, ശ്രീരാമൻ, ജൈനൻ, ശ്രീബുദ്ധൻ, സൊറാസ്റ്റർ ഇവരെല്ലാം ദൈവമയച്ച പ്രവാചകന്മാരാണ്. അവരെയെല്ലാം ഭേദചിന്ത കൂടാതെ നാം ബഹുമാനിക്കണമെന്നാണ് ഖുർആന്റെ ഗുണപാഠം. ആ പ്രവാചകന്മാരിലെല്ലാം ദൈവശാന്തി വർഷിക്കപ്പെടട്ടെ. (തുടരും) ●



ലേഖനം

വലീദ് അഹ്മദ്

# ക്രിസ്ത്യൻ മിഷനറിമാരുടെ ആക്രമണവും വാഗ്ദത്ത മസീഹിന്റെ പ്രതിരോധവും

**ക്രിസ്തീയ മിഷനറിമാർ ഇസ്‌ലാമിനെതിരെ നടത്തിയ വിമർശനങ്ങളേയും അവരുടെ വമ്പിച്ച മതപരിവർത്തന ശ്രമങ്ങളേയും വാഗ്ദത്തമസീഹ് ഉജ്ജ്വലമായി പ്രതിരോധിക്കുകയും തന്റെ നിശിതമായ പ്രത്യാക്രമണങ്ങൾക്ക് മുമ്പിൽ അവരെ അടിയറവ് പറയിക്കുകയും ചെയ്തു.**

ഇസ്‌ലാം മതത്തിനെതിരെ നാനാ ഭാഗത്തുനിന്നും ഉണ്ടായ ആക്രമണത്തെ പ്രതിരോധിക്കാൻ വാഗ്ദത്ത മസീഹ് നടത്തിയ ശ്രമങ്ങളേയും അദ്ദേഹത്തിന് ഇസ് ലാമിനോടുണ്ടായിരുന്ന അഗാധമായ സ്നേഹത്തേയും സാമാന്യബുദ്ധിയുള്ള ഒരാൾക്ക് ഒറ്റനോട്ടത്തിൽ തന്നെ ബോദ്ധ്യമാവുന്നതാണ്. വാഗ്ദത്ത മസീഹിന്റെ കാലത്ത് ഇന്ത്യയിൽ, ക്രിസ്ത്യൻ മിഷനറിമാർ, നിരന്തരം ഇസ് ലാമിനെതിരെ ആശയപരമായ ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു.

ഈ ക്രിസ്ത്യൻ ആക്രമണങ്ങൾ 1799ൽ 'ചർച്ച് മിഷനറി സൊസൈറ്റി'യുടെ സ്ഥാപനത്തോടെയാണ് തുടക്കം കുറിച്ചത്. അതിന്റെ ലക്ഷ്യം 1859ൽ ബ്രിട്ടീഷ് രാജ്ഞിക്ക് അവർ നൽകിയ സബ്മിഷനിൽ നിന്നും വ്യക്തമാണ്. ആ സബ്മിഷൻ രണ്ട് വർഷക്കാലം പാർലിമെന്റിൽ ചർച്ച ചെയ്തു. ഇന്ത്യയിലെ മുഴുവൻ ജനങ്ങളേയും ക്രിസ്തുമതത്തിന് കീഴിൽ കൊണ്ടുവരിക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. അന്ന് ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷ് ഭരണകൂടത്തിന്റെ സഹായത്തോടെ ഇത് നടപ്പാക്കാനായിരുന്നു ക്രിസ്തുസഭ പരിപാടിയിട്ടിരുന്നത്. തുടക്കത്തിൽ അതിന് കാര്യമായ പുരോഗതിയുണ്ടായെങ്കിലും പക്ഷേ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ആ ലക്ഷ്യം സഫലമാവാതെ പോവുകയാണുണ്ടായത്. ഈ കാലഘട്ടത്തിൽ ക്രിസ്ത്യൻ മിഷനറി സംഘങ്ങൾ ധാരാളമായി വർദ്ധിച്ചെങ്കിലും ക്രിസ്ത്യാനികളുടെ ഉദ്ദേശ്യം നിറവേറിയില്ല. 1857ൽ ഈ മിഷനറിസംഘങ്ങൾ 19 ആയിരുന്നെങ്കിൽ 1901ൽ അത് 73 ആയി വർദ്ധിക്കുകയുണ്ടായി. ഇത് കൂടാതെ പ്രത്യേക ഉദ്ദേശ്യലക്ഷ്യമില്ലാത്ത മറ്റനേകം ക്രിസ്ത്യൻ മിഷനറി സംഘങ്ങളുമുണ്ടായിരുന്നു. 1851ൽ ഇന്ത്യയിലെ ക്രിസ്തീയരുടെ എണ്ണം 91,092 ആയിരുന്നെങ്കിൽ 1881ൽ അത് 417,372 ആയി ഉയർന്നു. ഈ ജനസംഖ്യ ഒരുപക്ഷേ അക്കാലത്ത് അധികമാണെന്ന് ധരിച്ചേക്കാം. പക്ഷേ, പാകിസ്താനും, ബംഗ്ലാദേശുമടക്കം അവിഭക്ത ഇന്ത്യയിലെ ക്രിസ്ത്യൻ ജനസംഖ്യയാണ് ഇതെന്നോർക്കണം. ചർച്ച് മിഷനറി സൊസൈറ്റി ആസൂത്രണം ചെയ്തത് പോലെ ഇന്ത്യയിൽ ക്രിസ്തുമതപരിവർത്തനത്തിന്റെ വമ്പിച്ചൊരു വേലിയേറ്റം സൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞില്ല.

ഇതിന് കാരണം ഹദ്റത്ത് അഹ്മദ് (അ)മിന്റെ രംഗപ്രവേശനമായിരുന്നു. ഇസ്‌ലാം മതത്തെ പ്രതിരോധിക്കാൻ വാഗ്ദത്ത മസീഹ് ശക്തമായ ആശയസമരത്തിന്റെ മാർഗ്ഗം സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ മുസ്‌ലിംകളിൽ നിന്നും ക്രിസ്തുമതത്തിലേക്കുള്ള ഒഴുക്ക് വളരെ കൂടുമായിരുന്നു.

ക്രിസ്ത്യൻ മിഷനറിമാരുടെ ഇസ്‌ലാമിനെതിരായ ആക്രമണം മുസ്‌ലിംകളുടെ വിശ്വാസത്തിന്റെ കേന്ദ്രസ്ഥാനമായ ദൈവത്തിന്റെ ഏകത്വത്തിലാണ് വന്ന് പതിച്ചത്. യേശുവിന് ദിവ്യത്വം കല്പിച്ചുകൊണ്ടുള്ള ക്രിസ്തീയ വിശ്വാസങ്ങ

ളുടെ പ്രചാരണം ഇസ്ലാമിന്റെ അടിസ്ഥാനവിശ്വാസങ്ങളെയായിരുന്നു വെല്ലുവിളിച്ചത്.

തീർച്ചയായും ക്രിസ്തുമതപക്ഷത്തുനിന്നുള്ള ഈ വമ്പിച്ച ആക്രമണം വാഗ്ദത്ത മസീഹിനെ അസ്വസ്ഥനാക്കി. ഇതിനെ പ്രതിരോധിക്കാൻ അദ്ദേഹം അത്യദ്ധ്വാനം ചെയ്യുകയുണ്ടായി. അദ്ദേഹം തന്റെ എഴുത്തിലൂടെയും സംവാദങ്ങളിലൂടെയും ക്രിസ്തുവിന്റെ ദിവ്യത്വത്തെ ചോദ്യം ചെയ്തു. ക്രിസ്തു മനുഷ്യനായ ഒരു പ്രവാചകൻ മാത്രമായിരുന്നുവെന്ന് അദ്ദേഹം ബൈബിളിൽ നിന്നുള്ള ഉദ്ധരണികളെടുത്തുകൊണ്ട് അനിഷേധ്യമാംവിധം ശക്തമായി സ്ഥാപിക്കുകയുണ്ടായി. ഇത് ഉന്നതപരിശീലനം നേടിയ ക്രിസ്തീയ മിഷനറിമാരേപോലും ആശയക്കുഴപ്പത്തിലാക്കി.

വളരെ ചെറുപ്പത്തിൽ തന്നെ വാഗ്ദത്ത മസീഹ് ക്രിസ്ത്യൻ മിഷനറിമാർക്കെതിരായുള്ള ആശയസമരത്തിൽ പ്രാവീണ്യം നേടിയിരുന്നു. ഒരിക്കൽ അദ്ദേഹം എഴുതിയത് തനിക്ക് 16ഓ 17ഓ വയസ്സ് പ്രായമുള്ളപ്പോൾ തന്നെ അദ്ദേഹം ക്രിസ്തുമതത്തെ ഖണ്ഡിച്ചു തുടങ്ങിയതായാണ്. ക്രിസ്ത്യൻ മിഷനറിമാരുമായുള്ള ചില സംവാദങ്ങൾ വലിയ അനന്തരഫലങ്ങളുണ്ടാക്കിയില്ലെങ്കിലും ചെറുപ്രായത്തിൽ തന്നെ ഇസ്ലാമിന്റെ പക്ഷത്ത് നിന്നും ക്രിസ്തുമതത്തിനെതിരെയുള്ള വാഗ്ദത്ത മസീഹിന്റെ പ്രത്യാക്രമണങ്ങൾ ഇക്കാര്യത്തിൽ അദ്ദേഹത്തിനുള്ള അതുല്യ വൈഭവത്തിന്റെ നിദർശനമായിരുന്നു. ഉദാഹരണത്തിന് ഒരിക്കൽ എലിസാ സ്വിഫ്റ്റ് എന്നയാൾ ഇസ്ലാം മതത്തെ അനുധാവനം ചെയ്താൽ 'മോക്ഷം' ലഭിക്കുകയില്ലെന്നും അത് ക്രിസ്തുമതത്തിലാണ് സാധ്യമാവുകയെന്നും വാദിച്ചു. ഇതിനോട് പ്രതികരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് അദ്ദേഹത്തോട് 'മോക്ഷം' എന്ന പദം എന്താണെന്ന് നിർവ്വചിക്കാനും അത് അർത്ഥമാക്കുന്നതെന്താണെന്നും വിശദീകരിക്കാൻ ആവശ്യപ്പെട്ടു. ഞാൻ തർക്കശാസ്ത്രം പഠിച്ചിട്ടില്ലെന്നും അത് കൊണ്ട് അതിന് ഉത്തരം പറയാൻ സാധ്യമല്ലെന്നും പറഞ്ഞു. മിഷനറി ഒഴിഞ്ഞുമാറി.

## റവ: ബട്‌ലർ

വാഗ്ദത്ത മസീഹിന്റെ വളരെ ചെറുപ്പകാലത്ത് ഒരിക്കൽ അഗാധ പണ്ഡിതനായിരുന്ന റവറന്റ് ബട്‌ലർ എന്ന മിഷനറിയുമായി ഒരു സംവാദമുണ്ടായി. അതിൽ റവറൻറ് ബട്‌ലർക്ക് വാഗ്ദത്ത മസീഹുമായി യാതൊരർത്ഥത്തിലും കിടനിൽക്കാൻ സാധിച്ചിരുന്നില്ല. വാഗ്ദത്ത മസീഹുമായി അദ്ദേഹം നിരവധി സംവാദങ്ങൾ നടത്തുകയുണ്ടായി. ഒരിക്കൽ യേശുവിന്റെ പാപരാഹിത്യത്തെ കുറിച്ചായിരുന്നു സംഭാഷണം. ക്രിസ്തു, കന്യകയിൽ നിന്നും ജനിച്ചവനായതിനാൽ ആദമിന്റെ പാപം അദ്ദേഹത്തിലേക്ക് സംക്രമിച്ചിട്ടില്ല എന്ന് റവറന്റ് ബട്‌ലർ പറയുകയുണ്ടായി. എന്നാൽ പാപം സംക്രമിക്കുന്നതാണെങ്കിൽ യേശുവിന്റെ മാതാവായ മറിയയിൽ പാപം സംക്രമിച്ചിട്ടുണ്ടെന്നും, മാത്രമല്ല ക്രിസ്തീയ അദ്ധ്യാപനപ്രകാരം ആദം പാപത്തിലേക്ക് വഴുതിവീണ് സ്വർഗ്ഗത്തിൽ നിന്നും ബഹിഷ്കൃതനാകാൻ കാരണക്കാരി ഹവ്വ എന്ന സ്ത്രീ ആയിരിക്കെ, യേശു ഒരു മാതാവില്ലാതെയാണ് ജനിച്ചതെങ്കിൽ മാത്രമേ പാപസുരക്ഷിതനാണെന്ന് ഉറപ്പുവരുത്താൻ സാധ്യമാവൂവെന്ന് വാഗ്ദത്ത മസീഹ് പ്രതിവചിച്ചു. വാഗ്ദത്ത മസീഹിന്റെ ഖണ്ഡനത്തിനു മുമ്പിൽ റവറന്റിനു മറുപടിയില്ലായിരുന്നു. വാഗ്ദത്ത മസീഹുമായുള്ള സംവാദത്തിൽ റവറൻറ് ബട്‌ലർക്ക് ഇത്തരത്തിലുള്ള അനിഷേധ്യമായ ഖണ്ഡനങ്ങളിലൂടെ വാഗ്ദത്ത മസീഹിനു മുമ്പിൽ അടിയറവ് പറയേണ്ടി വന്നിട്ടുണ്ട്. പക്ഷേ മതപരമായ ഭിന്നതയുണ്ടെങ്കിലും റവറന്റ് ബട്‌ലർ വാഗ്ദത്ത മസീഹിനോട് വളരെ വിനയാന്വിതനായും ആദരവോടും കൂടിയായിരുന്നു പെരുമാറിയിരുന്നത്. ഖേദകരമെന്ന് പറയട്ടെ വാഗ്ദത്ത മസീഹിനോട് മറ്റ് മിഷനറിമാർക്കുണ്ടായിരുന്ന സമീപനം ഇത്തരത്തിലായിരുന്നില്ല.

## പാതിരി ഫത്ഹെ മസീഹ്

ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രശസ്തി വർദ്ധിക്കുകയും അദ്ദേഹത്തിന്റെ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഇത് ക്രിസ്ത്യൻ മിഷനറിമാരിൽ അസ്വസ്ഥതകൾ വളർത്തി. ചില ക്രിസ്ത്യൻ മിഷനറിമാർ വാഗ്ദത്ത മസീഹിന്റെ ഭാഗത്ത് നിന്നുള്ള ഭീഷണി മുൻകൂട്ടിതന്നെ മനസ്സിലാക്കി. റവ: ഇമാമുദ്ദീൻ റവ: തക്കർ ദാസ്, റവ: അബ്ദുല്ലാ ആഥിം മുതലായവർ ജനങ്ങൾക്കിടയിൽ വാഗ്ദത്ത മസീഹിന് വർദ്ധിച്ചുവരുന്ന സ്വാധീനത്തെ സംബന്ധിച്ച് 'നൂർ അഫ്ശാൻ' എന്ന ക്രിസ്തീയ ദിനപത്രം മുഖേന താക്കീത് നൽകി. 1887 വർഷത്തിലെ ആദ്യ നാലു മാസങ്ങളിൽ അവർ വാഗ്ദത്ത മസീഹിനെതിരായി തുടർലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു.

അവർ ഇസ്ലാമിനെതിരിൽ ക്രിസ്തുമതത്തിന്റെ ഔന്നത്യത്തെക്കുറിച്ച് അവകാശവാദങ്ങൾ ഉന്നയിക്കുകയും ഇസ്ലാമിന്റെ ശ്രേഷ്ഠത തെളിയിക്കാൻ വാഗ്ദത്ത മസീഹിനെ വെല്ലുവിളിക്കുകയും

ചെയ്തു (നൂർ ഹഫ്ശാൻ 30 മാർച്ച് 1882) വാഗ്ദത്ത മസീഹ് തന്റെ പ്രവചനങ്ങളുടെ പുലർച്ചയിലൂടെ ഇസ്ലാമിന്റെ മഹത്വം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. ഇസ്ലാം മതത്തിലെ അദ്ധ്യാപനങ്ങളെ പിന്തുടർന്നാൽ ദൈവവുമായി അഭേദ്യമായൊരു ബന്ധം സ്ഥാപിക്കാമെന്ന് അദ്ദേഹം തെളിയിച്ചുകാട്ടുകയായിരുന്നു. ദൈവം ശരണാർത്ഥിയുടെ പ്രാർത്ഥന കേൾക്കുമെന്നും ഭാവിയുടെ ഗർഭത്തിലിരിക്കുന്ന കാര്യങ്ങൾ തന്റെ ദാസന് വെളിപ്പെടുത്തിക്കൊടുക്കുമെന്നും പ്രവചനങ്ങളും അതിന്റെ പുലർച്ചയിലൂടെയും വാഗ്ദത്ത മസീഹ് സ്ഥാപിക്കുകയുണ്ടായി.

ഇപ്രകാരം പാതിരി ഫതഹ് മസീഹ് എന്ന ക്രിസ്തീയ പ്രചാരകൻ തന്റെ പ്രാർത്ഥനയും ദൈവം കേൾക്കുമെന്നും അദ്ദേഹത്തിനും ദൈവത്തിൽ നിന്ന് ഭാവിയെ സംബന്ധിച്ച പ്രവചനങ്ങളടങ്ങിയ സന്ദേശങ്ങൾ ലഭിക്കാറുണ്ടെന്നും അവകാശപ്പെട്ടുകൊണ്ട് വാഗ്ദത്ത മസീഹിനെ വെല്ലുവിളിച്ചു.

വാഗ്ദത്ത മസീഹിന്റെയും അദ്ദേഹത്തിന്റെയും പ്രവചനങ്ങൾ 21 മെയ് 1888ലെ നൂർ അഫ്ശാൻ പത്രത്തിൽ പ്രസിദ്ധീകരിക്കുമെന്നുമായിരുന്നു വെല്ലുവിളി. വാഗ്ദത്ത മസീഹ് ഫത്ഹെ മസീഹിന്റെ ഈ വെല്ലുവിളി സ്വീകരിച്ചു. ജനങ്ങൾ പ്രവചനങ്ങൾ കേൾക്കാനായി തടിച്ചുകൂടി. ഫത്ഹെ മസീഹ് തന്റെ പ്രവചനങ്ങൾ നൽകുന്നതിൽ ഒഴിവുകഴിവ് പറയുകയും ഒരൊറ്റ പ്രവചനം പോലും പറയാതെ തടിയൂരുകയുമാണുണ്ടായത്. ഈ പാതിരി അങ്ങനെ പൊതുജനമദ്ധ്യത്തിൽ പരിഹാസ്യനാവുകയും ലജ്ജിച്ചു തലതാഴ്ത്തുകയുമുണ്ടായി.

പാതിരി ഫത്ഹെ മസീഹ് അവിടെ വെച്ച് നിർത്തിയില്ല. വാഗ്ദത്ത മസീഹിന് ദൈവവുമായുള്ള ബന്ധത്തിന്റെ സത്യത്തെ എതിർത്തുകൊണ്ട് ക്രിസ്തുമതത്തിന്റെ ഔന്നത്യം സ്ഥാപിക്കാനുള്ള ശ്രമവുമായി അദ്ദേഹം വീണ്ടും തലപൊക്കി. ഇസ്ലാമിന്റെ സത്യം തെളിയിക്കാൻ ഫത്ഹെ മസീഹും മറ്റു ചില മിഷനറിമാരും ഒരു ഉപായം നിർദ്ദേശിച്ചു. നാല് ചോദ്യങ്ങളടങ്ങിയ ഒരു കടലാസ് തുണ്ടും ഒരു കവറിലിട്ട് ഭദ്രമായി സീൽ ചെയ്ത് അവിടെയുള്ള ഒരാൾക്ക് കൈമാറും. വാഗ്ദത്ത മസീഹ് അതിലെ ഉള്ളടക്കം എന്താണെന്ന് വെളിപ്പെടുത്തണം. ഇതായിരുന്നു ഫതഹ് മസീഹിന്റെയും കൂട്ടരുടെയും വെല്ലുവിളി. വാഗ്ദത്ത മസീഹ് ഒന്ന് രണ്ട് ചെറിയ ഉപാധികളോടെ ക്രിസ്തീയ മിഷനറിമാരുടെ ഈ വെല്ലുവിളി സ്വീകരിക്കുകയുണ്ടായി. അതായത് വാഗ്ദത്ത മസീഹ് ഈ വെല്ലുവിളിയിൽ വിജയിക്കുകയാണെങ്കിൽ റവറന്റ് സ്റ്റാൻടൺ ഇസ്ലാം മതം സ്വീകരിക്കുകയോ മുസ്ലിം സംഘടനയെ (അൻഞ്ചുമൻ ഹമായത്തെ ഇസ്ലാം, ലാഹോർ) അപകീർത്തിപ്പെടുത്തിയതിന് ആയിരം രൂപ പിഴ ഒടുക്കുകയോ വേണം. ഇതായിരുന്നു വാഗ്ദത്ത മസീഹിന്റെ ഉപാധി. പക്ഷേ ക്രിസ്ത്യൻ മിഷനറിമാർ അത് സ്വീകരിക്കുകയുണ്ടായില്ല.

ഹദ്റത്ത് അഹ്മദ് (അ)ന്റെ ഈ ധീരമായ നിലപാട് മുസ്ലിം മാധ്യമങ്ങളിൽ അദ്ദേഹത്തിന് വ്യാപകമായ ഒരു അംഗീകാരം നേടിക്കൊടുത്തു. ഇസ്ലാം മതത്തിന്റെ ജേതാവായി അദ്ദേഹം പൊതുജനമധ്യത്തിൽ ആദരിക്കപ്പെട്ടു. അമൃത്സറിൽ നിന്നും പുറപ്പെടുന്ന 'റിയാസെ ഹിന്ദ്' മാർച്ച് 1886ലെ ലക്കം അദ്ദേഹത്തെ കുറിച്ചു ഇപ്രകാരം എഴുതി.

*നമ്മുടെ പത്രത്തിന്റെ വിനീതമായ നിരീക്ഷണപ്രകാരം മീർസാ സാഹിബിന്റെ അത്യുജ്ജ്വലമായ പ്രതിരോധശേഷിയും അത്യുന്നതമായ ആത്മീയശേഷിയും അതിമഹത്തരമാണ്. ഇസ്ലാമിനും സത്യത്തിനുവേണ്ടി അദ്ദേഹം ഉന്നയിച്ച അനിഷേധ്യമായ യുക്തിയും, സമുജ്ജ്വലമായ വാദമുഖങ്ങളും അത്യന്തം മനോഹരങ്ങളുമാണ്. പൂർവ്വസൂരികളും സമകാലീനരുമായ പണ്ഡിതന്മാരെ വെല്ലുന്ന രീതിയിലുള്ളതാണ് അദ്ദേഹത്തിന്റെ വാഗ്മിത്വവും വിഷയാവതരണവും എന്നത് നിസ്തർക്കമാണ്.*

അതേ പത്രം തന്നെ ഹദ്റത്ത് അഹ്മദിനെ കുറിച്ച് 'ഇസ്ലാമിന്റെ അഭിമാനം' ഖാദിയാന്റെ നേതാവ് എന്ന തലക്കെട്ടിൽ ലേഖനങ്ങളുമെഴുതി. (റിയാസെ ഹിന്ദ് 28 മെയ് 1888)

## ഹീനമായ വിമർശനങ്ങൾ

മേൽ പ്രസ്താവിച്ചത് പോലെ ഇസ്ലാമിനെതിരായ ക്രിസ്ത്യൻ മിഷനറിമാരുടെ വിമർശനം യുക്തിപരവും മാന്യവുമായ രീതിയിലായിരുന്നില്ല. ചിലപ്പോൾ അവ അത്യന്തം പ്രകോപനപരവും ഇസ്ലാമിനെ അധിക്ഷേപിക്കുന്നതുമായിരുന്നു. ഇത് കൂടുതൽ പ്രകടമായിരുന്നത് ക്രിസ്തീയ സഹോദരന്മാരും അവരുടെ പാതിരിമാരും റസൂൽ തിരുമേനിയുടെ സ്വഭാവത്തെ സംബന്ധിച്ചും അവിടുത്തെ ഭാര്യമാരെക്കുറിച്ച് പരാമർശിക്കുന്നിടത്തുമാണ്. മുഹമ്മദ് നബിയെ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി മുഹമ്മദ് നബിയെ മറ്റൊരാളും അവിടുത്തെ സ്നേഹിച്ചിട്ടില്ല. തന്റെ പ്രേമഭാജനമായ റസൂൽതിരുമേനി(സ)യെക്കെതിരായ നിസ്സാരമായ ആക്ഷേപങ്ങൾ പോലും അദ്ദേഹ

ത്തിന്റെ ഹൃദയത്തെ അഗാധമായി വ്രണപ്പെടുത്തിയിരുന്നു. അദ്ദേഹം പറയുന്നു.

*റസൂൽ തിരുമേനി(സ)യെ നിന്ദ്യവും നികൃഷ്ടവുമായ രീതിയിൽ അപകീർത്തിപ്പെടുത്തുന്ന നിരവധി കൃതികൾ പാരായണം ചെയ്യുകയാണെങ്കിൽ ഒരാളുടെ ശരീരം വിറകൊണ്ടുപോകും. (അത്തരത്തിലുള്ളതായിരുന്നു ഫത്ഹെ മസീഹിന്റെ കത്തുകളും ലഘുലേഖകളും) നമ്മുടെ ഹൃദയം അത്യന്തം ദുഃഖഭരിതമാണ്. ഈ ആളുകൾ നമ്മുടെ സന്താനങ്ങളെ നമ്മുടെ കണ്ണിനുമുമ്പിൽ വെച്ച് തുണ്ടം തുണ്ടമാക്കി കൊലപ്പെടുത്തിയാലും അത്യധികം ഹീനമായ രീതിയിൽ നമ്മുടെ പ്രിയപ്പെട്ടവരെ വധിച്ചുകളഞ്ഞാലും, നമ്മുടെ സമ്പാദ്യങ്ങളെല്ലാം അവർ കവർന്നെടുത്താലും ദൈവത്തെ സാക്ഷി നിർത്തി നാം പറയുന്നു. അത്തരം അവസ്ഥയിൽ പോലും നാം ഇത്രയധികം ദുഃഖിക്കുകയോ ഇത്രയധികം വേദനിക്കുകയോ ചെയ്യില്ല. എന്നാൽ റസൂൽ തിരുമേനി(സ)യെ ഇത്തരത്തിൽ വിമർശിക്കുമ്പോൾ നാം അതിനേക്കാളെല്ലാം ദുഃഖിക്കുകയും വേദനിക്കുകയും ചെയ്യുന്നു. (അയ്നയെ കമാലാത്തെ ഇസ്‌ലാം)*

ഇത്തരത്തിൽ ഇസ്‌ലാമിനെതിരെയുള്ള ഹീനമായ വിമർശനങ്ങളെ പ്രതിരോധിക്കേണ്ടതുണ്ടായിരുന്നു. ഇത്തരം ഹീനവിമർശനങ്ങളെ അവരുടെ തന്നെ മരുന്നുകളുപയോഗിച്ചാണ് വാഗ്ദത്ത മസീഹ് ചികിത്സ നടത്തിയത്. ക്രിസ്ത്യാനികളുടെ മതഗ്രന്ഥമായ ബൈബിളിനെ തന്നെ അടിസ്ഥാനമാക്കി അദ്ദേഹം ആ ഗ്രന്ഥത്തിലുള്ള ജുഗുപ്സാവഹവും അശ്ലീലകരവുമായ അദ്ധ്യാപനങ്ങളെ ചൂണ്ടിക്കാട്ടി അദ്ദേഹം ബൈബിളിലെ ക്രിസ്തുവിനെതിരെ ആഞ്ഞടിച്ചു. അല്ലാഹുവിന്റെ പ്രവാചകനായ ക്രിസ്തുവിനെ താൻ അത്യധികം ബഹുമാനിക്കുന്നുവെന്നും പക്ഷേ ക്രിസ്തീയ മതസാഹിത്യങ്ങൾ വരച്ചുകാട്ടുന്ന ക്രിസ്തു തികച്ചും മറ്റൊരാളാണെന്നും അദ്ദേഹം പറഞ്ഞു. ഇത്തരത്തിൽ വാഗ്ദത്ത മസീഹിന്റെ പ്രതിരോധവും പ്രത്യാക്രമണവും കാരണം ക്രിസ്ത്യൻ മിഷനറിമാരുടെ ഇസ്‌ലാമിനെതിരായ ആക്രമണം ഏറെക്കുറെ ഇല്ലാതായി.

വാഗ്ദത്ത മഹ്ദിയുടെ ഭാഗത്തു നിന്നും ഇസ്‌ലാമിനെ പ്രതിരോധിച്ചുകൊണ്ടുണ്ടായ ഉജ്ജ്വലപ്രകടനങ്ങൾ കാരണം ക്രിസ്ത്യാനികൾക്ക് വാഗ്ദത്ത മസീഹിനോട് വമ്പിച്ച വൈരാഗ്യം ഉടലെടുത്തു. ഉദാഹരണത്തിന് 'ചർച്ച് ഫാമിലി' എന്ന ആംഗ്ലിക്കൻ സഭയുടെ ഒരു പത്രം എഴുതി.

*'മിർസാ ഗുലാം അഹ്മദിന് കീഴിൽ എഴുതപ്പെട്ട സാഹിത്യങ്ങളെ ഖണ്ഡിക്കാൻ നാം യാതൊരു ശ്രമവും നടത്തിയിട്ടില്ല. അദ്ദേഹം ക്രിസ്തുമതത്തിന്നെതിരെ എഴുതിയ വാല്യം കണക്കിനുള്ള സാഹിത്യങ്ങൾ ബൈബിളിന്റെ ആധികാരികതയെ തന്നെ തകർക്കുന്നതാണ്. ('അഹ്മദിയ്യത്ത് റിനൈസൺസ് ഓഫ് ഇസ്‌ലാം' സർസഫലുല്ലാഹ് ഖാൻ പേ 178)*

ഇസ്‌ലാം മതത്തെ വിമർശിക്കാനും മുസ്‌ലിംകളെ തങ്ങളുടെ മതത്തിലേക്ക് കൊണ്ടുവരുവാനും ക്രിസ്ത്യൻ മിഷനറിമാർ പയറ്റുന്ന ലളിതമായ ഉപായമിതാണ്: 'നിങ്ങളുടെ പ്രവാചകനായ മുഹമ്മദ് നബി(സ) മരിച്ചു മണ്ണടിഞ്ഞുപോയി. എന്നാൽ നിങ്ങളുടെ വിശ്വാസമനുസരിച്ച് ആകാശത്ത് ജീവിച്ചിരിക്കുന്ന പ്രവാചകൻ ഈസാ (അ) യാണ്. അതുകൊണ്ട് ആരാണ് ശ്രേഷ്ഠൻ. ഒരാൾ വീണ്ടും വരാനായി ആകാശത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. മററായാളാകട്ടെ, മണ്ണിനടിയിൽ എന്നെന്നേക്കുമായി കുഴിച്ചുമൂടപ്പെട്ടിരിക്കുന്നു. ആരാണ് ശ്രേഷ്ഠൻ? ക്രിസ്ത്യൻ മിഷനറിമാരുടെ ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ ബൈബിളും, ഖുർആനും അടിസ്ഥാനമാക്കിക്കൊണ്ട് യേശു അഥവാ ഈസാ നബി (അ) മരിച്ചുപോയിരിക്കുന്നു എന്ന് ശക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അദ്ദേഹം വാദിക്കുകയുണ്ടായി. ആലങ്കാരികാർത്ഥത്തിൽ വരുമെന്ന് പ്രവചിക്കപ്പെട്ട യേശു താനാണെന്നും വാഗ്ദത്ത മസീഹ് പ്രഖ്യാപിക്കുകയുണ്ടായി. ഈ വിധം അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ മഹത്വത്തെ ഉയർത്തിക്കാട്ടി. തെറ്റിദ്ധരിക്കപ്പെട്ട മുസ്‌ലിംകളുടെ ക്രിസ്തുമതത്തിലേക്കുള്ള ഒഴുക്ക് തടഞ്ഞുനിർത്തപ്പെടുകയും ചെ യ്തു.

## അലക്സാണ്ടർ ഡോവിയുടെ ദാരുണമായ അന്ത്യം

വിദേശത്ത് നിന്നുള്ള ക്രിസ്ത്യൻ മിഷനറിമാരുടെ കൊടിയ വിമർശനത്തേയും വാഗ്ദത്ത മസീഹ് നേരിടുകയുണ്ടായി. അതിലൊരാൾ ജോൺ അലക്സാണ്ടർ ഡോവി ആയിരുന്നു. ജന്മം കൊണ്ട് സ്കോട്ടുലണ്ടുകാരനായ അദ്ദേഹം അമേരിക്കയിൽ ഒരു നഗരം പണിതുകൊണ്ട് യേശുവിന്റെ രണ്ടാം വരവിനു മുന്നോടിയായിക്കൊണ്ടാണ് താൻ വന്നതെന്ന് വാദിച്ചു. അദ്ദേഹത്തിന് ഒരു ലക്ഷത്തിലധികം അനുയായികളുണ്ടായിരുന്നു. ഇസ്‌ലാമിനെതിരെ കഠിനവിരോധം വെച്ചുപുലർത്തിയിരുന്ന അദ്ദേഹം ഹീനമായ

ഭാഷയിലായിരുന്നു ഇസ്‌ലാമിനെതിരെ വിമർശിച്ചത്. 1902ൽ അദ്ദേഹം ഒരു പ്രവചനം നടത്തുകയുണ്ടായി. മുസ്‌ലിംകൾ ക്രിസ്തുമതം സ്വീകരിക്കുന്നില്ലെങ്കിൽ അവർക്ക് മരണമോ നാശമോ വന്നുഭവിക്കുമെന്നായിരുന്നു പ്രവചനം. ഇതിനോടുള്ള പ്രതികരണം എന്ന നിലക്ക് വാഗ്ദത്ത മസീഹ് ഡോവിക്ക് ഇസ്‌ലാമിന്റെ ശ്രേഷ്ഠതകൾ വെളിപ്പെടുത്തിക്കൊണ്ട് ഒരു കത്തെഴുതി. അതുകൊണ്ട് ലോകത്തെ മുസ്‌ലിംകൾ നശിക്കുമെന്ന ഡോവിയുടെ പ്രവചനം അനാവശ്യമാണെന്നും അദ്ദേഹം കത്തിൽ പരാമർശിച്ചു. താൻ ദൈവത്താൽ പ്രേഷിതനായ വാഗ്ദത്ത മസീഹാണെന്നും താനുമായി ഒരു പ്രാർത്ഥനാസമരത്തിന് ഡോവി തയ്യാറാവണമെന്നും ഹദ്റത്ത് അഹ്മദ് (അ) എഴുതി. അങ്ങനെ ഡോവി ഈ പ്രാർത്ഥനാസമരത്തിൽ വാഗ്ദത്ത മസീഹിനോട് മത്സരിച്ചു. ഈ മത്സരത്തിൽ ഡോവിയുടെ പതനം അതീവ ദാരുണമായിരുന്നു. ഡോവിയുടെ അന്ത്യം കണ്ട ലോകത്തിന് സത്യം വളരെ വ്യക്തമായി ബോദ്ധ്യപ്പെടുകയും ചെയ്തു.

1905 ഡിസംബറിലാണ് ഡോവി ഒരു തുറന്ന പ്രാർത്ഥനാസമരത്തിന് തയ്യാറായത് കുറഞ്ഞ മാസങ്ങൾക്കകം തന്നെ അയാൾ വാതരോഗം വന്ന് നിശ്ചലനായി. ഡോവിയുടെ അനുയായികൾ അയാൾ രഹസ്യത്തിൽ മദ്യപാനം ചെയ്യുന്നത് കണ്ടുപിടിച്ചു. ചർച്ചിൽ നിന്ന് ആയിരക്കണക്കിന് ഡോളർ (1.5 മില്ല്യൻ ഡോളർ) അദ്ദേഹം അപഹരിച്ചത് പിടിക്കപ്പെട്ടു. അയാളുടെ അനുയായികൾ അയാളെ കൈവിട്ടു. ഭ്രാന്ത് പിടിപെട്ട 1907ൽ 8ാം മാസം തിയ്യതി ഏകാന്തനായി മരണപ്പെട്ടു. 'വമ്പിച്ച ദുരന്തത്തിലും വേദനയിലും' എന്ന് വാഗ്ദത്ത മസീഹ് പ്രവചിച്ചതനുസരിച്ച് അയാൾ കഥാവശേഷനായി. ഈ ദൃഷ്ടാന്തം ലോകത്തിലെല്ലായിടത്തും വലിയ തോതിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇത് വാഗ്ദത്ത മസീഹിന്റെയും ഇസ്‌ലാമിന്റേയും സത്യം ലോകത്ത് തെളിയിച്ചുകാട്ടി.

ഈ കാലഘട്ടത്തിൽ തന്നെ മറ്റൊരു ക്രിസ്ത്യൻ പാതിരിയായ ജോൺ ഹ്യൂഗ് പിഗോട്ട് വാഗ്ദത്ത മസീഹുമായി മത്സരത്തിന് മുന്നോട്ടുവന്നു. അദ്ദേഹം ബ്രിട്ടനിൽ നിന്നുള്ളയാളായിരുന്നു. ദൈവവിധി പിഗോട്ടിയോട് ഡോവിയുടെയത്ര ക്രൂരതകാണിച്ചില്ല. പിഗോട്ട് താൻ യേശുവിന്റെ രണ്ടാം അവതാരമാണെന്ന് മാത്രമായിരുന്നു വാദിച്ചത്. ഡോവിയുടേത് പോലെ ഇസ്‌ലാമിനെതിരായി ശത്രുതയൊന്നും കാട്ടിയില്ല. ഡോവി ഇസ് ലാമിന്റെ നാശത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്തതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

'ഇസ്‌ലാം ലോകത്ത് നിന്നും ഉടൻ തന്നെ അപ്രത്യക്ഷമാവാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. എന്റെ ഈ പ്രാർത്ഥന ദൈവമേ നീ സ്വീകരിക്കേണമേ (14 ഫെബ്രുവരി 1903 പത്രം പ്രസിദ്ധീകരിച്ചത്) അല്കസാണ്ടർ ഡോവി ഇപ്രകാരം പ്രവചിച്ചു: *മനുഷ്യന്റെ (ഇസ്‌ലാം) തിരുവസ്ത്രത്തിലെ കറുത്ത പുള്ളി സിയോന്റെ കൈയ്യാൽ അന്ത്യം കാണും. (5 ആഗസ്ത് 1903 പത്രം പ്രസിദ്ധീകരിച്ചത്)*

റവറന്റ് പിഗോട്ട് അത്തരത്തിലുള്ള ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ല. അദ്ദേഹം യേശുവിന്റെ രണ്ടാം വരവിന്റെ സാക്ഷാത്ക്കാരമാണെന്നു മാത്രമായിരുന്നു വാദിച്ചത്. അദ്ദേഹത്തിന്റെ ഈ വാദത്തിനെതിരെ വാഗ്ദത്ത മസീഹ് വെല്ലുവിളി പുറപ്പെടുവിച്ചു. റവറന്റ് നിശബ്ദനായി പിൻവലിഞ്ഞുകളയുകയാണുണ്ടായത്. ദൈവത്തിന്റെ വെറുപ്പിൽ നിന്നും രക്ഷപ്പെടാൻ അദ്ദേഹത്തിന്റെ ഈ പിൻമാറ്റം സഹായകമായില്ല. പിന്നീട് 1927ൽ അദ്ദേഹം ഒരു ജാരസന്തതിക്ക് ജന്മം നൽകി എന്ന ആരോപണത്താൽ കളങ്കിതനായി. ചർച്ച് അദ്ദേഹത്തെ അനഭിമതനായി പ്രഖ്യാപിച്ചു.

അലക്സാണ്ടർ ഡോവിയുടേയും പിഗേട്ടിന്റേയും ദാരുണമായ നാശം കണ്ടു നാം നടുങ്ങിപ്പോവുമ്പോൾ അത് അല്ലാഹുവിൽ നിന്നും വാഗ്ദത്ത മസീഹിന്റെ സത്യത്തിലേക്കുള്ള ഒരു തെളിവും അവനിൽ നിന്നുള്ള സഹായവുമാണ് അതെന്നുള്ള കാര്യവും ശ്രദ്ധേയമാണ്. ദൈവികമായ ഈ ദൃഷ്ടാന്തങ്ങൾ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ഇവരുടെ ഈ നാശത്തിൽ മറ്റെന്തെങ്കിലും സംതൃപ്തി കണ്ടെത്തുന്നതിൽ അർത്ഥമില്ല. വാഗ്ദത്ത മസീഹ് മനുഷ്യസമൂഹത്തെ അങ്ങേയറ്റം സ്നേഹിക്കുകയും ആരോടും വെറുപ്പും ശത്രുതയും വെച്ച് പുലർത്താതിരിക്കുകയും ചെയ്യുന്നയാളാണെന്നത് ഒരു പ്രഖ്യാപിത സത്യമാണ്. അദ്ദേഹത്തിന്റെ ശത്രുത അസത്യത്തോട് മാത്രമാണ്. (തുടരും)

---

***(31-ൽ നിന്ന് തുടർച്ച)***

ഞാനും എന്റെ ജമാഅത്തും അല്ലാഹുവിന്റെ റസൂലി(സ)ൽ വിശ്വസിക്കുന്നില്ല എന്ന ആരോപണം തികച്ചും കളവാണ്. റസൂൽ തിരുമേനി(സ)യുടെ സ്വഭാവത്തിൽ ഞങ്ങൾക്കുള്ള വിശ്വാസവും, ഉത്തമബോദ്ധ്യവും തികവും ഞങ്ങളുടെ എതിരാളികളുടെ വിശ്വാസത്തിൽ കാണുവാൻ സാധ്യമല്ല (അൽഹക്കം)

കുറിപ്പുകൾ

മുസാഫിർ

# പാകിസ്താൻ: നമുക്ക് കാത്തിരുന്ന് കാണാം

ഇസ്ലാമിക ജിഹാദീ ഗ്രൂപ്പുകളുടെ ഒടുങ്ങാത്ത പോരുകൾ, കൂട്ട കൊലപാതകങ്ങൾ, സുന്നി ശിയാ സംഘട്ടനങ്ങൾ, പള്ളികളിൽ നമസ്കരിക്കാനെത്തുന്നവർ ബോംബ് സ്ഫോടനത്താൽ മാംസകൂമ്പാരമായി മാറുന്ന നിത്യസംഭവങ്ങൾ, സർവ്വത്ര അഴിമതി, പല ഭാഗങ്ങളിലും നിയമവാഴ്ചയുടെ അഭാവത്താൽ തികഞ്ഞ അരാജകത്വം, നിലക്കാത്ത രാഷ്ട്രീയ പ്രക്ഷോഭണങ്ങൾ, രൂക്ഷമായ തൊഴിലില്ലായ്മ, കടുത്ത ദാരിദ്ര്യം, ഏതു സമയവും അധികാരം പിടിച്ചെടുക്കാൻ കാത്തു നിൽക്കുന്ന പട്ടാളം, കാൽകാശിനു കൊള്ളാത്ത നൂറാംകിട നേതാക്കന്മാർ..... പാകിസ്താന്റെ ദുരിതങ്ങൾ അനന്തമാണ്. അവസാനമായി ക്രിക്കറ്റ് വിരോധികളായ താലിബാൻ ജിഹാദികൾ, മാർച്ച് 3ന് ശ്രീലങ്കൻ ക്രിക്കറ്റ് ടീമിനെ അക്രമിക്കുകയുണ്ടായി. അതിനുശേഷം മാർച്ച് 29ന് ലാഹോർ പോലീസ് അക്കാദമി ആക്രമിച്ച് 30 പോലീസുകാരെ കൊന്നു. കഴിഞ്ഞ 19 മാസത്തിനുള്ളിൽ 21 വൻ ആക്രമണങ്ങൾ മരണം 900ലേറെ. 'പരിശുദ്ധ ദേശം' എന്നർത്ഥം വരുന്ന പാകിസ്താൻ ഇന്ന് ആ നാമത്തിന്റെ നേർവിപരീതാവസ്ഥയിലാണ്. അങ്ങനെയുള്ള പാകിസ്താന്റെ ഒരു ഭാഗം തൊപ്പിയും തലപ്പാവും വെച്ച പൈശാചികത്വത്തിന്റെ ആൾരൂപങ്ങളായ താലിബാൻ എന്ന കാബൂൾ ദുർഭൂതങ്ങൾക്ക്, ഇസ്ലാമിക ഭരണം നടത്താൻ വേണ്ടി പാക്ക് ഭരണകൂടം പതിച്ചു നൽകിയിരിക്കുന്നു. ജമാഅത്തെ ഇസ്ലാമി സ്ഥാപകൻ അബുൽ അഅ്ലാ മൗദൂദി സാഹിബ് ജീവിച്ചിരുന്നുവെങ്കിൽ ഈ വാർത്ത കേട്ട് രോമാഞ്ചം കൊള്ളുമായിരുന്നു. അദ്ദേഹമിന്നില്ലെങ്കിലും പാകിസ്താനിലെ അദ്ദേഹത്തിന്റെ പാർട്ടി ഇതിനെ സ്വാഗതം ചെയ്തിട്ടുണ്ട്. എന്നാൽ പാക്കിസ്താനിലെ സമാധാനമാഗ്രഹിക്കുന്ന വലിയൊരു ജനവിഭാഗവും പുറംലോകവും അതീവ ആശങ്കയോടെയാണ് ഈ വാർത്ത ശ്രവിച്ചത്.

നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങൾ പോ ലെ, നാല് പ്രവിശ്യകൾ ചേർന്നതാണ് പാകിസ്താൻ. സിന്ധ്, പഞ്ചാബ്, ബലൂചിസ്ഥാൻ, വടക്കു പടിഞ്ഞാറൻ പ്രവിശ്യ. ഇതിൽ പെഷവാർ തലസ്ഥാനമായ വടക്ക് പടിഞ്ഞാറൻ പ്രവിശ്യ അഫ്ഗാനിസ്ഥാനോട് ചേർന്നു കിടക്കുന്ന താഴ്വാരമാണ്. അവിടെയാണ് സ്വാത്ത് ജില്ല. ജിഹാദികളായ താലിബാൻകാരുടെ സ്വർഗ്ഗഭൂമിയാണ് ഈ പ്രദേശം. ഈ അഫ്ഗാൻ അതിർത്തിയിലാണ് അധിനിവേശ കരായ അമേരിക്കൻ സൈ ന്യവും തമ്പടിച്ചിരിക്കുന്നത്. കഴിഞ്ഞ 18 മാസമായി വടക്ക് പടിഞ്ഞാറൻ പ്രവിശ്യയിലെ സ്വാത്ത് പ്രദേശം കേന്ദ്രമാക്കി ഇസ്ലാമിക ഭരണം നടത്താനും കോടതികൾ ശരീഅത്ത് വത്കരിക്കാനും താലിബാൻ ശക്തമായ പ്രക്ഷോഭണം നടത്തിവരുന്നു. ആധുനിക വിദ്യാഭ്യാസം പാടില്ല എന്ന് പറയുന്ന താലിബാൻ അവരുണ്ടാക്കിയ മദ്രസാ സിലബസ് മാത്രമേ പഠിപ്പിക്കാൻ പാടുള്ളൂ എന്ന ഭീകരവാദമാണ് മുന്നോട്ട് വെക്കുന്നത്. അത് കഴിഞ്ഞ് അത്യാവശ്യമാണെങ്കിൽ മാത്രം മറ്റു കാര്യങ്ങൾ പഠിച്ചാൽ മതി എന്ന നിലപാടുകാരാണ്. പെൺ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ മിക്കവാറും ബോംബിട്ടു തകർത്തു. താലിബാൻ നിശ്ചയിച്ച വേഷവിധാനം മാത്രമേ പെൺകുട്ടികൾ ധരിക്കാൻ പാടുള്ളൂ. അങ്ങാടിയിൽ സ്ത്രീകൾ സാധനങ്ങൾ വാങ്ങാൻ വരാൻ പാടില്ല, പർദ്ദയില്ലാതെ സ്ത്രീകൾ പുറത്തിറങ്ങിയാൽ അക്രമം ഉറപ്പ്. ഈയ്യിടെ പെഷവാറിലെ റഹ്മാൻ ബാബാ എന്ന ദർഗ താലിബാൻ ബോംബിട്ടു തകർക്കുകയുണ്ടായി. സഊദിയിലെ മുഹമ്മദ്ബിനു അബ്ദിൽ വഹാബിനെപോലെ ശിർക്ക് വിരോധം കൊണ്ടല്ല താലിബാൻ അവിടെ ബോംബിട്ട് തകർത്തത്. ദർഗയിൽ സ്ത്രീകൾ ധാരാളമായി വരുന്നത് കൊണ്ടായിരുന്നു. അത്രക്ക് കൊടിയതാണ് ഇവരുടെ സ്ത്രീ വിരോധം. കോടതികളിലെല്ലാം ശരീഅത്ത് അടിസ്ഥാനമാക്കിയായിരിക്കണം വിധി നടത്തേണ്ടത്, ജഡ്ജിമാർക്ക് പകരം മതപണ്ഡിതന്മാരായ ഖാസിമാരെ നിശ്ചയിച്ച് ശരീഅത്ത് നിയമപ്രകാരം വിധിക്കുക... ഇസ്ലാമിക ശിക്ഷാനിയമങ്ങൾ നടപ്പാക്കുക.... ഇങ്ങനെ പോകുന്നു താലി

ബാന്റെ ആവശ്യങ്ങൾ. ഇതെല്ലാം നടപ്പാക്കാൻ വേണ്ടി നിരന്തരം ബോംബ് സ്ഫോടനങ്ങളും, ചാവേർ ആക്രമണങ്ങളും കൊലപാതകപരമ്പരകളുമായി പട്ടാളത്തോടും പോലീസിനോടും ഏറ്റുമുട്ടി, സ്വാത്ത് മേഖല താലിബാൻ ഒരു കുരുതിക്കളമാക്കിയിരിക്കുകയായിരുന്നു. ഒടുവിൽ ഫിബ്രവരി 16ന് നാനാവിധ പ്രശ്നങ്ങളിൽ പെട്ട് ഉഴലുന്ന പാകിസ്താൻ ഭരണകൂടം ഗത്യന്തരമില്ലാതെ സ്വാത്ത് മേഖലയിൽ താലിബാനുമായി ഒരു കരാറുണ്ടാക്കി പ്രശ്നത്തിന് താൽക്കാലിക ശമനമുണ്ടായിരിക്കുന്നു. വാസ്തവത്തിൽ പാകിസ്താന്റെ അസ്തിത്വം തന്നെ ഇല്ലാതായി പോവാൻ സാധ്യതയുള്ളതും അതേസമയം അനിവാര്യവുമായ ഒരബദ്ധമാണ് പാക് ഭരണകൂടം ചെയ്തിരിക്കുന്നത്. മുറുമുറുപ്പ് മാറാത്ത താലിബാന്റെ ഇനിയത്തെ ഹാലിളക്കം എന്താണെന്ന് ആർക്കും പ്രവചിക്കാൻ സാധ്യമല്ല. 'നിസാമെ അദ്‌ൽ റഗുലേഷൻ' എന്ന് പേരുള്ള ഈ കരാറിൽ താലിബാൻ ഒപ്പുവച്ചെങ്കിലും. പാകിസ്താനിലാകമാനം ഒരു നിശബ്ദഭീതി വ്യാപിക്കുകയാണെന്ന് സൂക്ഷ്മനിരീക്ഷകർക്ക് ബോദ്ധ്യമാവും.

കരാർ ഇപ്പോഴാണ് ഒപ്പ് വെച്ചതെങ്കിലും സ്വാത്ത് മേഖല കുറേനാളുകലായി താലിബാന്റെ പിടിയാണ്. പാക് ഗവൺമെൻറിന് സമാന്തരമായി അവരുടെ ശക്തമായ ഭരണക്കൂടം അവിടെ പ്രവർത്തിച്ചുവരികയാണ്. 'തഹ്‌രീകെ നിഫാസിയെ ശരീഅ മുഹമ്മദി' (TNSM) എന്ന പേരിലറിയപ്പെടുന്ന ഈ താലിബാൻ പ്രസ്ഥാനത്തിന്റെ നേതാവ് മൗലാനാ ഫസലുർ റഹ്‌മാനും അയാളുടെ ഭാര്യാപിതാവായ സൂഫി മുഹമ്മദുമാണ്. 2001-ൽ ആയിരം പേരടങ്ങിയ ഒരു സായുധസേനയെ സംഘടിപ്പിച്ച് സർവ്വായുധസജ്ജമായ അമേരിക്കക്കെതിരെ ജിഹാദ് ചെയ്യാൻ സൂഫി മുഹമ്മദ് അഫ്ഗാനിസ്ഥാനിലേക്കയക്കുകയുണ്ടായി. പലരും നിരായുധരും യാതൊരു പരിശീലനവും ലഭിക്കാത്ത മദ്രസാ വിദ്യാർത്ഥികളുമായിരുന്നു. അമേരിക്കൻ സേന ഈ ജിഹാദികളെ ഏറെക്കുറെ മുഴുവനും വകവരുത്തി. മൗലാനാ മൗദൂദിയെ പോലെ ജനാധിപത്യം അനിസ്ലാമികമാണെ ന്നാണ് സൂഫിയുടെയും ഫത്‌വ. എല്ലാം ഇങ്ങനെ ജിഹാദിലൂടെ നേടിയെടുക്കാമെന്നും അദ്ദേഹം പറയുന്നു. തന്റെ ഇത്തരം ജിഹാദ് വിളികളും ആഹ്വാനങ്ങളും ആജ്ഞകളും നിയമവിരുദ്ധമായി അദ്ദേഹം നടത്തുന്ന എഫ്.എം. റേഡിയോവിലൂടെ നിത്യേന പ്രക്ഷേപണം ചെയ്തുവരുന്നു.

പാക് തലസ്ഥാനമായ ഇസ്ലാമാബാദിൽ നിന്നും ഏകദേശം നൂറ് കിലോമീറ്റർ മാത്രം അകലെയാണ് താലിബാനികളുടെ വിഹാരരംഗമായ സ്വാത്ത് താഴ്‌വര. കൈയെത്താവുന്ന ദൂരത്ത് കിടക്കുന്ന ഇസ്ലാമാബാദ് താലിബാൻ കൈയ്യടക്കുകയാണെങ്കിൽ ഇന്ത്യയടക്കം ലോകത്തിന് അത് ഉറക്കമില്ലാത്ത രാവുകളായിരിക്കും സമ്മാനിക്കുക. പാക്കിസ്ഥാനിലെ തന്നെ വലിയൊരു വിഭാഗം ജനങ്ങളും താലിബാൻ പാകിസ്താനെ അടുത്തു തന്നെ വിഴുങ്ങുമോ എന്ന ഭീതിയിലാണ്. കാരണം ലോകത്ത് ന്യൂക്ലിയർ ആയുധങ്ങളുള്ള അഞ്ച് രാജ്യങ്ങളിലൊന്നാണ് പാകിസ്താൻ. ഇത്തരം ക്രിമിനൽ വാസനയുള്ള മതനേതാക്കന്മാർ പാക്കിസ്ഥാൻ ഭരണം കൈയ്യാളുകയാണെങ്കിൽ ഈ മാരകായുധം എങ്ങനെ കൈകാര്യം ചെയ്യും എന്നതിനെക്കുറിച്ച് ആർക്കും ഒന്നും പ്രവചിക്കാൻ സാധ്യമല്ല. ലക്കും ലഗാനുമില്ലാത്ത മതഭ്രാന്തന്മാരായ മുല്ലമാർക്ക് രക്തദാഹമല്ലാതെ വിവേകബുദ്ധിയില്ല എന്ന് ഇതിനകം തെളിയിക്കപ്പെട്ടതാണ്. മനുഷ്യവംശത്തിന്റെ തന്നെ ഭാവിയെ ബാധിക്കുന്ന അതീവ ഗൗരവമായ ഒരു അന്തർദ്ദേശീയ പ്രശ്നമായി പാകിസ്താനിലെ മുല്ലായിസം വളരുകയാണ്.

ഇത്തരം ന്യൂക്ലിയർ ഭീതിലോകം മുഴുവൻ പരത്തി പാകിസ്താന്റെ കൈയ്യിൽ നിന്നും ഏറ്റുമുട്ടലില്ലാതെ ന്യൂക്ലിയർ ബോംബുകൾ കവർന്നെടുക്കാനുള്ള ഒരു ഇസ്രായേൽ അമേരിക്കൻ ഗൂഢപദ്ധതിയാണ് ഈ താലിബാൻ വത്ക്കരണത്തിന് പിന്നിലുള്ളതെന്ന് സംശയിക്കുന്നവരുമുണ്ട്.പാകിസ്താനിൽ അതിശീഘ്രം ആളിപടരുന്ന താലീബാനിസം ജൂത-അമേരിക്കൻ ഗൂഢപദ്ധതികൾ നടപ്പാക്കാനുള്ള രംഗവേദിയായി മാറുന്നു എന്നതാണ് ഈ അഭിപ്രായക്കാരുടെ ഊഹത്തിനു നിദാനം.

പാകിസ്താൻ സ്ഥാപകൻ ഖായിദെ അഅ്സം ജിന്നയുടെ സ്വപ്നങ്ങളാണ് ഇവിടെ മരിക്കുന്നത്, എല്ലാ പൗരന്മാർക്കും ഒരുപോലെ മതം ആചരിക്കാനും പ്രചരിപ്പിക്കാനും ഇഷ്ടമില്ലെങ്കിൽ വിശ്വസിച്ച മതത്തിൽ നിന്നു വിട്ടുപോകാനുമുള്ള സ്വാതന്ത്ര്യമടങ്ങിയ മതസ്വാതന്ത്ര്യം വിഭാവനം ചെയ്ത മുഹമ്മദലി ജിന്നയിൽ നിന്നും താലിബാനിൽ എത്തിനിൽക്കുന്ന പാകിസ്താൻ ലോകത്തെ ഏറ്റവും ഭീകരമായ ഒരു ദേശമായി മാറിക്കൊണ്ടിരിക്കുകയാണ്.

അഹ്‌മദികളോട് പാകിസ്ഥാൻ ഭരണകൂടവും ജിഹാദികളും ചെയ്യുന്ന അക്രമപരമ്പരകളുടെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഡോക്ടർ ദമ്പതിമാരുടെ ദാരു

***(ശേഷം 42-ൽ)***

വാർത്തകൾ

# സി. ഷമീം സാഹിബ് നോർത്ത് ഇലാക്കാ ഖായിദ്



സി. ഷമീം



ജലീൽ അഹ്മദ്

കോഴിക്കോട്: ഖുദ്ദാമുൽ അഹ്മദിയ്യാ (അഹ്മദിയ്യാ യുവജനവിഭാഗം) വടക്കൻ മേഖലാ (കേരളം) ഖായിദ് ആയി സി. ഷമീം സാഹിബിനെ നിയമിച്ചതായി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭാരത് സദർ (ഖാദിയാൻ) അറിയിച്ചു.

കോഴിക്കോട് ജമാഅത്തിലെ പരേതനായ എം. അബ്ദുറഹിം സാഹിബിന്റേയും ഹലീമാ സാഹിബയുടെയും പുത്രനാണ്. ഭാര്യ സമിയ്യാ സുൽത്താന – മകൾ സൈമാ നുദ്റത്ത്.

**മറ്റു ഭാരവാഹികൾ:** നായിബ് ഖായിദ് – എം. ജലീൽ അഹ്മദ് സാഹിബ് (മാത്തോട്ടം), മുഅ്തമിദ് എ.കെ. സബാഹ് (പത്തപിരിയം), അഡീഷനൽ മുഅ്തമിദ് റമീസ് റിസ്‌വാൻ സാഹിബ് (കോഴിക്കോട്) നാസിം തജ്നീദ് മൻസൂർ സാഹിബ് (പള്ളിപ്പുറം), നായിബ് നാസിം തജ്നീദ് കെ.എ. മൻസൂർ സാഹിബ് (കോഴിക്കോട്) നാസിം ഇശാഅത്ത് – മുദസ്സിർ അഹ്മദ് സാഹിബ് (കോഴിക്കോട്) നായിബ് നാസിം (ഇശാഅത്ത് – സക്കരിയ്യാ സാഹിബ് (കോഴിക്കോട്) നാസിം മാൽ – മുദസ്സിർ അഹ്മദ് സാഹിബ് (കോഴിക്കോട്) നായിബ് നാസിം മാൽ എം.പി. ത്വാഹിർ സാഹിബ് (കോഴിക്കോട്) നാസിം തബ്‌ലീഗ് – എം. കെ. മുസഫർ സാഹിബ് (മണ്ണാർക്കാട്) നായിബ് നാസിം തബ്‌ലീഗ് – ഫാറൂക്ക് സാഹിബ് (പാലക്കാട്) നാസിം തഅ്‌ലിം – ഷംസീർ സാഹിബ് (കൂടാളി) നായിബ് നാസിം തഅ്‌ലീം – ഷാനിർ സാഹിബ് (കൂടാളി) നാസിം ഖിദ്മത്തെ ഖൽഖ് – റഹിം സാഹിബ് (പഴയങ്ങാടി), നാസിം അത്ഫാൻ അബ്ദുൽ ഖനി സിദ്ദീഖ് സാഹിബ് (കരുളായി) നാസിം ഉമൂമി – ഉമൈർ അബ്ദുല്ലാ (മോഗ്രാൽ) നാസിം തഹ്‌രീക്കെ ജദീദ് – (ജംനാസ് സാഹിബ് (മാത്തോട്ടം) നാസിം വക്കാറെ അമൽ – അബ്ദുസ്സലാം സാഹിബ് (കോഴിക്കോട്), നായിബ് നാസിം വക്കാറെ അമൽ എസ്. ഗുലാം സാഹിബ് (കാവശ്ശേരി), നാസിം സനത് ഓ തിജാറത്ത് – സക്കീർ ഹുസൈൻ സാഹിബ് (കൊടുവായൂർ) നാസിം സെനത് എ ജിസ്മാനി – എം.കെ. മഖ്ബൂൽ സാഹിബ് (മണ്ണാർക്കാട്) നാസിം മുഹാസിബ് – എസ്.വി. അശ്റഫ് സാഹിബ് (കോഴിക്കോട്) നാസിം തർബിയ്യത്ത് നൗ മുബായീൻ ത്വാഹാ സാഹിബ് (മഞ്ചേരി), നാസിം ഉമൂറെ തുലബാ കെ. ഇബ്റാഹീം സാഹിബ് (മാത്തോട്ടം) നായിബ് നാസിം ഉമ്മൂറെ തുലബാ – കെ.എസ്. അഷറഫ് സാഹിബ് (മാത്തോട്ടം).

**ജില്ലാ ഖായിദുമാർ**

കണ്ണൂർ – ആശിഖ് സാഹിബ് (കടലായി) കോഴിക്കോട് – ഐ.കെ. മുസഫർ അഹ്മദ് സാഹിബ് (കോഴിക്കോട്) മലപ്പുറം – മുഷ്താഖ് സാഹിബ് (കരുളായി) പാലക്കാട് ഉണ്ണീൻ സാഹിബ് (മുറിയക്കണ്ണി) ●

# ഡോക്ടർ ദമ്പതിമാർ ശഹീദാക്കപ്പെട്ടു

മുൽത്താൻ (പാകിസ്താൻ): പാകിസ്താനിൽ അഹ്മദി ഡോക്ടർമാരായ ഡോ. ശിറാസ് സാഹിബും (57) അവരുടെ പത്നി ഡോ: നൗറീൻ ശിറാസ് സാഹിബ (28) യെയും മാർച്ച് 14ന് അതിദാരുണമായി തങ്ങളുടെ വസതിയിൽ വെച്ചു കൊല്ലപ്പെടുകയുണ്ടായി. അഹ്മദി ഡോക്ടർമാരെ ശഹീദാക്കിക്കൊണ്ട് മുല്ലായിസം നടത്തുന്ന നരവേട്ടയിൽ ഇതിനകം 17 ഓളം അഹ്മദീ ഡോക്ടർമാർ ബലിദാനികളായി. മുൽത്താനിൽ പാവപ്പെട്ട രോഗികളെ നിസ്വാർത്ഥമായ രീതിയിൽ ചികിത്സിച്ചു വരികയും അവരുടെ വേദനയും ദുഃഖങ്ങളും അകറ്റാൻ അഹോരാത്രം പാടുപെടുകയും ചെയ്ത ഈ ഡോക്ടർ ദമ്പതികളെയാണ് മൃഗത്തെപോലും ലജ്ജിപ്പിക്കുന്ന രീതിയിൽ പാകിസ്താനിലെ പൈശാചികമായ മുല്ലായിസം വകവരുത്തിയത്.

ഡോ. നൗറീൻ സാഹിബ കൊല്ലപ്പെടുമ്പോൾ ഗർഭിണിയായിരുന്നു. കാലുംകൈയ്യും ബന്ധിച്ച് വായയിൽ തുണിതിരുകിയാണ് കൊലപ്പെടുത്തിയത്. ഡോ. ശിറാസ് സാഹിബിന്റെ ജീവനറ്റ ശരീരം ഫാനിൽ കെട്ടിതൂക്കിയ നിലയിലാണ് കണ്ടെത്തിയത്. തൊട്ടടുത്ത മുറിയിൽ ഗർഭിണിയായ ഭാര്യയുടെ മൃതദേഹവും കാണപ്പെട്ടു. ആസൂത്രിതമായി നടത്തിയ ഈ നിഷ്ഠൂരവധം അഹ്മദീയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അപലപിക്കുകയും - ശഹീദാക്കപ്പെട്ട ആ പരിശുദ്ധ ദമ്പതികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെ യ്തു.

മുല്ലായിസത്തിന്റെ താലിബാന്റെയും സാന്നിദ്ധ്യം വർദ്ധിക്കുന്നതനുസരിച്ച് കൊലപാതകങ്ങളും സ്ഫോടനങ്ങളും നിത്യസംഭവങ്ങളായി മാറിയ പാകിസ്താനിൽ അഹ്മദികൾ തീർത്തും അരക്ഷിതാവസ്ഥയിലാണ്. നിരപരാധികളെ കൊന്നൊടുക്കുന്നതിൽ ആഹ്ലാദം കൊള്ളുന്ന മുല്ലായിസത്തിന്റെ ക്രൂരരായ പണ്ഡിതന്മാർക്കു മീതെ അല്ലാഹുവിന്റെ കോപം ആസന്നമാണെന്ന് ഖലീഫത്തുൽ മസീഹ് പറയുകയുണ്ടായി. ●

---

*(40-ൽ നിന്ന് തുടർച്ച)*

ണമായ കൊലപാതകം ഇത് സംബന്ധിച്ച് അഹ്മദി ഖലീഫയുടെ ഖുത്ബയിൽ പറഞ്ഞ താക്കീത് സത്യാന്വേഷികളുടെ ഹൃദയത്തിലുണ്ടായിരിക്കട്ടെ. ഒരുകാലത്ത് അഹ്മദിയത്ത് ഇസ്‌ലാമിലെ അർബുദമെന്ന് പറഞ്ഞ് പാകിസ്താന്റെ സിംഹാസനത്തിലിരുന്ന് മതരാഷ്ട്രമൗലികവാദികളായ പല ഫിർഔൻമാറും ഗർജിച്ചിരുന്നു. അഹ്മദിയ്യത്തിനെ അർബുദമെന്ന് വിശേഷിപ്പിച്ച മുല്ലായിസത്തെ ഇന്ന് പാകിസ്താനിലെ വിവേകമതികളും ലോകം മുഴുവനും 'പാകിസ്താന്റെ അർബുദം' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. പാകിസ്താനെ പിടികൂടിയിരിക്കുന്ന ഈ അർബുദം പാകിസ്താനെ തന്നെ നശിപ്പിച്ചുകളയുമോ? നമുക്ക് കാത്തിരുന്നു കാണാം. ●




***2009 മാർച്ച് 5ന് വെളിപാട്, യുക്തി, ജ്ഞാനം, സത്യം എന്ന പുസ്തകത്തെ ആസ്പദമാക്കി കരുനാഗപള്ളിയിൽ നടന്ന സെമിനാറിൽ ശ്രീ. ഉമയനല്ലൂർ കുഞ്ഞികൃഷ്ണപിള്ള സംസാരിക്കുന്നു. ഏ.എം. മുഹമ്മദ് സലീം സാഹിബ്. പ്രൊഫ. ബി. അബ്ദുൽ ജലീൽ സാഹിബ് (അമീർ, തിരുവനന്തപുരം മേഖല) അബ്ദുൾ വഹാബ് സാഹിബ് (അമീർ, കരുനാഗപള്ളി) എന്നിവർ സമീപം.***



***2009 മാർച്ച് 14ന് വെളിപാട്, യുക്തി, ജ്ഞാനം, സത്യം എന്ന പുസ്തകത്തെ ആസ്പദമാക്കി പത്തനാപുരം നടന്ന സെമിനാറിൽ ശ്രീ. ഉമയനല്ലൂർ കുഞ്ഞികൃഷ്ണപിള്ള സംസാരിക്കുന്നു. ഏ.എം. മുഹമ്മദ് സലീം സാഹിബ്. മുഹമ്മദ് സലിം സാഹിബ് (പ്രസി. മാത്ര ജമാഅത്ത്) പ്രസാദ് (മാധ്യമപ്രവർത്തകൻ), ഉമന്നൂർ രാധാകൃഷ്ണൻ (കവി) എന്നിവർ സമീപം.***

## അനുസ്മരണം



### എ.കെ. മുഹമ്മദ് കോയ

കോഴിക്കോട് : 2009 മാർച്ച് 7-ന് ശനിയാഴ്ച മാത്തോട്ടം (കോഴിക്കോട്) ജമാഅത്തിലെ എ.കെ. മുഹമ്മദ് കോയ സാഹിബ് (76) നിര്യാതനായി. ഇന്നാലില്ലാഹി.............

ഭാര്യമാർ : സി.ജി. ആമിനാബി (പരേത), ബീക്കുട്ടി.

മക്കൾ : സി.ജി. ബഷീറുദ്ദീൻ, അബ്ദുൽ ഖയ്യൂം, അബ്ദുൽ കരീം, അബ്ദുസ്സലാം, അബ്ദുറഹിമാൻ കോയ, എ.കെ. അമീറലി. മരുമക്കൾ: എസ്. വി. മുനീറ, ടി. സാജിദ, കെ.എ. മുബാറക്കാബി, ബി. സറീന, പി.പി. റൂബിയ. അല്ലാഹു പരേതന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ●

# ജൽസാ സാലാന 2008

**(അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദേശീയ സമ്മേളനം)**

**2009 മേയ് 25, 26, 27 തിയ്യതികളിൽ**

# ഖാദിയാനിൽ

# (പഞ്ചാബ്)

**ഖിലാഫത്ത് ജൂബിലി വർഷത്തിൽ**

**നടക്കുന്ന ഈ മഹാ സമ്മേളനത്തിൽ**

**വിശ്വപ്രസിദ്ധരായ നിരവധി പണ്ഡിതന്മാർ**

**സംബന്ധിക്കുന്നു**